T61
R14

# ളചരിതം

## മൂന്നാം ദിവസത്തെ കഥ

T61
R14

വ്യാഖ്യാതാവ്:
സുദേവൻ മൂസ്സത്

# നളചരിതം

## മൂന്നാം ദിവസത്തെ കഥ

DEFINITORY L.O.C.D. No. 3231 LIBRARY. CANCELLED

വ്യാഖ്യാതാവ്:

കെ. വാസുദേവൻ മൂസ്സത്

T61
R14

DHARMARAM COLLEGE LIBRARY, BANGALORE. 4220

തൃശ്ശിവപേരൂർ
വി. സുന്ദരയ്യർ ആൻറ് സൺസ്.
1122.

വില 1_4_0.

# കഥാസംഗ്രഹം

പുഷ്കരനോടു ചൂതുപൊരുതി തോററു് നാടും നഗരവും വെടിഞ്ഞു് ദമയന്തിയോടുകൂടി പോയ നളൻ കലിബാധയാൽ കലുഷിതനായി ദമയന്തിയെ ഉപേക്ഷിച്ചു. അതിന്നു ശേഷമുള്ള ദമയന്തീനളന്മാരുടെ കഥയാണു് മൂന്നാം ദിവസത്തെ "നളചരിതം ആട്ടക്കഥ"യിൽ വിവരിക്കുന്നതു്.

ദമയന്തി ദൈവവശാൽ പിതാവായ ഭീമരാജാവിന്റെ പുരിയിൽ ചെന്നു വിരഹദുഃഖം അനുഭവിച്ചുകൊണ്ടു ദിവസങ്ങൾ നയിച്ചു. നളനാകട്ടെ നാട്ടിൽ പോകുവാൻ ലജ്ജിച്ചു കാട്ടിൽ താമസമാക്കുകയും ചെയ്തു. കാട്ടിൽ അദ്ദേഹം ദേവന്മാരെത്തന്നെ ശരണം പ്രാപിക്കുകയും കാടു നാടും നാടു കാടുമാണെന്നു് ദൃഢമായി സങ്കല്പിച്ചു മനസ്സിനെ ഉറപ്പിക്കുകയും ചെയ്തുവെങ്കിലും, വിചാരമഗ്നനായി കാട്ടിൽ അങ്ങുമിങ്ങും അലഞ്ഞുതിരിഞ്ഞു് തീരെ സ്വൈരമില്ലാത്ത ഒരു ജീവിതമാണു് നയിച്ചതു്. അങ്ങനെ കാട്ടിൽ ഉഴലുന്നതിന്നിടയിൽ, കാട്ടുതീയ്യിന്റെ നടുവിൽനിന്നു് "അല്ലയോ ഭൈമീപതിയായ നൈഷധ! കാട്ടുതീയ്യിൽ പതിച്ചു കഷ്ടപ്പെടുന്ന എന്നെ രക്ഷിക്കേണേ" എന്നൊരു വചനം കേട്ടു. ഉടനെ അദ്ദേഹം "പേടിക്കേണ്ട; ഞാൻ വന്നു് രക്ഷപ്പെടുത്താം" എന്നു പറഞ്ഞു് ആ അഭയാർത്ഥിയെ പിടിച്ചു ദാവാഗ്നിയിൽനിന്നും മോചിപ്പിച്ചു. നളനെ വിളിച്ചു് രക്ഷയാചിച്ച അവൻ നാഗനാഥനായ കാർക്കോടകനായിരുന്നു. നളൻ തന്നെ കാട്ടുതീയ്യിൽനിന്നു് എടുത്തുകൊണ്ടു പോകുമ്പോൾ ഓരോ പദവും "ഏകം ദ്വേ ത്രീണി" എന്നിങ്ങനെ എണ്ണിക്കൊണ്ടു വെയ്ക്കുവാൻ കാർക്കോടകൻ പറയുകയും അങ്ങിനെ എണ്ണിയെണ്ണി "ദശ" (പത്തു്) എന്നു എണ്ണിയപ്പോൾ നാഗേന്ദ്രൻ നളനെ കടിക്കുകയും ചെയ്തു. "ദശ" എന്നതു് സംഖ്യാശബ്ദമാ

യും ക്രിയാപദമായും എടുക്കാം. ക്രിയാപദമാകുമ്പോൾ “കടിച്ചാലും” എന്നാണല്ലോ അതിന്നർത്ഥം. ഉത്തമനാഗങ്ങൾ ദ്രോഹബുദ്ധിയോടുകൂടി ആരേയും കടിക്കുകയില്ല; തന്നെ കടിച്ചുകൊൾവാൻ ആരും ഒരു നാഗത്തോടു പറയുകയുമില്ല. ഈ സ്ഥിതിക്കു് ഉത്തമനാഗത്തിന്റെ ധർമ്മത്തെ പാലിക്കുന്നതിന്നും ആപത്തിൽ പെട്ട നളനെ സഹായിക്കുന്നതിന്നും വേണ്ടിയാണു് കാർക്കോടകൻ ഈ സൂത്രം പ്രയോഗിച്ചതു്. താൻ ഒരു മുനിയുടെ ശാപത്താൽ വനവഹ്നിയിൽ പതിച്ചുപോയെന്നും, നളൻ അതിൽനിന്നു രക്ഷിക്കുമെന്നു് മുനി ശാപമോക്ഷം തന്നുവെന്നും, നളന്റെ ഉള്ളിൽ പാർക്കുന്ന കലി തന്റെ വിഷശക്തികൊണ്ടു വിട്ടുപോകുമെന്നും, നളനെ ആരും കണ്ടാലറിയാതിരിക്കുന്നതിന്നു വിഷബാധയാലുണ്ടാകുന്ന വികാരം ഉപകരിക്കുമെന്നും, കലി വേർപെട്ടതിന്നുശേഷം പൂർവ്വരൂപം ധരിക്കുന്നതിന്നു് ഈ വസ്ത്രം ഉടുത്താൽ മതി എന്നും പറഞ്ഞു് കാർക്കോടകൻ നളന്നു് ഒരു വസ്ത്രം കൊടുക്കുകയും, നളൻ അതു വാങ്ങി വണങ്ങി നാഗരാജനോടു കൃതജ്ഞത പറയുകയും ചെയ്തു. “ബാഹുകൻ എന്ന പേർ ധരിച്ചു് അയോദ്ധ്യാരാജാവായ ഋതുപർണ്ണനെ സേവിച്ചുകൊണ്ടു താമസിച്ചാൽ അങ്ങക്കു് ദമയന്തീസമാഗമത്തിന്നും രാജ്യലാഭത്തിന്നും യോഗമുണ്ടാകും. ഋതുപർണ്ണനിൽനിന്നു് അക്ഷഹൃദയവിദ്യ അങ്ങക്കു ലഭിക്കും. അതു ലഭിക്കുന്നതോടുകൂടി കലി ഒഴിയുകയും ചെയ്യും” എന്നുപറഞ്ഞു കാർക്കോടകൻ നളനുമായി പിരിഞ്ഞു.

അനന്തരം നളൻ ബാഹുകൻ എന്ന പേരോടുകൂടി അയോദ്ധ്യാപുരിയിൽ ചെന്നു് ഋതുപർണ്ണന്റെ സേവകനായി കൂടി. ഋതുപർണ്ണന്റെ കീർത്തി കേട്ടിട്ടു താൻ ശരണാർത്ഥിയായി വന്നതാണെന്നും തനിക്കു സൂതകൃത്യവും സൂദകൃത്യവും ചെയ്വാൻ നല്ലപോലെ അറിയുമെന്നും ബാഹുകൻ പറഞ്ഞപ്രകാരം ഋതുപർണ്ണൻ അദ്ദേഹത്തെ പ്രധാന സൂദനാ

യും, സൂതന്മാരായ ജീവലവാർഷ്ണേയന്മാരുടെ കൂടെ തന്റെ ഒരു സൂതനായും നിയോഗിക്കുകയും ചെയ്തു. കുതിരവിചാരിപ്പുകാരനും മടപ്പള്ളിക്കാരനും ആയി ഋതുപർണ്ണന്റെ പ്രീതിഭാജനമായിത്തീൎന്ന ബാഹുകൻ, ജീവലനും വാർഷ്ണേയനും വസിക്കുന്ന ഗൃഹത്തിൽത്തന്നെ പാൎപ്പുറപ്പിച്ചു.

ബാഹുകൻ ഋതുപർണ്ണനെ സേവിച്ചുകൊണ്ട് താമസിക്കുന്ന കാലത്തു താൻ വനത്തിൽവെച്ചു വേർപെട്ടു പോന്നതിന്നു ശേഷം ദമയന്തിയുടെ അവസ്ഥ എന്തായിരുന്നിരിക്കും എന്നു ഉൽക്കണ്ഠയോടുകൂടി സൂചിപ്പിച്ചുകൊണ്ട്, ഒരു കാമുകൻ വിരഹിണിയായ തന്റെ കാന്തയെക്കുറിച്ചു പറയുന്നതെന്ന നിലയിൽ ഒരു പാട്ടു പാടുക പതിവായിത്തീൎന്നു. തന്റെ മനസ്സിലുള്ള വിരഹവ്യഥയെ ഒതുക്കുവാൻ ശക്തിയില്ലാതെ ഇപ്രകാരം പാട്ടുപാടുന്ന ബാഹുകനോട് ഒരുദിവസം ജീവലൻ "അങ്ങയുടെ മനസ്സിനെ ചഞ്ചലമാക്കിത്തീൎക്കുന്ന സ്ത്രീ ഏതാണ്?" എന്നു ചോദിച്ചു. അതിന്നു ബാഹുകൻ "ഒരു പുരുഷനും അയാളുടെ തരുണിയുംകൂടി മനസ്സിണങ്ങി സുഖമായി താമസിക്കുന്ന കാലത്തു ദൈവപ്രാതികൂല്യത്താൽ ആ പുരുഷൻ അവളെ ഉപേക്ഷിച്ചുപോയി. അതിന്നുശേഷം തന്റെ ആ കഠിനകൎമ്മത്തെക്കുറിച്ച് അയാൾ അനുതപിച്ചുകൊണ്ടു് പാടുന്ന ഒരു ഗാനമാണിതു്. ഇതു കേവലം കാല്പനികമാകുന്നു; അല്ലാതെ പ്രത്യേകം ഒരാളെ ഉദ്ദേശിച്ചുള്ളതല്ല" എന്നാണ് മറുപടി പറഞ്ഞതു്. ഇങ്ങനെ ബാഹുകൻ അയോദ്ധ്യാപുരിയിൽ ദിവസങ്ങളെ കഴിച്ചുകൂട്ടി.

അക്കാലത്തു വിദർഭരാജധാനിയിൽ ദമയന്തീപിതാവായ ഭീമരാജാവ് ദമയന്തിയുടെ ദുഃഖം കണ്ടു പരിതപിച്ച് നളനെ തിരയുവാൻ നാനാപ്രദേശങ്ങളിലേക്കും ദൂതന്മാരെ നിയോഗിച്ചയച്ചു. അവരോടു ദമയന്തി എല്ലാ രാജാക്കന്മാരുടേയും സഭകളിൽ ചെന്നു് "എന്റെ വസ്ത്രം മുറിച്ച് എങ്ങോട്ടാണ് അങ്ങു പോയതു്? അങ്ങയുടെ വിവരമറിയാഞ്ഞിട്ടു്

എനിക്കു തീരെ സുഖമില്ല." എന്നുള്ള വാക്യങ്ങൾ പറയണമെന്നും, അതു കേട്ടിട്ടു് ആരെങ്കിലും മറുപടി പറഞ്ഞുവെങ്കിൽ അതു തന്നെ വന്നു് അറിയിക്കണമെന്നും പ്രത്യേകം നിയോഗിച്ചു. അപ്രകാരം ഭൈമിയുടെ ഗൂഢസന്ദേശത്തോടുകൂടി നളനെ തിരയുവാൻ പോയ ദൂതന്മാരിൽ ഒരുവനായ പർണ്ണാദൻ ഋതുപർണ്ണരാജാവിൻെറ സഭയിൽ ചെന്നു് ദമയന്തി പറഞ്ഞപ്രകാരമുള്ള വാക്യങ്ങൾ പറകയും, അതു കേട്ടപ്പോൾ ബാഹുകൻ "നിയമനിഷ്ഠയും ചാരിത്രശുദ്ധിയുമുള്ള കുലനാരിമാർ അവരുടെ പാതിവ്രത്യശക്തികൊണ്ടുതന്നെ എവിടെയും രക്ഷ പ്രാപിക്കും" എന്നിങ്ങിനെ ഉത്തരം പറകയും ചെയ്തു. ഇതു കേട്ടപ്പോൾ ബുദ്ധിമാനായ പർണ്ണാദൻ താനേററുപോന്ന കാൎയ്യം സാധിച്ചുവെന്നുകരുതി നേരെ വിദൎഭരാജധാനിയിലേക്കു തിരിച്ചുപോയി മേൽപ്പറഞ്ഞ വിവരം ദമയന്തിയെ അറിയിച്ചു. തൻെറ വാക്കിന്നു മറുപടിപറഞ്ഞ പുരുഷൻ വേഷാന്തരം സ്വീകരിച്ച നളനല്ലാതെ മററാരുമായിരിക്കയില്ലെന്നു തീൎച്ചയാക്കി ദമയന്തി തൻെറ മാതാവിനോടു് "അമ്മേ! എൻെറ ഭൎത്താവു് അയോദ്ധ്യാപുരിയിൽ വസിക്കുന്നുണ്ടു്. അദ്ദേഹത്തെ സാമോപായംകൊണ്ടു് സമാധാനിപ്പിച്ചു് ഇങ്ങോട്ടുവരുത്തുവാൻ ശ്രമിക്കണം" എന്നപേക്ഷിച്ചു. ഭൎത്താവിനെ തിരയുവാൻ അച്ഛൻ നിയോഗിച്ചയച്ചിരുന്ന ദൂതന്മാരിൽ ഒരാളായ പർണ്ണാദൻെറ വാക്കിൽനിന്നാണു് ഭൎത്തൃവൃത്താന്തം തനിക്കു മനസ്സിലായതെന്നും ദമയന്തി അമ്മയെ അറിയിച്ചു. അമ്മയുടെ അനുവാദത്തോടുകൂടിയും അച്ഛനെ അറിയിക്കാതെയും നളൻെറ അടുക്കലേക്കു് ഉപായത്തിൽ ഒരാളെ അയപ്പാൻ ദമയന്തി തീരുമാനിച്ചു. സുദേവൻ എന്ന ബ്രാഹ്മണനെയാണു് ഈ കൃത്യം നിൎവ്വഹിപ്പാൻ തിരഞ്ഞെടുത്തതു്. ആ ബ്രാഹ്മണോത്തമനോടു് ദമയന്തി ഇങ്ങനെ പറഞ്ഞു:— "അല്ലയോ വിപ്രസത്തമ, മുമ്പു അച്ഛൻെറ നിർദ്ദേശത്താൽ പല ദിക്കുകളി

ലും അലഞ്ഞുതിരിഞ്ഞു ചേദിരാജധാനിയിൽവെച്ചു എന്നെ കണ്ടെത്തി ഇങ്ങോട്ടു കൊണ്ടുവന്നതു് അങ്ങാണല്ലോ. അതുപോലെ എനിക്കുവേണ്ടി അങ്ങു ഒരിക്കൽകൂടി കുറച്ചു ക്ലേശമനുഭവിക്കണം. അയോദ്ധ്യാപുരിയിലോളം പോയി ഋതുപർണ്ണരാജാവിനോടു് ഭർത്താവിനെക്കുറിച്ചു നിരാശയായിത്തീർന്ന എനിക്കു രണ്ടാംസ്വയംവരം നിശ്ചയിച്ചിട്ടുണ്ടെന്നും സ്വയംവരമുഹൂർത്തം നാളെയാണെന്നും പറയണം." ദമയന്തിയുടെ ഈ നിയോഗത്തെ ശിരസാ വഹിച്ചുകൊണ്ടു് സുദേവൻ സാകേതപുരിയിൽ ചെല്ലുകയും, വിവരം ഋതുപർണ്ണനെ അറിയിക്കുകയും ചെയ്തു.

ഋതുപർണ്ണൻ പണ്ടു ദമയന്തിയുടെ സ്വയംവരത്തിൽ സംബന്ധിച്ചിട്ടുണ്ടായിരുന്നു. അന്നു കന്യക നളനെ വരിച്ചതുനിമിത്തം അദ്ദേഹം ഭൈമിയുടെ പേരിലുള്ള അനുരാഗത്തെ ഉള്ളിലൊതുക്കുകയാണു് ചെയ്തതു്. ഇപ്പോൾ അവൾ കാട്ടിൽവെച്ചു തന്നെ വെടിഞ്ഞ നളനോടു് കുപിതയായിട്ടു് രണ്ടാംസ്വയംവരത്തിന്നു ഭാവിക്കുന്നുണ്ടെന്നു കേട്ടപ്പോൾ വീണ്ടും അദ്ദേഹം ഭൈമീകാമുകനായി ചമഞ്ഞു. അയോദ്ധ്യാപുരിയിൽനിന്നു കുണ്ഡിനപുരിയിൽ എത്തുവാൻ വഴി വളരെയുണ്ടു്. സ്വയംവരമുഹൂർത്തമാണെങ്കിൽ അടുത്ത ദിവസം തന്നെയാണുതാനും. ഈ സ്ഥിതിക്കു സുദീർഘമായ മാർഗ്ഗം പിന്നിട്ടു് കുണ്ഡിനത്തിലെത്തിച്ചേരുവാൻ സാധിക്കുമോ എന്നു് അദ്ദേഹം ബാഹുകനുമായി ആലോചിച്ചു. "നാളെ സൂര്യോദയത്തിനുമുമ്പു കുണ്ഡിനപുരിയിൽ എത്തിക്കാമെങ്കിൽ സ്വയംവരത്തിന്നു പുറപ്പെടുവാൻതന്നെ ഞാനുറച്ചു" എന്നു് ബാഹുകനോടു് പറഞ്ഞേല്പിക്കുകയും ചെയ്തു.

ദമയന്തിയുടെ രണ്ടാംസ്വയംവരവാർത്ത നളന്നു വിശ്വസിപ്പാൻ പ്രയാസമായിത്തീർന്നു. അതു ശുദ്ധമേ ഭോഷ്കാണെന്നും ദമയന്തി പ്രയോഗിച്ച ഒരു മായയാണതെന്നും ആയി നളന്റെ വിചാരം. എന്നിരുന്നാലും ആ കഠിനവൃത്താ

ന്തം അദ്ദേഹത്തിന്റെ മനസ്സിൽ അവാച്യമായ ഒരു വേദനയുളവാക്കി. അതൊന്നും പുറത്തു ഭാവിക്കാതെ ഋതുപർണ്ണനോടു കുണ്ഡിനത്തിലേക്കു പുറപ്പെടാമെന്നും ഉദ്ദിഷ്ടസമയത്തിന്നുള്ളിൽ തീർച്ചയായും എത്തിച്ചുകൊള്ളാമെന്നും ബാഹുകൻ പറഞ്ഞു. അവർ രണ്ടുപേരും വാർഷ്ണേയനും കൂടി ഉടനെ തേരിൽക്കയറി യാത്ര പുറപ്പെടുകയും ചെയ്തു.

ബാഹുകൻ കുതിരകളെ തെളിക്കുമ്പോൾ അസാധാരണമായി കാണപ്പെട്ട രഥവേഗത്താൽ വാർഷ്ണേയൻ അത്ഭുതപരതന്ത്രനായിച്ചമഞ്ഞു. വാർഷ്ണേയനു് ഈ തേർ തെളിക്കുന്ന ബാഹുകൻ തന്റെ സ്വാമിയായ നൈഷധൻതന്നെയാണെന്നു മനസ്സിൽ തോന്നുകയും ചെയ്തു. തേർ അതിവേഗത്തിൽ ഓടുന്നതിന്നിടയിൽ ഋതുപർണ്ണന്റെ ഉത്തരീയം വീണുപോവുകയാൽ രഥം കുറച്ചൊന്നു നിൎത്തി അതെടുത്തുകൊണ്ടുവരുവിക്കണമെന്നു് അദ്ദേഹം ബാഹുകനോടു് പറകയുണ്ടായി; പക്ഷെ ഉത്തരീയം വീണ സ്ഥലത്തുനിന്നു് അപ്പോഴേക്കും രഥം ബഹുദൂരം പോന്നുകഴിഞ്ഞിരിക്കയാൽ ആ ഉദ്ദേശം അസാദ്ധ്യമാണെന്നു് ബാഹുകൻ അറിയിച്ചു. ബാഹുകന്നു സ്വാധീനമായ സാരഥ്യകൌശലം കണ്ടു് വിസ്മയഭരിതനായിത്തീർന്ന ഋതുപർണ്ണൻ "ബാഹുക! അങ്ങയെപ്പോലെ എനിക്കും ഒരു വിദ്യയിൽ പ്രത്യേകമായ സാമർത്ഥ്യമുണ്ടു്. അതു് അക്ഷഹൃദയവിദ്യയിലാകുന്നു. ആ അകലത്തു കാണുന്ന താന്നിമരത്തിന്മേൽ എത്ര ഇലകളും ഫലങ്ങളുമുണ്ടെന്നു കൃത്യമായി പറയുവാൻ എനിക്കു സാധിക്കും. മൂന്നുലക്ഷവും അയ്മ്പതിനായിരവും ആണു് അവയുടെ എണ്ണം. വേണമെങ്കിൽ ചെന്നു പരിശോധിച്ചുകൊള്ളൂ" എന്നു പറഞ്ഞു. അക്ഷഹൃദയം പഠിക്കേണമെന്നുള്ള തന്റെ ആഗ്രഹം സാധിപ്പാൻ സിദ്ധിച്ച ഈ അവസരത്തെ ബാഹുകൻ വെറുതെ കളഞ്ഞില്ല. ഉടനെ ബാഹുകൻ രഥം നിർത്തി ചെന്നു പരിശോധിക്കുകയും, ഋതുപർണ്ണൻ പറഞ്ഞ കണക്കു

കൃത്യമായി ഒത്തുകാണുകയും ചെയ്തു. സന്തുഷ്ടനായ ബാഹുകൻ അത്ഭുതമായ ഈ അക്ഷഹൃദയവിദ്യ തനിക്കുപദേശിച്ചുതരേണമെന്നു് അപേക്ഷിക്കയും ഋതുപൎണ്ണൻ അതുപദേശിക്കയും ചെയ്തു. പിന്നെ ബാഹുകൻ "ഞാൻ ഈ വിദ്യ പരീക്ഷിച്ചുനോക്കട്ടെ" എന്നു പറഞ്ഞു് താന്നിയുടെ ചുവട്ടിലേക്കുപോയി. അക്ഷഹൃദയവിദ്യ സിദ്ധിച്ചപ്പോഴെക്കും മുമ്പു കാൎക്കോടകൻ ഉപദേശിച്ചപ്രകാരം, കലി നളന്റെ ദേഹത്തിൽനിന്നു് ഇറങ്ങി. ദമയന്തിയുടെ ശാപാഗ്നിയും കാൎക്കോടകന്റെ വിഷവഹ്നിയുംകൂടി എരിപൊരികൊള്ളിക്കുകയാൽ നളശരീരത്തിൽ ഇരിക്കപ്പൊറുതി ഇല്ലാതെ സങ്കടപ്പെട്ടിരുന്ന കലി അതിൽനിന്നു വേർപെട്ടപ്പോൾ നളനെ പേടിച്ചു ഓടുവാൻ തുടങ്ങി, നളൻ വാളൂരി അവന്റെ പിന്നാലെയും ഓട്ടംതുടങ്ങി. നളനും കലിയും തമ്മിൽ കുറച്ചുനേരം സംഭാഷണമുണ്ടായി. കലി താൻചെയ്ത അപരാധങ്ങൾക്കു മാപ്പുതരേണമെന്നപേക്ഷിക്കയും ആശ്രിതരക്ഷണം ക്ഷത്രിയധൎമ്മമാകയാൽ നളൻ അവനു മാപ്പുകൊടുക്കുകയും ചെയ്തു. എന്നാൽ "സദാചാരത്തിൽ വൎത്തിക്കുന്ന ഒരാളേയും മേലിൽ ഉപദ്രവിക്കുകയില്ല" എന്നൊരുറപ്പു നളൻ കലിയുടെ കയ്യിൽനിന്നു് വാങ്ങുകയുണ്ടായി.

കലി നളന്റെ കാൽ വന്ദിക്കുകയും നളൻ കലിയെ തന്റെ ചൊൽകീഴിലാക്കുകയും ചെയ്തതിന്നുശേഷം നളൻ ഋതുപൎണ്ണന്റെ അടുക്കൽതന്നെ വന്നുചേൎന്നു. കലിയും നളനും തമ്മിലുണ്ടായ കൂടിക്കാഴ്ച ഒരാളും അറിഞ്ഞതുമില്ല. അനന്തരം അതിവേഗത്തിൽ രഥം ഓടിക്കുകയും സമയം തെറ്റാതെ കുണ്ഡിനപുരിയിൽ എത്തുകയും ചെയ്തു.

# നളചരിതം

## സവ്യാഖ്യാനം

### മൂന്നാംദിവസം.

---

ശ്ലോകം ൧. [പുന്നാഗവരാളി—അടന്ത]

**നവവിരഹമയന്ത്യാം നൈഷധം ചിന്തയന്ത്യാം**
**ജനിഭുവി ദമയന്ത്യാം ജാതതാപം വസന്ത്യാം**
**വ്യസനമകലെയാവാൻ വീണിരന്നാശു ദേവാൻ**
**നളനഭജത ദാവാന്നാട്ടുപൂവാൻ ത്രപാവാൻ.**

---

ശ്ലോകം 1.

നവവിരഹം അയന്ത്യാം=പുതുതായ വിരഹത്തെ പ്രാപിച്ചിരിക്കുന്നവളായ. ദമയന്ത്യാം=ദമയന്തി. നൈഷധം ചിന്തയന്ത്യാം=നളനെ ചിന്തിച്ചുകൊണ്ടു്. ജാതതാപം (ക്രി. വി.) =വ്യസനത്തോടുകൂടി. ജനിഭുവിവസന്ത്യാം=ജനിച്ച ഗൃഹത്തിൽ വസിച്ചുകൊണ്ടിരിക്കുമ്പോൾ. നളൻ ദാവാൽ നാട്ടുപൂവാൻ ത്രപാവാൻ=നളൻ കാട്ടിൽനിന്നു നാട്ടിലേക്കു പോകുവാൻ ലജ്ജയോടുകൂടിയവനായിട്ടു്. വ്യസനം അകലെയാവാൻ ആശുവീണിരന്നു്=വ്യസനം അകലുവാൻ വേഗത്തിൽ വണങ്ങി പ്രാൎത്ഥിച്ചിട്ടു്. ദേവാൻ അഭജത=ഇന്ദ്രാദികളായ ദേവന്മാരെ ഭജിച്ചു. വേർപാടിന്നുശേഷം ദമയന്തി പിതൃഗൃഹത്തിൽ ചെന്നു താമസിക്കുന്ന കാലത്തു് നളൻ നാട്ടിലേക്കു പോകുവാൻ ലജ്ജിച്ചു കാട്ടിൽതന്നെ വസിച്ചു് ദുഃഖനിവാരണത്തിന്നു ദേവന്മാരെ പ്രാൎത്ഥിച്ചുകൊണ്ടു സേവിച്ചു എന്നു സാരം. ഇവിടെ നളൻ ദാവാൻ അഭജത (നളൻ കാടുകളെ ആശ്രയിച്ചു) എന്നു് ഒരു വ്യാഖ്യാനത്തിൽ കാ

പദം ൧. പല്ലവി

ലോകപാലന്മാരേ! ലളിതമധുരാണി
വിഫലാനി വോ വരഫലാനി കാനി?

അനുപല്ലവി

ശോകകാലം മമ വന്ന നാളെന്നിൽ
ശോഭയല്ലുദാസീനതയിദാനീം .... .... ലോക

ചരണം ൧.

ദിനമനു നിങ്ങളെ ഞാൻ ഭാവിപ്പതും,
വേർതിരിച്ചെന്നിൽ കൃപ നിങ്ങൾ ഭാവിപ്പതും,
അനുജനോടു തോറ്റുള്ളം വേവിപ്പതും
ഓർത്താലാരൊരുവൻ മേലിൽ സേവിപ്പതും? ...ലോക

---

ണന്നു. അടുത്തു പറയുന്നതു് ഇന്ദ്രാദിദേവന്മാരെ ഭജിച്ചുകൊണ്ടുള്ള പ്രാർത്ഥനയാകയാൽ ആ വ്യാഖ്യാനം ഹൃദ്യമായി തോന്നുന്നില്ല. [വൃത്തം മാലിനി. "നനമയയയുഗമെട്ടിൽ തട്ടണം മാലിനിക്കു്" എന്നു ലക്ഷണം]

പദം 1. പല്ലവി—ഹേ ലോകപാലന്മാരേ വഃ=നിങ്ങളുടെ. ലളിതമധുരാണി=ലളിതങ്ങളും മനോഹരങ്ങളുമായ. കാനിവരഫലാനി=ഏതു വരഫലങ്ങൾ. വിഫലാനി=നിഷ്ഫലങ്ങളാകുന്നു. നിങ്ങളുടെ വരങ്ങൾ നിഷ്ഫലങ്ങളാകുമോ?

അനുപല്ലവി:—ശോകകാലം മമ വന്നനാൾ=ദുഃഖകാലം എനിക്കു വന്നപ്പോൾ. ഇദാനീം=ഇപ്പോൾ. എന്നിൽ ഉദാസീനത ശോഭയല്ല=എന്നിൽ ഉപേക്ഷ കാണിക്കുന്നതു വെടുപ്പല്ല.

ചരണം 1. ദിനമനു=ദിവസംതോറും. നിങ്ങളെ ഞാൻ ഭാവിപ്പതും=നിങ്ങളെ ഞാൻ ധ്യാനിക്കുന്നതും. നിങ്ങൾ വേർതിരിച്ചു്=നിങ്ങൾ വെവ്വേറെ. എന്നിൽ കൃപ ഭാവിപ്പതും=എന്റെ പേരിൽ ദയ നടിക്കുന്നതും. അനുജനോടു തോ

ചരണം ൨.

**കരണീയം ദേവനമെന്നെനിക്കു തോന്നീ,—എന്നിൽ**
**ഭരണീയജനങ്ങൾക്കും വെറുപ്പു തോന്നീ,**
**തരുണിയെ വിട്ടു കാട്ടിലിരിപ്പുമൂന്നീ—അപരി-**
**ഹരണീയവിധിയന്ത്രത്തിരിപ്പു മൂന്നീ .... .... ലോക**

---

ററു = അനുജനായ പുഷ്കരനോടു തോല്ക്കുകയാൽ. ഉള്ളം വേവിപ്പതും=മനസ്സു തപിപ്പിക്കുന്നതും, ഓർത്താൽ=വിചാരിച്ചാൽ. ആരൊരുവൻ മേലിൽ സേവിപ്പതും=മേലാൽ ആർ നിങ്ങളെ സേവിക്കും. ഞാൻ നിങ്ങളെ ഭജിക്കയും നിങ്ങൾ ഓരോരുത്തരും എന്നിൽ കൃപനടിക്കയും ചെയ്യുന്നു. ഞാനാകട്ടെ അനുജനോടു തോററു സങ്കടപ്പെടുകയുമാണു്. ഈ സ്ഥിതിക്കു് മേലിലാരും നിങ്ങളെ സേവിക്കുകയില്ല.

ചരണം 2. കരണീയം=ചെയ്യപ്പെടേണ്ടതു്. ദേവനം=ചൂതുകളി. ചൂതുകളി ചെയ്യേണ്ടതാണെന്നു് എനിക്കു തോന്നി. ഭരണീയജനങ്ങൾക്കും=ഭരിക്കപ്പെടേണ്ട ഭൃത്യാദിജനങ്ങൾക്കും. എന്നിൽ വെറുപ്പുതോന്നി=എന്റെ പേരിൽ വെറുപ്പുണ്ടായി. തരുണിയെവിട്ടു്=ഭാര്യയെ ഉപേക്ഷിച്ചു്. കാട്ടിൽ ഇരിപ്പും ഊന്നീ=ഞാൻ കാട്ടിൽ ഇരിപ്പുമുറപ്പിച്ചു. ഈ മൂന്നു്=ചൂതു കളിക്കണമെന്നു തോന്നിയതും, ഭൃത്യാദികൾക്കു വെറുപ്പു തോന്നിയതും, ഭാര്യയെ വിട്ടു കാട്ടിൽ പാപ്പായതും എന്ന മൂന്നു കൂട്ടം. അപരിഹരണീയവിധിയന്ത്രത്തിരിപ്പു് = പരിഹരിക്കവയ്യാത്ത യന്ത്രംപോലുള്ള വിധിയുടെ തിരിപ്പാകുന്നു. കാലചക്രത്തിന്റെ തിരിപ്പുകൊണ്ടാണു് ഈ മൂന്നും സംഭവിച്ചതു്. മൂന്നു്+ഈ=മൂന്നീ—ഈ മൂന്നു് എന്നു പറയേണ്ടതിന്നു പകരം വിശേഷണവിശേഷ്യങ്ങൾ മാററിപ്പറഞ്ഞതു് പ്രാസം ഒപ്പിക്കുവാൻ വേണ്ടി ആകുന്നു. സംഗീതത്തിന്റെ ഭംഗിക്കു് ഈ പ്രാസദീക്ഷ പ്രയോജനപ്പെടുന്നതിനാൽ ഈ

ചരണം ൩.

**പ്രതിദിനം നൈഷധൻ നമസ്കുരുതേ; ഭൈമീ-**
**പതിദേവതയ്ക്കു ദുഃഖം വരുത്തരുതേ,**
**അതിസങ്കടചാപല്യമെനിക്കരുതേ, എന്നെ**
**അധീരനെന്നാരുമപഹസിരുതേ .... .... ലോക**

പ്രയോഗം ക്ലിഷ്ടമെങ്കിലും സഹൃദയഹൃദയത്തിന്ന് ഇഷ്ടമാകുന്നു. ഈ ചരണത്തിൽ ഈ മൂന്നും വിധിയന്ത്രത്തിരിപ്പിനാൽ വന്നതാണ് എന്നതിന്ന പകരം വിധിയന്ത്രത്തിരിപ്പുതന്നെയാണ് എന്ന കാര്യകാരണങ്ങളെ അഭേദം കല്പിച്ചു പറഞ്ഞിരിക്കയാൽ "ഹേത്വതിശയോക്തി" അലങ്കാരം.

ചരണം 3. പ്രതിദിനം.......................സ്കുരുതേ = ദിവസംതോറും നളൻ നമസ്കരിക്കുന്നു. ഭൈമീപതിദേവതക്ക=ദമയന്തി എന്ന പതിവ്രതക്ക. ദുഃഖം വരുത്തരുതേ=സങ്കടമുണ്ടാക്കരുതേ. അതിസങ്കട.....................ക്കരുതേ=എനിക്ക് അതിയായ സങ്കടത്തിലും ചാപല്യമുണ്ടാക്കരുതേ. എന്നെ അധീര....................ക്കരുതേ=എന്നെ ധൈര്യമില്ലാത്തവനെന്ന് ആരും പരിഹസിക്കരുതേ. ഭൈമിക്കു ദുഃഖം വരാതിരിപ്പാനും, സങ്കടാനുഭവത്തിൽ എന്റെ മനസ്സിന്ന ചാപല്യം വരാതിരിപ്പാനും, എന്നെ ജനങ്ങൾ പരിഹസിക്കാതിരിപ്പാനുമായി ലോകപാലന്മാരായ നിങ്ങളെ ഞാൻ നമസ്കരിക്കുന്ന എന്ന സാരം.

ഒന്നാം ശ്ലോകത്തിന്നും ഒന്നാം പദത്തിന്നും മദ്ധ്യത്തിൽ "ശ്രീകണ്ഠ ശ്രീപരമേശ്വര" എന്നു തുടങ്ങുന്ന നാലു ചരണങ്ങൾ ഒരു അമുദ്രിതഗ്രന്ഥത്തിൽ കണ്ടതായി ഒരു വ്യാഖ്യാതാവ് ചേർത്തുകാണുന്നു. അതു തിരശ്ശീലക്കുള്ളിൽനിന്ന പാടേണ്ട പദമാണെന്ന പറകയും ചെയ്തിരിക്കുന്നു. ശ്ലോകത്തിൽ നളൻ ലോകപാലന്മാരെ പ്രാർത്ഥിച്ചുകൊണ്ടു ഭജിച്ചു എന്നാണ്

ശ്ലോകം ൨. [കല്യാണി—ചെമ്പട.]

**സുരനാഥവരൈഃ സുഖേന ജീവൻ**
**പരമാനന്ദസുനിർവൃതോ നളോയം ।**
**ഭവനേ വനതാം വനേ ഗൃഹത്വം**
**സ പുരാ നിശ്ചിനുതേ വിചാര്യ തത്വം ॥**

പദം ൨. പല്ലവി

**ഘോരവിപിനമെന്നാലേഴപാരിതാകിൽ നഗരം.**

---

ശ്ലോ പറഞ്ഞിരിക്കുന്നതു്. അതിന്റെ സ്വാരസികമായ തുടർച്ച ലോകപാലന്മാരോടുള്ള പ്രാർത്ഥനതന്നെയാണു്. അതിനാൽ മേൽക്കാണിച്ച അമുദ്രിതഗ്രന്ഥത്തിലെ പാഠം പ്രകൃതത്തിൽ ആവശ്യമാണെന്നു തോന്നുന്നില്ല.

ശ്ലോകം ൨.

സുരനാഥവരൈഃസുഖേനജീവൻ=സുരനാഥന്മാരുടെ വരങ്ങൾകൊണ്ടു് സുഖത്തോടുകൂടി ജീവിക്കുന്നവനും. പരമാനന്ദസുനിർവൃതഃ സഃ അയം നളഃ=പരമാനന്ദംകൊണ്ടു സംതൃപ്തനുമായിരിക്കുന്ന ആ (ഈ) നളൻ. തത്വം വിചാര്യ=പരമാർത്ഥത്തെ ചിന്തിച്ചിട്ടു്. ഭവനേവനതാം=ഭവനത്തിൽ വനത്വത്തേയും. വനേഗൃഹത്വം=വനത്തിൽ ഭവനത്വത്തേയും. പുരാനിശ്ചിനുതേ=നിശ്ചയിച്ചു. പ്രാർത്ഥനകൊണ്ടു പ്രസാദിച്ച ലോകപാലന്മാരുടെ അനുഗ്രഹത്താൽ നളൻ സുഖം പ്രാപിച്ചു് തത്വചിന്തനംചെയ്തു് ഭവനം വനമാണെന്നും വനം ഭവനമാണെന്നും മനസ്സിലുറച്ചു എന്നു സാരം. [വൃത്തം വസന്തമാലിക. "വിഷമേസസജംഗഗംസമത്തിൽ സഭരേഫം യവസന്തമാലികക്കു" എന്നു ലക്ഷണം.]

പദം 2. പല്ലവി—ഘോരവിപിന...............ലേഴപാർ=ഘോരമായ വനം എന്നുവെച്ചാൽ ഏഴു ലോകങ്ങളാകുന്നു. ഇതാകിൽനഗരം=ഇതു് (ഞാൻ ഇപ്പോൾ താമസി

അനുപല്ലവി

**നാരിമാരും നവരസങ്ങളും**
**നയവും ജയവും ഭയവും വ്യയവും**
**നാട്ടഭരിപ്പവരോടു നടപ്പതു്.**

---

കുന്ന ഈ പ്രദേശം) നഗരമാകുന്നു. സപ്തലോകങ്ങളിലുമുള്ള ജനവാസസ്ഥലങ്ങൾ ഘോരവിപിനമാണു്. വനമാകുന്ന നഗരം എന്നു സാരം. ഏഴപാർ=(ഏഴന+പാർ) അധിവാസസ്ഥലം എന്നിങ്ങനെ ഒരു നവീനവ്യാഖ്യാനത്തിൽ പറഞ്ഞുകാണുന്നു. സപ്തലോകങ്ങൾ എന്നാണു് പ്രൊഫസർ. എ. ആർ. പറഞ്ഞിട്ടുള്ള അർത്ഥം. ഏഴപാർ എന്നതിന്നു് ഏഴന്നപാർ എന്നർത്ഥം ക്ലിഷ്ടംതന്നെ. സപ്തലോകങ്ങളിൽ വനവും ഉൾപ്പെടുന്നതുകൊണ്ടു എ. ആറിന്റെ അർത്ഥത്തിന്നും വളരെ ക്ലേശമുണ്ടു്, "ഏഴും പാർ" എന്നു ചില വൃദ്ധഗായകന്മാർ പാടാറുണ്ടെന്നു മേൽക്കാണിച്ച നവീനവ്യാഖ്യാതാവു് പറയുന്നു. ആ പാഠമാണു് അധികം നന്നായി തോന്നുന്നതു്.

അൻപല്ലവി:— നാരിമാരും നവരസങ്ങളും=സ്ത്രീകളും ശൃംഗാരാദികളായ നവരസങ്ങളും. നയവും=നീതികൌടില്യവും. ജയവും = ശത്രുജയവും. ഭയവും=ശത്രുഭയവും. വ്യയവും=പണച്ചെലവും. നാട്ടഭരിപ്പവരോടു നടപ്പതു്=നാട്ടഭരിക്കുന്ന ഭരണകർത്താക്കളോടു ചേർന്നതാകുന്നു. നാരിമാർ മുതലായവയെല്ലാം നാടിന്റെ അംഗങ്ങളല്ലാ, ഭരണകർത്താക്കന്മാരുടെ അംഗങ്ങളാകുന്നു എന്നു സാരം. നാട്ടുകാട്ടും കാട്ടുനാട്ടുമാണെന്നു് സമർത്ഥിക്കുകയാണു് ഇവിടെ ചെയ്യുന്നതു്. നാടിന്റെ എണ്ണങ്ങളായ നാരിമാർ മുതലായതു് കാട്ടിൽ ഇല്ലല്ലോ എന്നു ശങ്കതോന്നാം. ആ ശങ്കക്കു സമാധാനമായി അതെല്ലാം നാടിന്റെ അംഗങ്ങളല്ല നാട്ടഭരിക്കുന്നവരുടെ

ചരണം ൧.

**അവടങ്ങൾ സങ്കടങ്ങൾ, അകമേ ദുഷ്ടമൃഗങ്ങൾ**
**അധികം ഭീതികരങ്ങൾ;**
**മനസാ വചസാ വിദിതം ഗദിതം;**

---

അംഗങ്ങളാണെന്നു പറഞ്ഞിരിക്കുന്നു. ഒരു നവീന വ്യാഖ്യാതാവ് "നാട്ടുഭരിപ്പവരോടിനടപ്പതു്" എന്നു പഠിക്കുന്നു. "നാരിമാരും മററും കാരണമായിട്ടു നാട്ടുഭരിപ്പവൎക്കു് ഒരിക്കലും സ്വൈരമായിരിപ്പാൻ സാദ്ധ്യമല്ല" എന്നു് അൎത്ഥവും പറഞ്ഞിരിക്കുന്നു. അതിന്റെ സ്വാരസ്യം ചിന്ത്യം.

ചരണം 1. അവടങ്ങൾ=ഗുഹകൾ. സങ്കടങ്ങൾ=ദുൎഗ്ഗമങ്ങൾ, കാട്ടിൽ ദുൎഗ്ഗമങ്ങളായ ഗുഹകൾ ഉണ്ടു്. അകമേ=ഉള്ളിൽ. അധികം ഭീതികരങ്ങൾ=വളരെ ഭയമുണ്ടാക്കുന്ന. ദുഷ്ടമൃഗങ്ങൾ=സിംഹവ്യാഘ്രാദികളായ മൃഗങ്ങൾ. കാട്ടിൽ ദുഷ്ടമൃഗങ്ങളും ഉണ്ടു്. മനസാ=മനസ്സുകൊണ്ടു്. വചസാ=വാക്കുകൊണ്ടു്. വിദിതം=അറിയപ്പെട്ടതു്. ഗദിതം=പറയപ്പെട്ടതു്. മനസ്സുകൊണ്ടറിഞ്ഞതു് വാക്കുകൊണ്ടു പറയപ്പെട്ടതായിഭവിക്കുന്നു. ഉള്ളിലൊന്നും പുറത്തൊന്നും എന്നുള്ള കപടസ്വഭാവം കാട്ടിലില്ല എന്നു സാരം. കാട്ടിൽ വലിയ ഗുഹകളും ദുഷ്ടമൃഗങ്ങളും ഉണ്ടെന്നുള്ളതു വാസ്തവം തന്നെ. എന്നാൽ അതു് സ്പഷ്ടമായി അറിവാൻ സാധിക്കുന്നതാകയാൽ അത്ര ഭയങ്കരങ്ങളല്ല. കാമാദികൾ................വൈരികൾ=കാമം മുതലായവ (കാമക്രോധലോഭമോഹമദമാത്സൎയ്യങ്ങൾ)തന്നെയാണു് ഭയങ്കരമായ ആകൃതിയെ ധരിച്ചിരിക്കുന്ന ശത്രുക്കൾ. നാട്ടിൽ നാരിമാർ മുതലായവയെ സംബന്ധിച്ചുണ്ടാകുന്ന കാമാദികൾതന്നെയാണു് കാട്ടിലുള്ള ദുഷ്ടമൃഗാദികളേക്കാൾ ഭയമുളവാക്കുന്ന ശത്രുക്കൾ.

അനുപല്ലവി

**കാമാദികൾ തന്നെ നിനച്ചാൽ**
**ഭീമാകൃതിധാരികൾ വൈരികൾ ... ... ഘോര**

ചരണം ൨.

**സദനങ്ങൾ ശോഭനങ്ങൾ, സാധു സഭാതലങ്ങൾ,**
**സരസങ്ങൾ, ഗഹനങ്ങൾ;**
**സജലം സസിലാ തടിനീ ജനനീ;**
**രാജാനഃ ഇമേ തരവോ ദൃഢ—**
**മാജാനമനോരമഭൂതികൾ ...... ഘോര**

---

ചരണം. 2. സദനങ്ങൾ=ഗൃഹങ്ങൾ. ശോഭനങ്ങൾ= ശോഭിക്കുന്നവ. സാധുസഭാതലങ്ങൾ = നല്ല സഭാപ്രദേശങ്ങൾ. സരസങ്ങൾ=രസത്തോടുകൂടിയവ. ഗഹനങ്ങൾ=കാടുകൾ. കാടുകൾ ശോഭനങ്ങളായ ഗൃഹങ്ങളും, രസകരങ്ങളായ സഭാതലങ്ങളുമാകുന്നു. സജലാ=ജലമുള്ളതായ. സസിലാ= ഉതിർന്നുവീണ നെൽമണികളോടുകൂടിയ. തടിനീ = നദി. ജനനീ=അമ്മ. ധാരാളം വെള്ളമുള്ളതും ഉതിർന്നുവീണ നെൽമണികളോടുകൂടിയതുമായ നദി അമ്മയാകുന്നു. വെള്ളവും ഭക്ഷണവും കൊടുക്കുന്നതിനാൽ നദിക്കു ജനനീസാമ്യം യുക്തം തന്നെ. നാട്ടിൽ അമ്മയുള്ള സ്ഥാനത്തു് കാട്ടിൽ നദിയാണുള്ളതെന്നു സാരം. രാജാനഃ=രാജാക്കന്മാർ. ഇമേതരവഃ=ഈ വൃക്ഷങ്ങൾ. ദൃഢം=തീർച്ചയായും. ആജാന........ഭൂതികൾ=ആജാനമനോരമം (സ്വതേ മനോഹരം) ആയ ഭൂതിയോടു (വിഭവത്തോടു)കൂടിയവ. പുഷ്പഫലാദിവിഭവത്തോടുകൂടിയ ഈ വൃക്ഷങ്ങൾ നിശ്ചയമായും രാജാക്കന്മാരാകുന്നു. നാട്ടിൽ ഉള്ള രാജാക്കന്മാരുടെ സ്ഥാനത്തു് കാട്ടിൽ മരങ്ങളാണുള്ളതെന്നു താല്പര്യം. ഇതുകൊണ്ടു് നാട്ടിലെ അംഗങ്ങളെല്ലാം കാട്ടിലുണ്ടെന്നു പ്രതിപാദിക്കപ്പെട്ടു. ഇവിടെ "സജലാ

ചരണം ൩.

ദുരിതങ്ങൾ ദൂരിതങ്ങൾ; ദോഷങ്ങൾ ദൂഷിതങ്ങൾ;
അതിമോഘങ്ങളഘങ്ങൾ;
അധുനാ വിധിനാ കരുണാഗുരുണാ
മേലേ വരുമാധികൾ മാഞ്ഞിതു
കാലേന ചിരേണ നമുക്കിഹ ...... ...... ഘോര

---

സശിലാ” എന്നാണ് പുസ്തകങ്ങളിൽ പാഠം കാണുന്നത്. എന്നാൽ “സജലാ സസിലാ” എന്ന പാഠമാണ് അധികം നല്ലതെന്ന് എ. ആർ. തമ്പുരാൻ പറഞ്ഞിരിക്കുന്നു. കാട്ടിലെ തീർത്ഥജലങ്ങളെ “ഉത്തരഷഷ്ഠാംകിതസൈകതാനി” എന്നിങ്ങനെ കാളിദാസർ രഘുവംശത്തിൽ വിശേഷിപ്പിച്ചിട്ടുള്ളതിനോട് ഇതു സാമ്യം വഹിക്കുന്നു. “സജലാം സസിലാം മലയജശീതളാം” എന്ന് കവിരത്നമായ ബങ്കിമചന്ദ്രചാററർജിയുടെ “വന്ദേമാതരം” എന്ന ഗാനത്തിൽ ഇതേ ആശയംതന്നെ പ്രതിപാദിതമായിരിക്കുന്നു; കവികളുടെ ബുദ്ധിസാമ്യം!

ചരണം 3. ദുരിതങ്ങൾ=പാപങ്ങൾ. ദൂരിതങ്ങൾ=അകററപ്പെട്ടു. ദോഷങ്ങൾ=കേടുകൾ. ദൂഷിതങ്ങൾ=ദൂഷിപ്പിക്കപ്പെട്ടു. അതിമോഘങ്ങൾ=ഏററവും നിഷ്ഫലങ്ങൾ. അഘങ്ങൾ=പാപങ്ങൾ. അധുനാ=ഇപ്പോൾ. കരുണാഗുരുണാ വിധിനാ = ഏററവും കരുണയുള്ള വിധി നിമിത്തം. മേലേവരുമാധികൾ=മേൽക്കുമേലേ ഉണ്ടായിക്കൊണ്ടിരിക്കുന്ന മനോദുഃഖങ്ങൾ. മാഞ്ഞിതു=മാഞ്ഞുപോയി. കാലേന ചിരേണ=വളരെക്കാലംകൊണ്ട്. എന്റെ ദുരിതങ്ങൾ അകലുകയും ദോഷങ്ങൾ നശിക്കുകയും പാപങ്ങൾ നിഷ്ഫലങ്ങളാകയും ചെയ്തു. കരുണാശാലിയായ വിധിനിമിത്തം വളരെക്കാലംകൊണ്ട് മേല്ക്കുമേലെ ഉള്ള ദുഃഖങ്ങളെല്ലാം തീന്നു.



FINITORY T. O. C.
3721

ശ്ലോകം ൩. ഭൈരവി—ചെമ്പട.

**അങ്ങോടിങ്ങോട്ടുഴന്നും വിപിനഭുവി തള-**
**ർന്നും വിചാരം കലർന്നും**
**തുംഗാതങ്കം വളർന്നും തൃണതതിഷു കിട-**
**ന്നും സുരേന്ദ്രാനിരന്നും**
**തിങ്ങും ഖേദം മറന്നും ദിവസമനു നട-**
**ന്നീടുമന്നൈഷധേന്ദ്രൻ**
**വൻകാട്ടിൽ കാട്ടുതീതൻനടുവിലൊരു ഗിരം**
**കേട്ടു വിസ്പഷ്ടവർണ്ണാം.**

പദം ൩. പല്ലവി

**അന്തികേ വന്നീടേണം അഴലെ നീ തീർത്തീടേണം**

---

ശ്ലോകം 3— അങ്ങോടിങ്ങോട്ട്=അങ്ങോട്ടുമിങ്ങോട്ടും. വിപിനഭുവി=വനഭൂമിയിൽ. തുംഗാതങ്കം=വലിയ ദുഃഖം. തൃണതതിഷു=പുൽക്കൂട്ടങ്ങളിൽ. സുരേന്ദ്രാൻ=ഇന്ദ്രാദിദേവന്മാരോട്. ദിവസമനു=ദിവസംതോറും. അന്നൈഷധേന്ദ്രൻ=ആ നളൻ. ഒരു ഗിരം=ഒരു വാക്കിനെ. വിസ്പഷ്ടവർണ്ണാം (ഗിരം എന്നതിന്റെ വിശേഷണം)=സ്പഷ്ടങ്ങളായ അക്ഷരങ്ങളോടുകൂടിയ. നളൻ കാട്ടിൽ ഉഴന്നു നടക്കുമ്പോൾ കാട്ടുതീയ്യിന്റെ നടുക്കുനിന്നു നല്ല അക്ഷരവ്യക്തിയോടുകൂടിയ ഒരു വാക്കിനെ കേട്ടു. (വൃത്തം സ്രഗ്ദ്ധര. "ഏഴേഴായ് മൂന്നു ഖണ്ഡം മരഭനയയയം സ്രഗ്ദ്ധരാവൃത്തമാകും" എന്നു ലക്ഷണം)

പദം 3. —പല്ലവി— അന്തികേ=സമീപത്തിൽ. അഴലെ=വ്യസനത്തെ. എന്റെ അടുക്കൽ വന്നു സങ്കടം തീർത്തുതരേണമേ.

അനുപല്ലവി

എന്തിവണ്ണമെന്മൊഴി നീ കേട്ടീലയോ പുണ്യ
കീൎത്തേ? .... അന്തി

ചരണം ൧.

കാട്ടുതീയിൽ പതിച്ചേനേ,
കളിയല്ലയ്യോ! വേകുന്നേനേ,
കൂട്ടിക്കൊണ്ടു പോകതാനേ;
കുശലം തവ വൈരസേനേ! ...... അന്തി

ചരണം ൨.

വെന്തുദേഹം പാതി; പോരും;
വിധിവശന്മാരെല്ലാപേരും,
ബന്ധുനീയൊഴിഞ്ഞില്ലാരും;
വിവശതമേ നിന്നാൽ തീരും ... അന്തി

---

അനുപല്ലവി—എന്തിവണ്ണം=എന്താണിങ്ങനെ ചെയ്യുന്നതു്. എന്മൊഴി............പുണ്യകീൎത്തേ=അല്ലയോ പുണ്യമായ കീൎത്തിയോടുകൂടിയവനേ! അങ്ങുന്നു എന്റെ വാക്കു് കേട്ടില്ലയോ?

ചരണം 1. — പതിച്ചേനേ=ഞാൻ പതിച്ചുപോയി. വേകുന്നേനേ = ഞാൻ വെന്തുകൊണ്ടിരിക്കുന്നു. കൂട്ടിക്കൊണ്ടു പോകതാനേ=അങ്ങുതന്നെ എന്നെ കൂട്ടിക്കൊണ്ടുപോകണം. കുശലം തവ വൈരസേനേ=അല്ലയോ വീരസേനപുത്ര (നള) അങ്ങേക്കു കുശലം. എന്നെ ഈ സങ്കടത്തിൽനിന്നു രക്ഷിച്ചാൽ അങ്ങേയ്ക്കു കുശലംവരുമെന്നു സാരം.

ചരണം 2—വെന്തുദേഹം പാതി = ദേഹം പാതിയും ദഹിച്ചുകഴിഞ്ഞു. പോരും = മതി (അമാന്തിച്ചതു മതി) വിധിവശന്മാരെല്ലാപേരും = എല്ലാവരും വിധിക്കധീനന്മാരാകുന്നു. (വിധികല്പിതങ്ങളായ സങ്കടങ്ങൾ എല്ലാവൎക്കും വ

ചരണം ൩.

നിന്നുദന്തം ഭൈമീജാനേ!
നിഖിലവും ഞാനറിഞ്ഞേനേ!
മന്ദിക്കൊല്ലാ മയി ദീനേ
മരണവേദനാതിദൂനേ .... .... അന്തി

ശ്ലോകം ൪. ശങ്കരാഭരണം—മുറിയടന്ത.

പേടിക്കേണ്ടാ വരുവനരികേ വൻകൊടുംകാട്ടുതീയിൽ
ചാടിക്കൊണ്ടാലൊരു ഭയമെനിക്കില്ല ഞാൻ–
തൊട്ടവൎക്കും,
കൂടിക്കണ്ടാലുടനഴലൊഴിച്ചീടുവേനെന്നു ചൊല്ലി–
ത്തേടിക്കണ്ടോരുരഗപതിയോടൂചിവാൻ നൈഷ–
ധേന്ദ്രൻ.

---

രും.) ബന്ധുനീ . . . . . . . . . . നിന്നാൽ തീരും = നീയല്ലാതെ എനിക്കാരും ബന്ധുവില്ല; എന്റെ വിവശത നീ നിമിത്തം തീൎന്നുപോകും.

ചരണം 3—നിന്നുദന്തം = നിന്റെ വൎത്തമാനം. ഭൈമീജാനേ = ദമയന്തീവല്ലഭ!. നിഖിലവും = മുഴുവനും. ഞാനറിഞ്ഞേനേ = ഞാൻ അറിഞ്ഞു. മന്ദിക്കൊല്ലാ. . . . . .നാതിദൂനേ = ദീനനും മരണവേദനയാൽ അത്യന്തം ദുഃഖിതനുമായ എന്നിൽ നീ ഉപേക്ഷ കാണിക്കരുതു്. ഇതാണു് നളൻ കാട്ടുതീയ്യിൽനിന്നു കേട്ട വാക്കു്.

ശ്ലോകം 4—“പേടിക്കേണ്ടാ” എന്നതു മുതൽ “അഴലൊഴിച്ചീടുവേൻ” എന്നു വരെ നളൻ കാട്ടുതീയ്യിൻ നടുവിലുള്ള ശരണാൎത്ഥിയോടു വിളിച്ചു പറയുന്ന വാക്കാകുന്നു. കാട്ടുതീയ്യിൽ ചാടിയാൽ തനിക്കും തന്നെത്തൊട്ടുനില്ക്കുന്നവൎക്കും അഗ്നിഭയമില്ലെന്നു നളൻ പറഞ്ഞതു് അഗ്നിയുടെ വരം കരു

പദം ൪. പല്ലവി

**കത്തുന്ന വനശിഖിമദ്ധ്യഗനാരെടോ നീ?**
**തഥ്യമേവ വദ മേ.**

അനുപല്ലവി

**ചത്തുപോമിവിടെയെന്നു നീ നിനയ്ക്കേണ്ടാ;**
**ശാപംകൊണ്ടോ ചതികൊണ്ടോ ചാപലംകൊ-**
**ണ്ടോ? ... ... കത്തു**

ചരണം ൧.

**എരിഞ്ഞ തീയിൽനിന്നല്ലിനി വേണ്ടു സല്ലാപം**
**ഇരുന്നുകൊള്ളുക എന്റെ ചുമലിൽ നീ ഗതതാപം**

---

തിയാകുന്നു. തേടിക്കണ്ടോരുരഗപതിയോടു = കാട്ടുതീയിൽ നോക്കി തിരഞ്ഞു പിടിക്കപ്പെട്ട സർപ്പരാജനോടു്. നൈഷധേന്ദ്രൻ ഊചിവാൻ = നളൻ പറഞ്ഞു. ഇനിയുള്ള പദം നളന്റെ വചനമാകുന്നു. (വൃത്തം മന്ദാക്രാന്ത. "മന്ദാക്രാന്താമഭനതതഗം നാലുമാറേഴുമായ്ഗം" എന്നു ലക്ഷണം.)

പദം 4.—പല്ലവി. കത്തുന്ന..........നാരെടോനീ = കത്തുന്ന വനശിഖിയുടെ (കാട്ടുതീയിന്റെ) മദ്ധ്യത്തിൽപ്പെട്ട നീ ആരാകുന്നു? തഥ്യമേവവദമേ=സത്യംതന്നെ എന്നോടു പറഞ്ഞാലും.

അനുപല്ലവി— ചത്തുപോ..........നിനക്കേണ്ടാ=ഇവിടെവെച്ചു മരണംവരുമെന്നു ശങ്കിക്കേണ്ട. ശാപംകൊണ്ടോ ചതികൊണ്ടോ ചാപലംകൊണ്ടോ എന്നതിൽ "ഈ അവസ്ഥ വന്നതു്" എന്നു ചേർത്തു വാക്യപൂരണം ചെയ്യണം. വാക്യം അപൂർണ്ണമാക്കിയതുകൊണ്ടു് നളനു് ആർത്ത്രാണത്തിലുള്ള സംഭ്രമം വ്യക്തമാകുന്നു.

ചരണം 1.— സല്ലാപം= സംഭാഷണം. ഗതതാപം (ക്രി. വി.) സന്താപം കൂടാതെ. അറിഞ്ഞു..........പോരെ=

അറിഞ്ഞതെങ്ങനെ നീ നൈഷധനെന്ന പേരെ?
പറഞ്ഞിടേണമിപ്പോൾ ആരെന്നുള്ളതും നേരേ
....കത്തുന്ന

ചരണം ൨.

ഭുജംഗമെന്നു തോന്നീ രൂപംകൊണ്ടു നിന്നെ
വിശങ്കയെന്തെന്നല്ലീ അതു ചൊല്ലാം പിന്നെ
ഭൃശം ഗതോസി നൂനമാപദം വനവഹ്നേ
രുജംകളഞ്ഞു പറഞ്ഞീടേണം നേരുതന്നേ....കത്തുന്ന

ചരണം ൩.

എന്നുടെ കഥകളെ എങ്ങനെ നീയറിഞ്ഞു?
നന്നു നിന്മഹിമാ നമുക്കു തെരിഞ്ഞു:
എന്നോടെന്തു മറവിന്നു തുനിഞ്ഞു?
ചൊന്ന മൊഴിയാൽ നിന്നെ ഞാൻ ദിവ്യനെ-
ന്നറിഞ്ഞു .... കത്തുന്ന

---

നൈഷധൻ എന്ന പേർതന്നെ, നീ എങ്ങിനെ അറിഞ്ഞു. പറഞ്ഞീടേണ...........നേരെ=നീ ആരാണെന്നു സത്യമായി പറയണം.

ചരണം. 2. ഭുജംഗം=സർപ്പം. വിശങ്ക=സംശയം. ഭൃശംഗതോസി........വനവഹ്നേഃ (വനവഹ്നേഃ ഭൃശം ആപദം ഗതഃ അസി)=കാട്ടുതീയിൽനിന്നു് നീ വളരെ ആപത്തിനെ പ്രാപിച്ചിരിക്കുന്നു. നൂനം=നിശ്ചയം. രുജംകളഞ്ഞു=ദുഃഖത്തെ നീക്കി. സങ്കടപ്പെടാതെ ഉള്ള പരമാർത്ഥം പറഞ്ഞാലും.

ചരണം 3. നന്നുനിന്മഹിമാ നമുക്കു തെരിഞ്ഞു= നിന്റെ മഹത്വം നന്നു്; അതെനിക്കു മനസ്സിലായി. എന്നോടെന്തു...........തുനിഞ്ഞു=എന്നോടു സത്യം മറച്ചുവെക്കുവാൻ

ശ്ലോകം ൫. ഗൌളിപന്തു—ചമ്പട.

**ദഹനമോചിത ഏഷ മഹീഭുജാം**
**ദശപദശ്രവണേ കൃതദംശനഃ ।**
**വിഷധരാധിപതിർവ്വിഗതജ്വരോ**
**നിഷധരാജമശാദ്വികൃതാകൃതിം.**

---

എന്തുകൊണ്ടു തുനിഞ്ഞു. ചൊന്ന മൊഴിയാൽ=പറഞ്ഞ വാക്കിനാൽ, നീയൊരു ദിവ്യനാണെന്നു് നിന്റെ വാക്കുകൊണ്ടു ഞാൻ മനസ്സിലാക്കി.

ശ്ലോകം 5. മഹീഭുജാദഹനമോചിതഃ = രാജാവിനാൽ തീയ്യിൽനിന്നു മോചിപ്പിക്കപ്പെട്ട, വിഗതജ്വരഃ—സന്താപം നീങ്ങിയവനായ. ഏഷഃ വിഷധരാധിപതിഃ=ഈ സർപ്പശ്രേഷ്ഠൻ. ദശപദശ്രവണെ കൃതദംശനഃ = ദശ എന്ന പദം കേട്ടപ്പോൾ കടിച്ചിട്ടു്. വികൃതാകൃതിം നിഷധരാജം = വികൃതമായ ആകൃതിയോടു കൂടിയ നളനെ. അശാൽ ശാസിച്ചു. (ഉപദേശിച്ചു) കാട്ടുതീയ്യിൽ നിന്നു് മോചിതനായ സർപ്പരാജൻ നളനോടു് എണ്ണിക്കൊണ്ടു പത്തടി നടന്നാൽ നിനക്കു ഞാൻ ഉപകാരം ചെയ്യാം എന്നു പറകയും, അതുപ്രകാരം നളൻ ഏകം, ദ്വേ, ത്രീണി എന്നിങ്ങനെ സംഖ്യാപദങ്ങൾ പറഞ്ഞുകൊണ്ടു് അടികൾ വെക്കുകയും ചെയ്തു. പത്തു എന്ന എണ്ണമായ ദശ എന്ന പദം കേട്ടപ്പോൾ നളനെ കടിച്ചു് വികൃതരൂപനാക്കുകയും ചെയ്തു. ദശ എന്നതു സംഖ്യാപദമായും ക്രിയാപദമായും എടുക്കാം. സംഖ്യാപദമെന്നു കരുതി നളൻ പറഞ്ഞ അതിനെ ക്രിയാപദമാക്കിയെടുത്തു് സർപ്പശ്രേഷ്ഠൻ കടിക്കുകയാണു ചെയ്തതു്. കാരണം കൂടാതെ കടിക്കുന്നതു് ഉത്തമസർപ്പങ്ങളുടെ ധർമ്മമല്ല; ഇത്രയും വിപുലമായ അർത്ഥത്തെ "ദശപദശ്രവണേ കൃതദംശനഃ" എന്ന പാദംകൊണ്ടു് സംക്ഷേ

പദം ൫. പല്ലവി

**നൈഷധേന്ദ്ര! നിന്നോടു ഞാൻ നേരുതന്നെ—**
**ചൊല്ലാം**

അനുപല്ലവി

**വൈഷമ്യമായി മമ വലുതഹോ വിധി ജഗതി**
**.... നൈഷ**

ചരണം ൧.

**മതി മതി വിശങ്ക തവ; മമ ജനനി കദ്രുവല്ലോ;**
**മഹിമാതിരേകത്തിനു മന്ദത പിണഞ്ഞു മമ... നൈഷ**

ചരണം ൨.

**ഉരഗേന്ദ്രമഹിവരരിൽ കാർക്കോടകാഖ്യനഹം;**

---

പപ്രിയനായ കവി സംഗ്രഹിച്ചിരിക്കുന്നു എന്നു കാണ്ക (വൃത്തം ദ്രുതവിളംബിതം. "ദ്രുതവിളംബിതമാം നഭവും ഭരം" എന്നു ലക്ഷണം.)

പദം 5. പല്ലവി—നൈഷധേന്ദ്ര = നിഷധരാജാവായ നള! നേരു = സത്യം.

അനുപല്ലവി—വൈഷമ്യമായി = ബുദ്ധിമുട്ടായി. മമ = എനിക്ക്. വലു..........ജഗതി = കഷ്ടം! ലോകത്തിൽ വിധി വലുതാകുന്നു. വിധിവൈപരീത്യം തന്നെയാണ് വൈഷമ്യം വരുവാൻ ഹേതുവെന്നു സാരം.

ചരണം 1—മതിമതി വിശങ്കതവ = അങ്ങയുടെ ശങ്ക മതിയാക്കുക. മമ..........കദ്രുവല്ലോ = എന്റെ അമ്മ കദ്രുവാണ് (കദ്രു = നാഗമാതാവ്). മഹിമാതി...............മമ = എന്റെ മഹിമാതിരേകത്തിന്നു (മാഹാത്മ്യത്തിന്നു) മാന്ദ്യം സംഭവിച്ചു. കദ്രുപുത്രന്മാക്ക് സ്വതസ്സിദ്ധമായുള്ള മഹത്വം കാരണവശാൽ എനിക്കു കുറവായിപ്പോയി.

ചരണം 2—ഉരഗേന്ദ്ര..........ഖ്യനഹം = ഉരഗേന്ദ്രരെന്ന സർപ്പപ്രവരന്മാരിൽ കാർക്കോടകൻ എന്നു പേരുള്ളവനാണ്

ഓക്കേണമൊരു മുനിയെ മാൎഗ്ഗേ ചതിച്ചിതഹം

...നൈഷ

ചരണം ൩.

വാശ്ശും കോപം പൂണ്ടു മുനി ദീൎഘമൊരു ശാപം തന്നു,
പോക്കുമഴൽ നളനെന്നു മോക്ഷവഴിയരുളി പിന്നെ

....നൈഷ

ചരണം ൪.

ചാപലൃജാതമിഹ ശാപവുമകന്നു മമ;
തേ പകരം ചെയ്തതുള്ളിൽ കോപകരമല്ലറിക.... നൈ

ചരണം ൫.

നിന്നഴൽക്കു മൂലം കലി വന്നകമേ വാഴുന്നവൻ;

---

ഞാൻ. ഓക്കേണം = ചിന്തിക്കണം. ഒരു മുനിയെ..........തഹം = ഞാൻ ഒരു മഹൎഷിയെ മാൎഗ്ഗത്തിൽവെച്ചു ചതിച്ചു.

ചരണം 3—വാശ്ശും...........ശാപം തന്നു=മുനി വൎദ്ധിച്ച കോപം കലൎന്ന് ദീൎഘമായ ഒരു ശാപം എനിക്കു തന്നു (നിനക്കു കിടന്നേടത്തുനിന്നു നീങ്ങാൻ കഴിയാതെ പോകട്ടെ എന്നാണ് ശാപമെന്നു ധരിച്ചുകൊൾക). പോക്കുമഴൽ........ ........യരുളി പിന്നെ = നളൻ നിന്റെ ശാപം പോക്കുമെന്നു പിന്നീടു ശാപമോക്ഷത്തിന്നുള്ള മാൎഗ്ഗവും മുനി പറഞ്ഞു.

ചരണം 4—ചാപലൃ..............മമ = ചാപലൃത്താലുണ്ടായ എന്റെ ശാപം ഇപ്പോളകന്നു. തേപകരം ചെയ്തു........കരമല്ലറിക = നിനക്ക് പകരം (പ്രത്യുപകാരം ചെയ്യാതെ നിന്നെ കടിച്ചതു്) ഉള്ളിൽ കോപം തോന്നുവാൻ കാരണമല്ല. (പാദാദിയിൽ "തേ" എന്ന പ്രയോഗം വൈയാകരണന്മാർ സമ്മതിക്കുകയില്ല.)

ചരണം 5—കടിച്ചതുകൊണ്ടു കോപം തോന്നാതിരിപ്പാൻ കാരണമെന്തെന്നു പറയുന്നു:—നിന്നഴൽക്കു........വാഴുന്നവൻ=നിന്റെ ദുഃഖത്തിന്നുമൂലം നിന്റെ അകത്തുവന്നു വാ

എന്നുടെ വിഷമേററന്നു നിന്നെയവൻവിട്ടുമുടനെ.. എന്നെ

ചരണം ൬.

നിന്നെയറിയരുതൊരുവ-
നെന്നിട്ടു നിന്നുടൽ മറച്ചു
പിന്നെ നീ ഈ തുകിലുടുക്കിൽ
നിന്നുടൽ നിനക്കു വരും .... എന്നെ

പദം ൬. പൂർവ്വകല്യാണി—ചെമ്പട.

പല്ലവി.

കാദ്രവേയകുലതിലക! നിൻ
കാൽത്തളിരെ കൂപ്പുന്നേൻ.

അനുപല്ലവി.

ആർദ്രഭാവം നിന്മനക്കാമ്പിൽ

---

ഴുന്ന കലിയാകുന്നു. എന്നുടെ ..........വിട്ടുമുടനെ=എന്റെ വിഷം ഏററിട്ടു് അവൻ ഉടനെ നിന്നെ വിടും. ദുഃഖകാരണമായ കലിബാധ നീങ്ങുവാൻ ഹേതുവാകയാലാണു് കടിച്ചതിൽ കോപം തോന്നാത്തതെന്നു കാണ്ക.

ചരണം 6—നിന്നെയറി............നുടൽ മറച്ചു=നിന്നെ ആരും അറിയരുതു് എന്നു വിചാരിച്ചിട്ടാണു് നിന്റെ ഉടൽ ഞാൻ മറച്ചതു്. പിന്നെ നീ...............നിനക്കുവരും = പിന്നെ ആവശ്യമാകുമ്പോൾ ഈ തുകിൽ (വസ്ത്രം) ഉടുത്താൽ നിന്റെ ശരീരം മുമ്പത്തെപ്പോലെ ആയിത്തീരും.

പദം 6. പല്ലവി—നളൻ കാർക്കോടകനോടു മറുപടി പറയുന്നു:—കാദ്രവേയ കുലതിലക = കാദ്രവേയന്മാരുടെ (കദ്രു പുത്രന്മാരായ നാഗങ്ങളുടെ) കുലത്തിന്നു തിലകമായവനേ! നിൻകാൽത്തളിരെ=നിന്റെ പാദത്തെ. കൂപ്പുന്നേൻ = ഞാൻ വണങ്ങുന്നു.

അനുപല്ലവി—ആർദ്രഭാവം = ദയ. ആവോളം = വേണ്ടു

ആവോളം വേണമെന്നിൽ .... കാദ

ചരണം ൧.

മാമകദശകളെല്ലാം മനസ്സുകൊണ്ടു കണ്ടു നീ താൻ
ധീമതാംവര! കടിച്ചു; ദേഹം മറച്ചുപോയ് മ-
(റെറാന്നായി,
രൂപമെല്ലാം വേറെയൊന്നായ് കേൾക്കേണമേ
നാമധേയം; അവനി നീളെ സഞ്ചാരമിനിയാം;
പ്രീതോഹം .... കാദ്

ചരണം ൨.

സജ്ജനസമാഗമത്താൽ സകല ജനങ്ങൾക്കുമുണ്ടാം
സജ്ജനിഫലമെന്നല്ലോ സത്യവാചകം

---

വോളം. നിന്റെ മനസ്സിൽ എന്നെക്കുറിച്ചു കനിവുണ്ടാകണം.

ചരണം 1—മാമകദശകൾ=എന്റെ അവസ്ഥകൾ. ധീമതാംവര=ബുദ്ധിമാന്മാരിൽവെച്ചു ശ്രേഷ്ഠനായവനേ. എന്റെ അവസ്ഥകളെ വിചാരിച്ചു് നീ എന്നെ കടിക്കുകയും, എന്റെ ദേഹം മറഞ്ഞു മറെറാന്നായിത്തീരുകയും ചെയ്തു. രൂപമെല്ലാം............പ്രീതോഹം=എന്റെ രൂപമെല്ലാം മാറി; ഇനി എനിക്കു പേർ എന്താണെന്നും പറഞ്ഞുകേൾക്കണം; എന്നാലിനി എനിക്കു ഭൂമി മുഴുവൻ സഞ്ചരിക്കാം; ഞാൻ സന്തുഷ്ടനായി.

ചരണം 2—സജ്ജനസമാഗമത്താൽ = നല്ല ജനങ്ങളോടുള്ള സംസർഗ്ഗത്താൽ. സജ്ജനിഫലം = ജനിയുടെ (ജനനത്തിന്റെ) നല്ലഫലം. സത്യവാചകം=സത്യവചനം. സജ്വരനായ്=ജ്വരത്തോടു (സന്താപത്തോടു) കൂടിയവനായി. വിപിനത്തിൽനിന്നു്=കാട്ടിൽനിന്നു്. ഇജ്ജനത്തിന്നു്=ഈയുള്ളവന്നു്. അറിയാകണ്ടാരും = എന്നെ ആരും കണ്ടറിയുകയില്ല.

സഞ്ചരനായ് നിന്നെക്കണ്ടു; മിക്കതും വിപിനത്തിൽ
(നിന്നു്
ഇജ്ജനത്തിന്നഴൽ തീൎന്നു; പോയാലുമറിയാ ക-
ണ്ടാരും .... കാ൪

ചരണം ൩.

ഇന്ദുമൌലിഹാരമേ! നീ ഒന്നിനി എന്നോടു ചൊല്ലു,
എന്നെനിക്കുണ്ടാവൂ യോഗം ഖിന്നയാം തയ്യാ; മുന്നെ-
പ്പോലെ
മന്ദിരത്തിൽ ചെന്നു വാണുകൊള്ളുവാനും?
എന്നിയേ അറിയാമെന്നാകിൽ ചൊല്ലണമെല്ലാം
നാഗേന്ദ്ര! .... കാ൪

---

(എ. ആർ. തമ്പുരാന്റെ കാന്താരതാരകമെന്ന വ്യാഖ്യാനത്തിൽ "ഇജ്ജനത്തിന്നു് അഴൽ മിക്കതും തീൎന്നു. വിപിനത്തിൽനിന്നു പോയാലും, ആരും കണ്ടറിയാ" എന്നന്വയിക്കണമെന്നും ഒരു വാക്യത്തിന്നുള്ളിൽ കിടക്കുന്ന പദം മറ്റൊരു വാക്യത്തിൽ അന്വയിക്കുന്നതിനാലുണ്ടാകുന്ന സങ്കീൎണ്ണമെന്ന ദോഷം ഇവിടെ സഹിക്കേണമെന്നും പറയുന്നു. എന്നാൽ "മിക്കതും വിപിനത്തിൽനിന്നു് ഇജ്ജനത്തിന്നഴൽ തീൎന്നു" എന്നന്വയിച്ചാൽ ഈ ദോഷം വരുമോ എന്നു് സംശയമാണു്. അഴൽ തീരുവാനുള്ള പ്രധാന കാരണം ഉണ്ടായതു് കാട്ടിൽവെച്ചാകയാൽ കാട്ടിൽനിന്നു ദുഃഖം തീൎന്നു എന്ന അൎത്ഥത്തിന്നു യുക്തിഭംഗമില്ലല്ലോ)

ചരണം 3—ഇന്ദുമൌലിഹാരമേ=ശിവനു മുത്തുമാലയായിട്ടുള്ളവനേ (ശിവൻ സൎപ്പഭൂഷണനാണല്ലോ) എന്നെ നി ..........ഖിന്നയാതയാ = എനിക്കു ഖിന്നയായ അവളോടു (ദമയന്തിയോടു) എന്നു് യോഗമുണ്ടാകും? മുന്നെപ്പോലെ.... ........വാണുകൊള്ളുവാനും = മുമ്പിലത്തെപ്പോലെ ഗൃഹത്തിൽ

പദം ൭. നാട്ടക്കുറിഞ്ഞി — ചെമ്പട.

പല്ലവി.

**ചിന്തിതമചിരാൽ വരുമേ നിനക്കോ-**
**രന്തരായമില്ല നൃപതേ!**

അനുപല്ലവി.

**അന്തരംഗേ തവ വാഴുന്നവൻ കലി**
**വെന്തുനീറിടുന്നു മേ വിഷശിഖിനാ .... ചിന്തി**

ചരണം ൧.

**ഏതെന്നാകിലുമിവൻ വിടുമുടനേ; പിന്നെ**
**നീ തന്നെ വേണം തവ ഗുണഘടനേ;**
**പേതന്നെ തോന്നുന്നതുമിഹ ഗഹനേ വിട്ടു**
**ഭൂതനായകനെ നീ ഭജ മൂഢനെ;**

---

പോയി വസിക്കുവാനും എന്നാണു് യോഗമുണ്ടാകുക. എന്നിയേ..........നാഗേന്ദ്ര = ഇതല്ലാതേയും എന്നെസ്സംബന്ധിച്ച കാര്യമെല്ലാം അറിയുമെങ്കിൽ പറഞ്ഞുതരണം. (നാഗേന്ദ്ര എന്നതു സംബോധ).

പദം 7. പല്ലവി—ചിന്തിതം=വിചാരിച്ച കാര്യം. അചിരാൽ=ഉടനെ. അന്തരായമില്ല = വിഘ്നമില്ല.

അനുപല്ലവി—അന്തരംഗേ=മനസ്സിൽ. മേവിഷശിഖിനാ=എന്റെ വിഷാഗ്നിയാൽ.

ചരണം I—ഏതെന്നാകിലും=എങ്ങനെയായാലും. ഇവൻ വിടും = ഈ കലി നിന്നിൽനിന്നു വേർപെടും. തവഗുണഘടനേ = നിനക്കു ഗുണം വരുത്തുന്നതിൽ. പേ=ഭ്രാന്തു്. ഗഹനേ = കാട്ടിൽ (ഇഹഗഹനേ പേതന്നെ തോന്നുന്നതും എന്നന്വയം.) ഭൂതനായകനെ..........മൂഢനെ = ഭൂതനായകനായ ശിവനെ നീ ഭജിച്ചാലും (ഭൂതനായകനെ മൂഢനെ എ

സാകേതം തന്നിലേ പോയ് ഋതുപർണ്ണനെ
നീ കണ്ടു സേവകനായ് വാഴ്ക ഗൂഢം;
പോകുമിണ്ടലതുമൂലമായി വൈകാ-
തെകണ്ടു ഭവിക്കുമേ സംഗതിയും ഭൂപാല! .... ചിന്തിത

ചരണം ൨.

ബാഹുജഭാവത്തെ നീ നീക്കിക്കൊള്ളൂ; ഇനി
ബാഹുകനെന്നു പേരുമാക്കിക്കൊള്ളൂ;
സാകേതപതിയെ സ്വാമിയാക്കിക്കൊള്ളൂ-പാർത്താൽ
സാധുതയവനേ ഇന്നു മഹിയിലുള്ളൂ.
വിശ്വാസഭാജനമായ് വന്നാൽ പിന്നെ
അശ്വഹൃദയമവനായ് നൽകീടുകിൽ,
അക്ഷഹൃദയം വശമായ് വരും തവ;
അക്ഷമനാം കലിയുമന്നൊഴിയും .... .... ചിന്തിത

---

നിടത്തു വിശേഷണ വിശേഷ്യങ്ങൾക്കു വിഭക്തിപ്പൊരുത്തം സ്വീകരിച്ചിരിക്കുന്നു.) സാകേതം=അയോദ്ധ്യാ. സേവകൻ=സേവിക്കുന്നവൻ. ഗൂഢം (ക്രി. വി.) ആരുമറിയാതെ. ഇണ്ടൽ=വ്യസനം. സംഗതി=സമാഗമം. അയോദ്ധ്യയിൽ പോയി ഋതുപർണ്ണനെ ആശ്രയിച്ചുവാണാൽ നിന്റെ വ്യസനം തീരുകയും, ഉടനെ ദമയന്തീസമാഗമം ഭവിക്കുകയും ചെയ്യും.

ചരണം 2—ബാഹുജഭാവത്തെ=ക്ഷത്രിയത്വത്തെ. സാകേതപതിയെ = അയോദ്ധ്യാരാജാവായ ഋതുപർണ്ണനെ. സ്വാമി=യജമാനൻ. സാധുത = സൽസ്വഭാവം. മഹിയിൽ = ഭൂമിയിൽ. വിശ്വാസഭാജനം=വിശ്വാസപാത്രം. അശ്വഹൃദയം=അശ്വങ്ങളുടെ ഹൃദയമറിവാനുള്ള ഒരു വിദ്യ. അക്ഷഹൃദയം = താന്നിമരത്തിലെ ഫലദലങ്ങളെ അറിവാനുള്ള വിദ്യ. അക്ഷമൻ = അശക്തൻ. ഋതുപർണ്ണന്നു് അശ്വഹൃദയം ഉ

ചരണം ൩.

വന്നോരു മുനിവരശാപമതും, വന-
വഹ്നിയിൽ വീണ മമ ദാഹമതും,
നിന്നോടെനിക്കുവന്ന യോഗമിതും, നൃപ!
പിന്നെയും, നമ്മളിലെ സല്ലാപമിതും
നിത്യമായ് ചിന്തിപ്പവർ ഭൂലോകത്തിൽ
അത്യന്തം മോദിപ്പവരെന്നുള്ളതും,
സത്യം മയാ കഥിതം; പോക നീയും; എങ്കിൽ
അസ്തു പുനർദ്ദർശനം രിപുകർശന! .... .... ചിന്തിത.

ശ്ലോകം ൬. നാട്ടക്കുറഞ്ഞി ഏകതാളം.

നളോ ലബ്ധ്വാ വാസോയുഗളമഗളദ്ദൈന്യവിഭവ-
സ്ത്വിഭോദർക്കാം ജാനൻവിപദമപി കാർക്കോടകമുഖാൽ

---

പദേശിച്ച് അദ്ദേഹത്തോട് അക്ഷഹൃദയം ഗ്രഹിച്ചാൽ കലി വിട്ടൊഴിയും.

ചരണം 3—മുനിവരശാപം=മഹർഷിയുടെ ശാപം. ദാഹം=ദഹിക്കൽ. യോഗം=ചേർച്ച. സല്ലാപം=സംഭാഷണം. അത്യന്തം=വളരെ. മോദിപ്പവർ=സന്തോഷിക്കും. സത്യം മയാകഥിതം=ഞാൻ പറഞ്ഞതു നേരാണ്. അസ്തുപുനർദ്ദർശനം=ഇനിയും കാണാൻ യോഗംവരട്ടെ. രിപുകർശന=ശത്രുക്കളെ ക്ലേശിപ്പിക്കുന്നവനേ (സംബോധന). ഈ മൂന്നാം ചരണം നളകാർക്കോടകസല്ലാപത്തിന്റെ ഫലശ്രുതിയാകുന്നു.

ശ്ലോകം 6—നളഃ=നളൻ. വാസോയുഗളം=രണ്ടു വസ്ത്രങ്ങളെ. (ഒന്നു തൽക്കാലം ഉടുക്കുവാനും മറ്റൊന്ന് സ്വന്തം രൂപം ധരിക്കുവാൻ ഉടുക്കുന്നതിന്നുമുള്ളതു്) ലബ്ധ്വാ=ലഭിച്ചിട്ട്. അഗളദ്ദൈന്യവിഭവഃ = ദൈന്യക്ഷയം വരാതെ. കാർക്കോടകമുഖാൽ=കാർക്കോടകന്റെ മുഖത്തിൽനിന്നു്. വിപ

**അഥ ധ്യായൻ ജായാം കതിപയദിനൈഃ പ്രാപ്യ-**
**(ച പുരീ-**
**മയോധ്യാമാലോക്യക്ഷിതിപമൃതുപർണ്ണംകഥിതവാൻ**

പദം ൭. പല്ലവി

**ഋതുപർണ്ണധരണീപാല! നീ ജയിക്കേണം;**
**ഉപകർണ്ണയ മേ വചനം.**

അനുപല്ലവി

**അതിചണ്ഡരിപുഷണ്ഡഗളഖണ്ഡനപണ്ഡിത-**
**ഭുജദണ്ഡ, ഖലദണ്ഡധര, മണ്ഡിതഭൂഖണ്ഡ!**

---

ദം അപി=ആപത്തിനേയും. ശിവോദർക്കാം=ഭാവിയിൽ ശുഭഫലത്തോടുകൂടിയതായി. ജാനൻ = അറിയുന്നവനായിട്ടു്. അഥ ജായാം ധ്യായൻ=അനന്തരം ഭാര്യയെ വിചാരിച്ചുകൊണ്ടു്. കതിപയദിനൈഃ=കുറച്ചു ദിവസങ്ങളെക്കൊണ്ടു്. അയോധ്യാം പുരീം പ്രാപ്യ=അയോധ്യാപുരിയെ പ്രാപിക്കയും, ക്ഷിതിപം ഋതുപർണ്ണം ആലോക്യ ച=രാജാവായ ഋതുപർണ്ണനെ കാണുകയും ചെയ്തിട്ടു്. കഥിതവാൻ=പറഞ്ഞു. [വൃത്തം ശിഖരിണി. “യതിക്കാറിൽത്തട്ടും യമനസഭലംഗം ശിഖരിണീ” എന്നു ലക്ഷണം.]

പദം ൮. പല്ലവി—ഉപകർണ്ണയ മേ വചനം = എന്റെ വാക്കു കേട്ടാലും.

അനുപല്ലവി—അതിചണ്ഡ......................ഭുജദണ്ഡ = അതി ചണ്ഡന്മാരായ (അതി ക്രൂരന്മാരായ) രിപുക്കളുടെ ഷണ്ഡത്തിന്റെ (സമൂഹത്തിന്റെ) ഗളഖണ്ഡനത്തിൽ (കണ്ഠച്ഛേദനത്തിൽ) പണ്ഡിതങ്ങളായ (സമർത്ഥങ്ങളായ) ഭുജദണ്ഡങ്ങളോടു കൂടിയവനേ. ഖലദണ്ഡധര=ഖലന്മാർക്കു കാലനായവനെ. മണ്ഡിതഭൂഖണ്ഡ = ഭൂഖണ്ഡത്തെ അലങ്കരിച്ചവനെ (എല്ലാം സംബോധന).

ചരണം ൧.

ധരിക്കേണമെന്നെ നീ സൂതനെന്നു്; ആകിൽ
തരികേണമേ തന്നു വേതനം; തേരിൽ
ചരിക്കേണമൊരിക്കലെന്നിരിക്കിലോ തവ
സാരഥിഭാവം തേടുന്നേൻ; ആജ്ഞാപുഷ്പം ചൂടുന്നേൻ;
വാജികളെ തെളിച്ചുകൊള്ളുവെൻ; ജാതി തിരിച്ചു-
ചൊല്ലുവെൻ;
ഭീതികളവെൻ; ഗതിഭേദങ്ങൾ കാട്ടുവന്യേ പ-
ഠിപ്പിപ്പൻ .... ഭൂമീ

ചരണം ൨.

എനിക്കില്ലെന്നറിക കുടുംബവും, ഇന്നു
നിനയ്ക്കിൽ, നീയൊഴിഞ്ഞവലംബവും; പാരിൽ
അരിക്കന്റെ കുലമലങ്കരിക്കുന്ന നിന്നുടെ
കീർത്തി കേട്ടു വന്നു ഞാൻ,
തത്വം ചൊന്നേനിന്നു ഞാൻ;

---

ചരണം 1—സൂതനെന്നു്=സാരഥിയെന്നു്. ആകിൽ=കഴിയുമെങ്കിൽ. വേതനം=ശമ്പളം, സാരഥിഭാവം=തേർ തെളിക്കുന്നവന്റെ അവസ്ഥ. ആജ്ഞാപുഷ്പം=ആജ്ഞയാകുന്ന പുഷ്പം. വാജികളെ=കുതിരകളെ. ജാതി=കുതിരകളുടെ ജാതി. ഭീതി=ഭയം. ഗതിഭേദങ്ങൾ=കുതിരകളുടെ പലപ്രകാരമുള്ള ഓട്ടങ്ങൾ.

ചരണം 2—അവലംബം=ആശ്രയം. അരിക്കന്റെ=സൂര്യന്റെ. കുലം=വംശം. തത്വം=പരമാർത്ഥം. കൃപ=ദയ. ത്വൽകിങ്കരൻ=നിന്റെ ഭൃത്യൻ, ശിവകിങ്കരൻ = ശിവന്റെ

ബാഹുകനെന്നെനിക്കു പേർ;
കൃപയെന്നിൽ ജനിക്കുമാകിലോ
ഭൂപ! തവ കിങ്കരനെന്നോർക്ക,
ശിവകിങ്കരനന്യഥാ .... .... ഉള്ള

ചരണം ൩.

അനുകമ്പാ യദി തവ മാനസേ, എനി-
ക്കനുമതി തരുക മഹാനസേ; കേര-
മരിചലവണാദികളരിയും തരുകിൽ
പോരും മമ ഭൂപതേ! മാരോപമിതാകൃതേ!
താനേതന്നെ വിറകുംകൊണ്ടുവന്നു ഞാൻ കറിയും
ചോറുമുണ്ടാക്കിക്കുറവെന്നിയേ വിളമ്പി
നിരവധിജനമൂട്ടും .... ഉള്ള

---

സേവകൻ. അന്യഥാ=അല്ലെങ്കിൽ. നീ എന്റെ പേരിൽ ദയചെയ്താൽ ഞാൻ നിന്റെ സേവകനാകാം; അല്ലെങ്കിൽ ശിവനെ സേവിച്ചു കഴിവാനാണ് ഭാവം.

ചരണം 3—അനുകമ്പായദിതവമാനസേ=നിനക്കു മനസ്സിൽ ദയയുണ്ടെങ്കിൽ. അനുമതി=അനുവാദം. മഹാനസേ=മടപ്പിള്ളിയിൽ. കേര........................ലവണാദികൾ=നാളികേരം, മുളക്, ഉപ്പ് മുതലായവ. തരുകിൽപോരും=തന്നാൽ മതി. മാരോപമിതാകൃതേ=കാമനോടു തുല്യമായ ആകൃതിയോടു കൂടിയവനേ എന്നു സംബോധന. നിരവധിജനമൂട്ടും=വളരെ ജനങ്ങളെ ഭക്ഷിപ്പിക്കും. കേരമരിചാദികൾമാത്രം തന്നാൽ മതി. എന്നാൽ ഞാൻതന്നെ വിറകു കൊണ്ടുവന്ന് പാകംചെയ്ത് വളരെ ജനങ്ങളെ ഊട്ടും.

പദം ൯. വസന്തഭൈരവി ചെമ്പട.

പല്ലവി.

**വസ വസ സൂത മമ നിലയേ സുഖം**
**ബാഹുക സാധുമതേ!**

അനുപല്ലവി.

**വസു നിനക്കിന്നു തന്നേനസുഭരണോചിതം;**
**വാത്സല്യമെനിക്കു നിന്മേൽ .... .... വസ വസ**

ചരണം ൧.

**രഥവും കുതിരകളും നീതാൻ പരിപാലിക്കണം;**
**രസികൻ ഞാനെന്നതും നീ ബോധിക്കേണം;**
**ഘൃതവും മധുഗുളവും ക്ഷീരവും നിനക്കധീനം;**
**പചിക്കേണം ഭൂസുരരെ ഭുജിപ്പിക്കേണം**
**“എന്നെ രക്ഷിക്ക” എന്നു ചൊന്നാലുപേക്ഷിക്കുന്ന-**
**തെന്നുടെ കുലത്തിലുണ്ടോ? .... .... വസ വസ**

---

പദം 9. പല്ലവി—ബാഹുകനോടുള്ള ഋതുപർണ്ണന്റെ മറുപടി.—വസ......................നിലയേ (ഹേ സൂത മമ നിലയെ വസ വസ) : അല്ലയോ സൂത എന്റെ ഗൃഹത്തിൽ വസിച്ചാലും. “വസ” എന്നു് ആവൎത്തിച്ചുപറഞ്ഞതു് ആദരാധിക്യത്തെ കാണിക്കുന്നു. സാധുമതേ=നല്ല ബുദ്ധിയോടുകൂടിയവനേ.

അനുപല്ലവി—വസു=ധനം, അസുഭരണോചിതം=അസുക്കളുടെ (പ്രാണന്റെ) ഭരണത്തിന്നു മതിയായതു്. നിന്മേൽ=നിന്റെ പേരിൽ.

ചരണം 1—രഥം=തേർ. ഘൃതം = നെയ്. മധു = തേൻ, ഗുളം=ശൎക്കര. പചിക്കേണം=പാകം ചെയ്യണം. ഭൂസുരരെ=ബ്രാഹ്മണരെ. എന്നുടെ കുലത്തിലുണ്ടോ=എന്റെ വംശത്തിലില്ല.

ചരണം ൨.

ഇവനു പേർ ജീവലനെന്നിവനു പേർ വാർഷ്ണേയ-
നിവരിരുവരും മമ സാരഥികൾ; [നെ
ഇവരുടെ ഗൃഹാതന്നെ നിനക്കു ഗൃഹമറിക;
ഇവർ നല്ല സൌജന്യവാരിധികൾ;
പകലോ മഹാനസത്തിൽ പാകവൈയഗ്ര്യമല്ലോ;
നിശി പോയ്ക് നിലയനേ വാഴ്ക നീ .... വസ വസ

ചരണം ൩.

ദ്രുതതരഗതി മമ കുതിരകൾക്കേതും പോരാ;
അതിനിരുവൎക്കുമില്ല ചതുരതയും. .
ഇതരകുതിരകളെ അതിശയിച്ചതിരയം
കുതിരകൾക്കുപദേശിക്ക മധുരതയും.
പ്രതിരഥരാമരികൾ ചതുരതയാ വരുകിൽ
വിധുരതയെത്തുമരുതേ .... ...... വസ വസ

---

ചരണം 2—തന്റെ രണ്ടു സാരഥികളെ ചൂണ്ടിക്കാണിച്ചുകൊണ്ട് ഋതുപൎണ്ണൻ പറയുന്നു:—ഇവരിരുവരും മമ സാരഥികൾ=ഈ ജീവലനും വാർഷ്ണേയനും എന്റെ സൂതന്മാരാണ്. സൌജന്യവാരിധികൾ=സൌജന്യത്തിനു സമുദ്രങ്ങൾ. പകലോ......................ഗ്ര്യമല്ലോ=പകൽസമയത്തു നിനക്ക് മടപ്പള്ളിയിൽ പാകവൈയഗ്ര്യം (ദേഹണ്ഡപ്പണി) ആണല്ലോ. നിശി......................,..............വാഴ്കനി=രാത്രിയിൽ പോയി ഗൃഹത്തിൽ വസിച്ചാലും.

ചരണം 3—ദ്രുതതരഗതി=അതിവേഗത്തിലുള്ള ഓട്ടം. ഏതും പോരാ=ഒട്ടും മതിയായില്ല. ചതുരത = സാമൎത്ഥ്യം. അതിശയിച്ച്=കവിച്ച്. അതിരയം=അധികമായ വേഗം. മധുരത=മാധുൎയ്യം. പ്രതിരഥർ=എതിരാളികൾ; അരികൾ=

ശ്ലോകം ൧. തോടി ചെമ്പട.

**പ്രീതിപ്രദേസ്മിന്നൃതുപൎണ്ണഭാജി**
**സ്മിതപ്രകാശേ നിഷധൌഷധീശേ**
**നിശാന്തശാന്തേ തത ആവിരാസീ-**
**ദ്വാന്താമൃതാ വാങ്മയകൌമുദീയം.**

---

ശത്രുക്കൾ. ചതുരതയാ=സാമൎത്ഥ്യത്തോടെ. വിധുരത=വൈവശ്യം. ശത്രുക്കൾ യുദ്ധത്തിന്നു വന്നാൽ എതിൎക്കുന്നതിന്നു മതിയായ ഗതിവേഗം കുതിരകൾക്കു പഠിപ്പിക്കണം എന്നു സാരം.

ശ്ലോകം 7—ഋതുപൎണ്ണഭാജി=ഋതുപൎണ്ണനെ ആശ്രയിച്ചിരിക്കുന്ന. പ്രീതിപ്രദേ=പ്രീതിയെ പ്രദാനംചെയ്യുന്ന. സ്മിതപ്രകാശേ = സ്മിതമായ (വൎദ്ധിച്ച) പ്രകാശത്തോടുകൂടിയ. അസ്മിൻനിഷധൌഷധീശേ=ഈ നളനാകുന്ന ചന്ദ്രൻ. നിശാന്തശാന്തേ=നിശാന്തത്തിൽ (ഗൃഹത്തിൽ, രാത്രിയുടെ മദ്ധ്യത്തിൽ എന്നും) ശാന്തൻ അതായതു സ്വസ്ഥചിത്തൻ ആയിരിക്കുമ്പോൾ. തതഃ=അവനിൽനിന്നു്. വാന്താമൃതാ=അമൃതം പൊഴിയുന്നു. ഇയം വാങ്മയകൌമുദീ=ഈ വാക്കാകുന്ന നിലാവു്. ആവിരാസീൽ=ആവിൎഭവിച്ചു. നളനെ ചന്ദ്രനോടു സാമ്യപ്പെടുത്തി രൂപകം ചെയ്തിരിക്കയാൽ വിശേഷണങ്ങൾക്കു ചന്ദ്രനുചേരുന്ന അൎത്ഥംകൂടി ഉണ്ടു്. ഋതുപൎണ്ണഭാക്ക്=ഋതുപനായ വസന്തത്തോടു് കടപ്പെട്ടവൻ എന്നും, നിശാന്തമെന്നതിന്നു രാത്രിയുടെ മദ്ധ്യമെന്നും ചന്ദ്രപക്ഷത്തിൽ അൎത്ഥമെടുക്കണം. കാന്താരതാരകത്തിൽ "ഋതുപൎണ്ണരാജെ" എന്ന പാഠം സ്വീകരിച്ചുകാണുന്നു. അങ്ങനെ ചെയ്താൽ അൎത്ഥത്തിന്നു ക്ലേശംകൂടും. പ്രീതിയെ നൽകുന്നവനും വസന്തബന്ധുവും പ്രകാശമേറിയവനുമായ ചന്ദ്രനോടു് നളനെ സാദൃശ്യപ്പെടുത്തി രൂപകം ചെയ്തിരിക്കയാൽ അലങ്കാരം-

പദം ൧൦.—പല്ലവി

**വിജനേ ബത! മഹതി വിപിനേ നീയുണർന്നിന്ദു-**
**വദനേ! വീണെന്തു ചെയ്‌വൂ കദനേ.**

അനുപല്ലവി.

**അവനേ ചെന്നായോ? ബന്ധു-**
**ഭവനേ ചെന്നായോ ഭീരു?**
**എന്നു കാണ്മനിന്ദുസാമ്യരുചിമുഖ-**
**മെന്നു പുണ്മനിന്ദ്രകാമ്യമുടലഹം? .... വിജ**

---

രൂപകം. [വൃത്തം ഇന്ദ്രവജ്രയും ഉപേന്ദ്രവജ്രയും ചേർന്നുള്ള ഉപജാതി. "കേളീന്ദ്രവജ്രക്കു തതംജഗംഗം; ഉപേന്ദ്രവജ്രക്കു ജതം ജതംജഗംഗം" എന്നു ലക്ഷണം]

പദം 10, പല്ലവി—നളനിൽനിന്നു പുറപ്പെട്ട വചനത്തെ വിവരിക്കുന്നു:—വിജനേ മഹതിവിപിനേ=ജനങ്ങളാരുമില്ലാത്ത വലിയ കാട്ടിൽ, കദനേവീണ്=ദുഃഖത്തിൽ വീണ്. നീ....ചെയ്‌വൂ=നീ എന്തു ചെയ്തിരിക്കും. ഇന്ദുവദനേ=ചന്ദ്രമുഖി (സംബോധന)

അനുപല്ലവി—അവനേ ചെന്നായോ=നിന്റെ അവനത്തിൽ (രക്ഷണത്തിൽ) ചെന്നായയാണോ ഉണ്ടായതു്. ഭീരു=ഭയശീലേ. (സംബോധന). ബന്ധുഭവനെ ചെന്നായോ=ബന്ധുക്കളുടെ ഗൃഹത്തിൽ നീ ചെന്നിരിക്കുമോ. ഇന്ദുസാമ്യരുചിമുഖം=ചന്ദ്രനോടു സാമ്യമുള്ള ശോഭയോടുകൂടിയമുഖം. എന്നുകാണ്മൻ=ഞാൻ എന്നുകാണും. ഇന്ദ്രകാമ്യം ഉടൽ=ഇന്ദ്രനുകൂടി കാമിക്കത്തക്കതായ ശരീരം. അഹം എന്നു പുണ്മൻ=ഞാൻ എന്നു് ആലിംഗനം ചെയ്യും;

ചരണം ൧.

ദയിതേ ലഭിപ്പതെന്തങ്ങയി തേ വിശക്കുന്നേരം?
മയി ദേവി മായാമോഹശയിതേ!
അരുതേ ശിവ! ശിവ! സുചരിതേ! നിന്നെ നിനപ്പാൻ
കീരവാണി! ഭൈരവാണി സാരവഫേരവാണി
(ഘോരകാനനാനി ച .... വിജ

ചരണം ൨.

വ്യസനോപി തവ ഗുരുജഘനേ! കുശലം നീല-
നയനേ! മദമന്ഥരഗമനേ!

---

ചരണം 1—അയിദയിതേ ദേവി = അല്ലയോ കാന്തയായ ദേവീ. മയി മായാമോഹശയിതേ = ഞാൻ മായാമോഹത്തിൽ കിടക്കുമ്പോൾ. വിശക്കുന്നേരം തേ അങ്ങു് ലഭിപ്പതെന്തു് = വിശക്കുമ്പോൾ ഭക്ഷിപ്പാൻ നിനക്കവിടെ എന്താണു കിട്ടുക. ശിവ ശിവ = കഷ്ടം കഷ്ടം. ഹേ സുചരിതേ = അല്ലയോ പതിവ്രതേ! കീരവാണി = ശുകഭാഷിണി (രണ്ടും സംബോധന.) നിന്നെ സാരവഫേരവാണി ഘോരകാനനാനി ച = നിന്നേയും സാരവങ്ങളായ (ശബ്ദം പുറപ്പെടുവിക്കുന്ന) ഫേരവങ്ങളോടു (കുറുനരികളോടു) കൂടിയ ഘോരകാനനങ്ങളേയും. നിനപ്പാൻ അരുതേ = എനിക്കു വിചാരിക്കുവാൻ വയ്യ.

ചരണം 2—ഗുരുജഘനേ = തടിച്ച ജഘനത്തോടുകൂടിയവളേ. നീലനയനേ = നീലമായ കണ്ണുകളോടുകൂടിയവളേ. മദമന്ഥരഗമനേ = മദംകൊണ്ടു മന്ദമായ നടത്തത്തോടുകൂടിയവളേ (എല്ലാം സംബോധന). വ്യസനേ അപി = വ്യസനത്തിങ്കലും. തവകുശലം = നിനക്കു കുശലംഭവിച്ചിരിക്കും.

ഗഹനേ സന്താപങ്ങൾക്കു സഹനേ! ശിഷ്യരല്ലയോ?
ഹരിണപാളി കരിവരാളി ഇവർ തവ തരുവരേഷു
തരുവരേഷു പൂജകൾ .... വിജ്ഞ

ചരണം ൩.

ഉരഗാഭരണനെന്നിൽ ഉരുകാരുണ്യമുണ്ടെങ്കിൽ
നരകാദി ഭയമില്ലെന്നറിക;
തെരിയാഞ്ഞോ ഞാനും നിന്നെ ഭരിയാഞ്ഞു
നിനക്കില്ലേ-

---

ഗഹനേ = കാട്ടിൽ. സന്താപങ്ങൾക്കു സഹനേ = സന്താപങ്ങളെ സഹിക്കുന്ന വിഷയത്തിൽ. ഹരിണപാളി = മാൻകൂട്ടം. കരിവരാളി = ആനക്കൂട്ടം. (ഇവർ) നിനക്കു ശിഷ്യരല്ലയോ = നിന്റെ ശിഷ്യന്മാരാണല്ലോ. [മാൻകൂട്ടം നോട്ടവും ആനക്കൂട്ടം നടത്തവും നിന്നിൽനിന്നു പഠിച്ചിരിക്കയാൽ അവർ നിനക്കു ശിഷ്യരാണെന്നു ഹൃദയം. നീലനയനേ എന്നും മദമത്സരഗമനേ എന്നും ഉള്ള സംബോധനകൾ ഇതിന്നു സാധകമാകുന്നു.] ഇവർ ഏഷു തരുവരേഷു തവ പൂജകൾ തരുവർ = ഈ ശിഷ്യന്മാർ ഈ വിശേഷപ്പെട്ട വൃക്ഷങ്ങളിൽ നിനക്കു സൽക്കാരങ്ങളെത്തരും. ശിഷ്യന്മാർ ഗുരുവിനെ പൂജിക്കുന്നതു് ഉചിതമാണല്ലോ.

ചരണം 3—ഉരഗാരണനു് = സർപ്പങ്ങൾ ആഭരണമായിട്ടുള്ള ശിവനു്. എന്നിൽ ഉരുകാരുണ്യമുണ്ടെങ്കിൽ = എന്റെ പേരിൽ വലിയ ദയയുണ്ടെങ്കിൽ. നരകാദിഭയമില്ലെന്നറിക = നരകം മുതലായവയെക്കുറിച്ചുള്ള ഭയം ഇല്ലെന്നു ധരിച്ചാലും. ഭാര്യാപരിത്യാഗത്താൽ നരകത്തിൽ പതിക്കുമെന്നുള്ള ഭയം എനിക്കില്ല. തെരിയാഞ്ഞോ . . . . . ഭരിയാഞ്ഞു = അറിയാഞ്ഞിട്ടാണോ ഞാൻ നിന്നെ ഭരിക്കാതി

വൃത്തശുദ്ധി, വിഷ്ണുഭക്തി, മയ്യൊരു ഭർത്തൃബുദ്ധി,
കൃത്യസക്തിയും തുണ .... വിജ

ശ്ലോകം ൮. പന്തുവരാളി മുറിയടന്ത.

ചിന്തയന്തമിതി ചേതസി കാന്താം
തദ്വിയോഗവിധുരം നിഷധേന്ദ്രം ।
ജീവലോ രഹസി ജാതു സഹാസോ
ജീവലോകസുഖദം തമവാദീൽ ॥

---

രുന്നതു്. അറിഞ്ഞുംകൊണ്ടുതന്നെയാണു് അതു ചെയ്തതെന്നു സാരം. എന്നാൽ നിന്നെ ആർ തുണക്കും എന്നു കരുതീട്ടാണു് ഉപേക്ഷിച്ചതെന്നുള്ള ശങ്കക്കു സമാധാനം പറയുന്നു— "നിനക്കില്ലേ" ഇത്യാദി. വൃത്തശുദ്ധി = പാതിവ്രത്യശുദ്ധി. വിഷ്ണുഭക്തി = വിഷ്ണുവിങ്കലുള്ള ഭക്തി, മയി ഒരു ഭർത്തൃബുദ്ധി= എന്റെ പേരിൽ ഭർത്താവെന്നുള്ള വിശ്വാസം. ഇവയും കൃത്യസക്തിയും (കൃത്യശ്രദ്ധയും) നിനക്കു തുണയില്ലേ? വൃത്തശുദ്ധി മുതലായവ നിന്നെ ഏതാപത്തിൽനിന്നും രക്ഷിച്ചുകൊള്ളുമെന്നു വിശ്വസിച്ചിട്ടാണു് ഞാൻ നിന്നെ ഉപേക്ഷിച്ചതെന്നു താല്പര്യം.

ശ്ലോകം 8—ഇതി ചേതസി കാന്താം ചിന്തയന്തം=ഇങ്ങനെ മനസ്സിൽ ഭാര്യയെ ചിന്തിച്ചുകൊണ്ടിരിക്കുന്നവനും. തദ്വിയോഗവിധുരം= അവളുടെ വിരഹത്താൽ വിഹ്വലനും. ജീവലോകസുഖദം = എല്ലാ ജീവികൾക്കും സുഖം നൽകുന്നവനുമായ. തം നിഷധേന്ദ്രം = ആ നളനോടു്. ജാതു രഹസി= ഒരിക്കൽ വിജനത്തിൽ വെച്ചു്. ജീവലഃ= ജീവലൻ.(ഋതുപർണ്ണന്റെ ഒരു സാരഥി) സഹാസഃ = അവാദീൽ = നേരംപോക്കോടുകൂടി പറഞ്ഞു. [വൃത്തം സ്വാഗത "സ്വാഗതക്കു രനഭം ഗുരു രണ്ടും" എന്നു ലക്ഷണം.]

പദം ൧൧ പല്ലവി—ജീവലൻ.

**അവളേതൊരു കാമിനി? ഹേ ബാഹുക!**
**തവ യാ ധൃതിശമനീ;**

അനുപല്ലവി.

**സവിചാരം നിയതം പരിദേവിതം**
**യൽകൃതേ നിശി നിശി .... .... അവളേ-**

പദം ൧൨ സൌരാഷ്ട്രം—മുറിയടന്ത—ബാഹുകൻ.

പല്ലവി.

**സ്വൈരവചനം സ്വകൃതരചനം ഭണിതം ജീവല!**

അനുപല്ലവി.

**ആരെന്നറിയേണ്ടാ കേളൊരു മാനവൻ**
**ആരാനോടും പറഞ്ഞു തൻ വ്യസനം .... സ്വൈര**

---

പദം 11—പല്ലവി. ജീവലന്റെ ചോദ്യം:—ഹേ ബാഹുക = അല്ലയോ ബാഹുക യാ തവ ധൃതിശമനീ = യാതൊരുവൾ നിന്റെ ധൈര്യം കെടുത്തുന്നവളാകുന്നുവോ. അവളേതൊരു കാമിനി = അവൾ ഏതു സ്ത്രീയാണ്.

അനുപല്ലവി— യൽകൃതേ = യാതൊരുവൾക്കുവേണ്ടി. നിശിനിശി = രാത്രീതോറും. സവിചാരം പരിദേവിതം = വിചാരത്തോടുകൂടിയ വിലാപം. നിയതം = പതിവാകുന്നു. നീ ഏതൊരു സ്ത്രീയെ ഉദ്ദേശിച്ചാണ രാത്രിതോറും വിലപിക്കുന്നതു്.

പദം 12—പല്ലവി. ബാഹുകന്റെ മറുപടി:— ഹേ ജീവല = അല്ലയോ ജീവല. സ്വൈരവചനം = സ്വൈരമായിട്ടുള്ള ഒരു വാക്കു്. സ്വകൃതരചനം ഭണിതം = തന്നാൽ രചിക്കപ്പെട്ടതായിട്ടു പറയപ്പെട്ടു.

അനുപല്ലവി—ആരാനോടും ........ തൻവ്യസനം = ഇന്നാളോടെന്നില്ലാതെ തന്റെ വ്യഢനം പറഞ്ഞുവെ

പദം ൧൨. ചരണം ൧—ബാഹുകൻ.

കേൾക്കിലുണ്ടേറെ കൌതൂഹലം; പാർക്കിലവൻ സാധു
ശീലൻ,
മൈക്കണ്ണാളുമായ് കേവലം വിളയാടിന കാലം,
ഉണ്ടായിവന്നിതൊരുമൂലം കണ്ടറിവാൻ മൃഗശീലം
തേടുവാനും ഫലമൂലം; കണ്ടവരാർ വിധിദുശ്ശീലം
.... സൈസ്വര

പദം ൧൧. ചരണം ൧—ജീവലൻ.

നീയും നിന്നുടെ തരുണിയും അഭിപ്രായാനുകൂല-
മമായും
പലർകൂടിക്കളിയാടിത്തളിർചൂടി സുഖമായ് വനം
[തേടി

---

ന്നേയുള്ളൂ. ആരോ ഒരുവൻ ഇന്നാളോടെന്നില്ലാതെ പറഞ്ഞ വാക്ക തന്നത്താൻ നിർമ്മിച്ചു ഞാൻ പറഞ്ഞുവെന്നേയുള്ളൂ.

പദം 12. ചരണം 1—ഇന്നാളെന്നില്ലാത്ത ആ മനുഷ്യനെപ്പറ്റിത്തന്നെ ബാഹുകൻ പറയുന്നു:— കേൾക്കി .....ഫലം = കേൾക്കുമ്പോൾ കൌതുകമുണ്ടു്. പാർക്കി ....... ശീലൻ = ആലോചിക്കുമ്പോൾ അവൻ സാധുസ്വഭാവമുള്ളവനാണു്. മൈക്കണ്ണാളുമായ് = സുന്ദരിയായ ഭാര്യയോടുകൂടി. കേവലം ....... കാലം = കേവലം ക്രീഡിച്ചുകൊണ്ടിരിക്കുന്ന കാലത്തു്. ഉണ്ടായി വന്നി ....... ഫലമൂലം = മൃഗങ്ങളുടെ ശീലം കണ്ടറിയുവാനും ഫലങ്ങളും മൂലങ്ങളും തേടുവാനും (എന്നു വെച്ചാൽ കാട്ടിൽ അകപ്പെട്ടു വസിക്കുവാൻ) ഒരു കാരണമുണ്ടായി. കണ്ടവ ....... ദുശ്ശീലം = വിധിയുടെ ദുശ്ശീലം ആർ കണ്ടു. വിധി വൈപരീത്യത്താൽ അവനു കാട്ടിൽപ്പെട്ടു കഷ്ടപ്പെടേണ്ടി വന്നു എന്നു സാരം.

പദം 11— ചരണം 1 ജീവലന്റെ വാക്കു്:— തരുണി = യുവതി. അഭിപ്രായാനുകൂലമായ = അഭിപ്രായത്തി

ക്രീഡയാ നടന്നളവിൽ, അന്നവളെ
വെടിഞ്ഞാനോ നടന്നാനോ സ്മയവാനോ ധൃതി-
മാനോ? നീ താനേ പിന്നെ-
ക്കിടന്നതു നിനച്ചഴൽ വഹസി വിലപസി .... അവ

പദം ൧൨. ചരണം ൨ / ബാഹുകൻ.

പൂരിതധനസന്ദോഹം ദൂരവെ വെടിഞ്ഞ ഗേഹഃ,
ഭൂരി ദുഷ്ടമൃഗസമൂഹാ പുക്ക വനനിവഹം
സാപിനാരീ സവ്യാമോഹം കൈവെടിഞ്ഞാൾ-
കാന്തദേഹം
സമ്പത്തുണ്ടാം ഇനിയെന്നഹം താദൃശം തങ്ങളിൽ
സ്നേഹം. .... സൈര

---

ന്നു യോജിച്ചവിധം. വനംതേടി = വനത്തെ പ്രാപിച്ചു്. ക്രീഡയാ നടന്നളവിൽ = ക്രീഡയോടുകൂടി സഞ്ചരിച്ചപ്പോൾ വെടിഞ്ഞാനോ = ഉപേക്ഷിച്ചുവോ. സ്മയവാനോ = സ്മയം (അഹങ്കാരം) ഉള്ളവനോ. ധൃതിമാനോ = ധൈര്യമുള്ളവനോ. അഴൽ വഹസി = ദുഃഖത്തെ വഹിക്കുന്നു. വിലപസി = വിലപിക്കയും ചെയ്യുന്നു. നീയും നിൻെറ ഭാര്യയുംകൂടി വനക്രീഡക്കായി കാട്ടിൽ പ്രവേശിച്ചു നടന്നപ്പോൾ നീ സൌന്ദര്യമദംകൊണ്ടോ ധൈര്യംകൊണ്ടോ കാട്ടിൽ അവളെ ഉപേക്ഷിച്ചു പോന്നിട്ടു് പിന്നീടിപ്പോൾ അതു വിചാരിച്ചു വിലപിക്കുകയായിരിക്കണം.

പദം 12—ചരണം 2. ബാഹുകൻെറ സമാധാനം:—
പൂരിതധന സന്ദോഹംഗേഹം ദൂരവെ വെടിഞ്ഞു് = ധാരാളം സമ്പത്തു നിറഞ്ഞ ഗൃഹത്തെ ദൂരെ ഉപേക്ഷിച്ചു്. ഭൂരിദുഷ്ടമൃഗസമൂഹം വനനിവഹം പുക്കു = വളരെ ദുഷ്ടമൃഗക്കൂട്ടങ്ങളോടുകൂടിയ വനസമൂഹത്തിൽ അവൻ പ്രവേശിച്ചു. സാപിനാരീ . . . . . . കാന്തദേഹം = ആ സ്ത്രീയും വ്യാമോഹത്തോടുകൂ

പദം ൧൧. ചരണം ൨—ജീവലൻ.

**ഞാനെന്നും എനിക്കുള്ളതെന്നും അഭിമാനം എല്ലാ-**
**വൎക്കും തോന്നും**
**അതു മായം, അതമേയം അതു മായുന്നതുമല്ലുലകിൽ**
**കായം പോകിലും; തദുപായം യോഗികൾക്കുപദേശം;**
**ഗതനാശം അതിക്ലേശം പശുപാശം; ജഗദീശം**
**ചിന്തിപ്പവർ ജനിമൃതിക്ഷയമനുഭവിപ്പവർ—അവരെ**

---

ടി കാന്തന്റെ ദേഹത്തെ വെടിഞ്ഞു. സമ്പത്തുണ്ടാം ..... ന്നൂഹം = ഇനിമേലിൽ മുമ്പിലത്തെപ്പോലെ സമ്പത്തുണ്ടാകുമെന്നാണ് ഊഹം. താദൃശം തങ്ങളിൽ സ്നേഹം = അവരിരുവൎക്കുമുള്ള പരസ്പരസ്നേഹം അപ്രകാരമുള്ളതാകുന്നു.

പദം 11—ചരണം 2. ജീവലൻ വീണ്ടും പറയുന്നതു്:—ഞാനെന്നും ......എല്ലാവൎക്കും തോന്നും=ഞാനെന്നും എന്റേതെന്നുമുള്ള അഭിമാനം എല്ലാവൎക്കും തോന്നും. അതുമായം അതമേയം = അതു് മായയും എന്നാൽ ഇത്ര മാത്രമെന്നു പരിച്ഛേദിപ്പാൻ വയ്യാത്തതുമാണ്. അതുമായു ....... പോകിലും = ശരീരം നശിച്ചാൽ കൂടിയും ആ അഭിമാനം പോകുന്നതല്ല. തദുപായം യോഗികൾക്കുപദേശം = ആ അഭിമാനം നശിക്കുന്നതിന്നുള്ള ഉപായമാണ് യോഗികൾക്കു വിജ്ഞേയമായിട്ടുള്ളതു്. ഗതനാശം = നാശമില്ലാത്തതു്. പശുപാശം = സംസാരബന്ധം. എന്നും നശിക്കാത്തതായ സംസാരബന്ധം അതിക്ലേശം തന്നെ. ജഗദീശം ചിന്തിപ്പവർ= ജഗദീശ്വരനെ സ്മരിക്കുന്നവർ. ജനിമൃതിക്ഷയമനുഭവിപ്പവർ = ജനനമരണരൂപമായ സംസാരത്തിന്റെ നാശത്തെ അനുഭവിക്കുന്നവർ.

പദം ൧൨. ചരണം ൩—ബാഹുകൻ.

അവളവശം ഉറങ്ങുന്നേരം അവിനയവാൻ പോ-
യി ദൂരം
അവനകലെപ്പോകുന്നേരം അനുതാപം പാരം,
ആ വനം അതീവ ഘോരം, അവളുടയ അഴൽ പാരം,
അല്പബുദ്ധിക്കുള്ളു വിചാരം, അത്ഭുതമൊക്കെസ്സാരം
.... മൈസുരം

പദം ൧൧. ചരണം ൩—ജീവലൻ.

ഈവണ്ണമവർ വാണു ദാവംതന്നിൽ ഏവം ദൈവ-
ത്തിൻ പ്രഭാവം
അറിവാനും പറവാനും ഫണവാനും കഴിവുണ്ടോ?
മറിമാനും സിംഹവും എട്ടടിമാനും നിറയും

---

പദം 12—ചരണം 3. ബാഹുകന്റെ വാക്ക്:— അവളവശം . . . . . . പോയി ദൂരം = അവൾ പരവശമാകുംവണ്ണം ഉറങ്ങുമ്പോൾ അവിനയത്തോടുകൂടിയ അവൻ ദൂരെപ്പോയി. അവനകലെ . . . . . . . . താപംപാരം = അവന്ന് അകന്നുപോകുംതോറും വളരെ പശ്ചാത്താപം ഉണ്ടാകുന്നു. ആ വനം . . . . . . . അഴൽപാരം = ആ കാട്ട് വളരെ ഭയങ്കരവും അവളുടെ ദുഃഖം വലിയതും ആകുന്നു. അല്പബുദ്ധിക്കുള്ളു വിചാരം=അവളെ പിരിഞ്ഞുപോയ അല്പബുദ്ധിയായ പുരുഷന്ന് അതിനെക്കുറിച്ചു വിചാരമുണ്ടാകുന്നു. അത്ഭുതമാകെസ്സാരം = ആകപ്പാടെ നോക്കുമ്പോൾ സംഗതി അത്ഭുതവും സാരവുമാണ്.

പദം 11—ചരണം 3. ജീവലന്റെ വാക്ക്:— ദാവം = കാട്ട്. പ്രഭാവം = മഹത്വം. ഫണവാൻ = സർപ്പം (അനന്തൻ) വനവാസേസവിലാസേ അനുഭൂതേ = വിലാസത്തോടുകൂടിയ വനവാസം അനുഭവിക്കപ്പെട്ടിരിക്കുമ്പോൾ. പുനരേതേ

**വനവാസേ സവിലാസേ അനുഭൂതേ പുനരേതേന-**
**പുരാതേ**
**സംബന്ധങ്ങൾ; അതു ചുരുക്കുക, പറക പരിണതി-**
**.... അവളേ**

ദണ്ഡകം പദം ൧.

**സാകേതവാസിനി നിജാകാരഗോപിനി**
**സശോകേ തദാ നിഷധരാജേ**
**ഭൂസുരർ നടന്നു ഭീമനൃവരന്റെ**
**സാഹസികനവനെ നരലോകമതിൽ നിഖിലദിശി**
**വേഗമൊടു തിരവിനിതി വാചാ.**

---

നപുരാതെ സംബന്ധങ്ങൾ= പണ്ടു നിനക്കു് ഇവനോടു സംബ
ന്ധങ്ങൾ ഉണ്ടായതു്. അതു ചുരുക്കുക = ആ കഥ മതിയാക്കു
ക. പറക പരിണതി = പര്യവസാനത്തെ പറഞ്ഞാലും (ജീവ
ലനും ബാഹുകനും കൂടിയുണ്ടായ ഈ സംഭാഷണത്തിൽ ആ
ദ്യം ജീവലന്നു് "വിജനേബത മഹതി" എന്ന ഗാനത്തിൽ സൂ
ചിപ്പിക്കപ്പെട്ട സ്ത്രീപുരുഷന്മാർ ബാഹുകനും അവന്റെ ഭാ
ര്യയുമായിരിക്കുമെന്നുണ്ടായ ശങ്ക ക്രമത്തിൽ കുറഞ്ഞു കുറഞ്ഞു്
അവസാനം അതു മറെറാരാളെപ്പററിയുള്ളതുതന്നെയാണെ
ന്നു ബോധപ്പെടുന്നതുപോലെ തോന്നും)

ദണ്ഡകം. — പദം 1. കുണ്ഡിനപുരിയിൽ പിതൃഗൃഹ
ത്തിൽ പാക്കുന്ന ദമയന്തിയുടെ വൃത്താന്തത്തെ പറയുന്നു:—
നിജാകാരഗോപിനിസാകേതവാസിനി നിഷധരാജേതദാ
സശോകേ=തന്റെ സ്വരൂപം മറച്ചു അയോദ്ധ്യയിൽ പാ
ക്കുന്ന നളൻ അപ്പോൾ ദുഃഖത്തോടുകൂടിയവനായിരിക്കു
മ്പോൾ. സാഹസികനവനെ നരലോകമതിൽ നിഖിലദിശി
വേഗമൊടു തിരവിൻ ഇതിഭീമനൃവരന്റെ വാചാ=സാഹസി
കനായ ആ നളനെ ഭൂമിയിൽ എല്ലാ ദിക്കിലും തിരയുവി

പദം ൨.

സഹിതാ ശുചാ ദമനദാന്തസോദരിയുമതി-
താന്തയായവരോടൂചേ—
“തിരക ദിശി യൂയം ദയിതമുരുമായം
സകലനൃപസഭകളിമൊരുപൊഴുതു കളി കരുതി-
യൊളിവിലൊരു മൊഴിയുമുരചെയ്യുവിൻ:

പദം ൩.

“എങ്ങോട്ടു പോയി, രസഭംഗോദ്യതോസി, പടഭം-
ഗോസ്തു, ഖേദമതിന്നില്ല',
ഏതുമറിവില്ലാഞ്ഞാധി മമ നില്ലാ.

---

ൻ എന്നുള്ള ഭീമരാജാവിൻെറ വാക്കിനാൽ. ഭൂസുരർ നടന്നു=ബ്രാഹ്മണൻ നടന്നു.

പദം 2. ശുചാസഹിതാദമനദമദാന്തസോദരിയും=ശോകത്തോടുകൂടിയവളായ ദമയന്തിയും. അതിതാന്തയായ് അവരോട് ഊചേ=ഏററവും ക്ഷീണിച്ചവളായിട്ട് അവരോട് (തിരയുവാൻ പുറപ്പെട്ട ബ്രാഹ്മണരോട്) പറഞ്ഞു. എന്താണ പറഞ്ഞതെന്നു കാണിക്കുന്നു—യൂയം ഉരുമായം ദയിതം സകലദിശിനൃപസഭകളിലും തിരക=നിങ്ങൾ വളരെ മായയുള്ള ഭർത്താവിനെ എല്ലാ ദിക്കിലുമുള്ള എല്ലാ രാജസഭകളിലും തിരയുവിൻ. ഒരുപൊഴുതുകളികരുതി ഒളിവിൽ ഒരു മൊഴിയും ഉരചെയ്യുവിൻ=ഒരിക്കൽ കളിയായിട്ട് ഒളിവിൽ (ഗൂഢാത്ഥമായിട്ട്) ഒരു വാക്കും പറയുവിൻ.

പദം 3. ഗൂഢാത്ഥമായി പറയേണ്ട വാക്ക എന്തെന്നു കാണിക്കുന്നു—എങ്ങോട്ടു പോയി=നീ എന്നെ വെടിഞ്ഞു് എവിടെക്കാണ പോയതു്? രസഭംഗോദ്യതഃ അസി=നീ രസത്തിൻെറ (സ്നേഹത്തിൻെറ) ഭംഗത്തിൽ ഉദ്യതനായിരിക്കുന്നു. പടഭംഗഃ അസ്തു=വസ്ത്രം മുറിച്ചതു” ഇരിക്കട്ടെ, ഖേദമ

ഏവമയി കിതവ മമ ഭാവമിനിയതുമറിക
യാവദസുനിയമമതുമില്ലാ—

പദം ൪.

ഇതി വാക്കിനേകനൊരു പ്രതിവാക്യ ചൊൽകി
ലതുമുടനേത്യ നിങ്ങൾ പറയേണം."
ഇതി സപദി ഭൈമീമൊഴി കരുതിയോമീ
ഇവർ പലരിലൊരുവനഥ രവികുലജ-
നൃപതിവരസവിധഭുവി മൊഴിയതു പറഞ്ഞു.

---

തിനില്ലാ=അതിലെനിക്കു ദുഃഖമില്ലാ. ഏതും അറിവില്ലാഞ്ഞു് മമ ആധിനില്ലാ=നിന്റെ വൎത്തമാനം ഒട്ടും അറിയാഞ്ഞിട്ടു് എനിക്കുള്ള മനോദുഃഖം നിലക്കുന്നില്ലാ. അയി കിതവ ഇനി ഏവം മമ ഭാവം=അല്ലയോ ധൂൎത്ത! ഇനി ഇങ്ങനെയാണു് എന്റെ വിചാരം. അതും അറിക=അതും മനസ്സിലാക്കുക. യാവദസുനിയമം അതും ഇല്ലാ=എത്രകാലത്തോളമാണു് ജീവിതം എന്നു നിയമമില്ലാ. വിരഹദുഃഖത്താൽ ഞാൻ ജീവനെ കളഞ്ഞേക്കും എന്നൎത്ഥം. ഇതുകൂടാതെ "യാവദസു=ജീവനുള്ള കാലത്തോളം. നിയമമതുമില്ലാ=പാതിവ്രത്യനിഷ്ഠയും ഇല്ലാ" എന്നൊരൎത്ഥംകൂടി ഇതിൽ ധ്വനിപ്പിച്ചിട്ടുണ്ടു്.

പദം 4. ഇതിവാക്കിനു്=ഇപ്രകാരമുള്ള വാക്കിനു്. ഏകൻ ഒരു പ്രതിവാക്യചൊൽകിൽ=ആരെങ്കിലും ഒരുവൻ ഒരു മറുപടി പറഞ്ഞാൽ. അതും ഉടൻ ഏത്യ നിങ്ങൾ പറയേണം = അതും ഉടനെ വന്നു നിങ്ങൾ പറയണം (ഇത്രത്തോളം ദമയന്തിയുടെ വചനമാണു്) ഇതി ഭൈമീമൊഴിയെ അമീസപദികരുതി ഇവർ പലരിൽ ഒരുവൻ=ഇപ്രകാരമുള്ള ഭൈമിയുടെ വാക്കിനെയാവ ചിലർ വേഗത്തിൽ കരുതീയോ അങ്ങനെയുള്ള പലരിൽ ഒരുവൻ. അഥരവികുലജ

ശ്ലോകം ൯. മദ്ധ്യമാവതി—ഏകതാളം.

വർണ്ണാൻ പർണ്ണാദകീർണ്ണാൻ നൃപസദസി സുധാ-
സാരസാവർണ്ണ്യപൂർണ്ണാ-
നാകർണ്ണ്യാകർണ്ണ്യ ഘൂർണ്ണന്മതിരനുഗതവാൻ
പ്രസ്ഥിതം ബാഹുകസ്തം ।
സല്ലാപസ്താദൃശോഽഭൂദ്രഹസി കില തയോ-
ർബ്ബാഹുകോ യേന ഭേജേ
ചിന്താം സന്താപശാന്ത്യൈ സ ച ധരണിസുര-
സ്സാന്ത്വയാമാസ ഭൈമീം ॥

---

നൃപതിവരസവിധഭൂമി=അനന്തരം സൂര്യ്യവംശത്തിൽ ജനിച്ച രാജശ്രേഷ്ഠന്റെ (ഋതുപർണ്ണന്റെ) സമീപപ്രദേശത്തു്. മൊഴിയതുപറഞ്ഞു=ആ വാക്ക പറഞ്ഞു. (ഈ ദണ്ഡകത്തിൽ നാലു പാദങ്ങളും ഓരോ പാദത്തിലും മുമ്മൂന്നു ഖണ്ഡങ്ങളും ആണുള്ളതു്. ഈ വൃത്തത്തിന്നു ഇക്ഷുദണ്ഡിക എന്നു പേർ പറയുന്നു.)

ശ്ലോകം 9.

നൃപസദസി പർണ്ണാദകീർണ്ണാൻ=രാജസഭയിൽ പർണ്ണാദനാൽ പറയപ്പെട്ടവയും. സുധാസാരസാവർണ്ണ്യപൂർണ്ണാൻ = സുധാസാരത്തിന്റെ സാവർണ്ണ്യം (സാദൃശ്യം) തികഞ്ഞവയുമായ. വർണ്ണാൻ ആകർണ്ണ്യ ആകർണ്ണ്യ=അക്ഷരങ്ങളെ കേട്ടുകേട്ടു്. ഘൂർണ്ണന്മതിഃ ബാഹുകഃ = ഭ്രമിച്ചിരിക്കുന്ന ബുദ്ധിയോടുകൂടിയ ബാഹുകൻ. പ്രസ്ഥിതംതം അനുഗതവാൻ=യാത്ര പുറപ്പെട്ട അദ്ദേഹത്തെ (പർണ്ണാദനെ) പിൻതുടന്നു. ബാഹുകഃ യേന ചിന്താം ഭേജേ താദൃശഃ സല്ലാപഃ=ബാഹുകൻ യാതൊന്നുകൊണ്ടു് ചിന്തയെ പ്രാപിച്ചുവോ അപ്രകാരമുള്ള സംഭാഷണം. രഹസി തയോഃ അഭൂൽകില=വിജനത്തിൽവെച്ചു അവക്കു തമ്മിൽ ഉണ്ടായിപോൽ. സ: ധരണിസുരഃ=ആ ബ്രാഹ്മണൻ.

പദം ൧൩. പല്ലവി—പർണ്ണാദൻ.

**വ്യസനം തേ ദമയന്തി സമസ്തം അസ്തമയതാം**

അനുപല്ലവി.

**വചനം തേ ഞാൻ ചൊല്ലുന്നേര-**

**മീവർത്തമാനമറിഞ്ഞാനൊരു മാനവൻ .... വ്യസനം**

പദം ൧൪. മുഖാരി—ഏകതാളം. പല്ലവി—ദമയന്തി.

**നീവന്ന നേരത്തേ വന്നു നിഖിലവും മേ സമ്പന്മൂലം**

---

സന്താപശാന്ത്യൈ=സന്താപത്തിന്റെ ശമനത്തിന്നുവേണ്ടി. ഭൈമീം സാന്ത്വയാമാസ ച=ദമയന്തിയെ ആശ്വസിപ്പിക്കുകയും ചെയ്തു. രാജസഭയിൽ പർണ്ണാദൻ പറഞ്ഞ വാക്കുകേട്ട് വിചാരമഗ്നനായ ബാഹുകൻ പർണ്ണാദന്റെ പിന്നാലെ പോയി. അവർ തമ്മിൽ ബാഹുകൻ വിചാരമഗ്നനാകത്തക്കവിധം ഒരു സംഭാഷണമുണ്ടാകയും അതിന്നുശേഷം പർണ്ണാദൻ മടങ്ങി ഭൈമിയെ സമാധാനിപ്പിക്കുകയും ചെയ്തു. (വൃത്തം സ്രഗ്ദ്ധര)

പദം 13. — പല്ലവി—പർണ്ണാദൻ ഭൈമിയോടു പറയുന്നു:— ഹേ ദമയന്തി തേ സമസ്തം വ്യസനം അസ്തം അയതാം= അല്ലയോ ദമയന്തീ! നിന്റെ എല്ലാ വ്യസനവും അസ്തമിക്കട്ടെ.

അനുപല്ലവി—തേ വചനം ഞാൻ ചൊല്ലുന്നേരം=നിന്റെ വാക്കിനെ ഞാൻ പറയുമ്പോൾ. ഒരു മാനവൻ ഈ വർത്തമാനം അറിഞ്ഞാൻ=ഒരു മനുഷ്യൻ ഈ വർത്തമാനം മനസ്സിലാക്കി.

പദം 14. പല്ലവി. ദമയന്തി പർണ്ണാദനോടു പറയുന്നു:—നീ വന്ന നേരത്തേ മേ സമ്പന്മൂലം നിഖിലവും വന്നു= നീ ഇവിടെ വന്ന സമയത്തുതന്നെ എനിക്കു സമ്പത്തിന്നുള്ള എല്ലാ കാരണവും വന്നുകഴിഞ്ഞു.

അനുപല്ലവി.

**പോകുന്നവരാരെയുമേ പുനരിവിടെ കണ്ടീലേ ഞാൻ**
**.... നീവന്ന**

പദം ൧൪. ചരണം ൧—ദമയന്തി.

**എവിടെയെല്ലാം പോയി നീ താൻ എന്നു**
**ചൊല്ലുക പർണ്ണാദ**
**എവിടെയോ മേ പരിണേതാവെന്നറികിൽ**
**അനാമയം .... നീ വന്ന**

പദം ൧൩. ചരണം ൧—പർണ്ണാദൻ.

**ആകവെ ദിക്കെങ്ങും നടന്നേനേ; ഒരു നാൾ**
**സാകേതത്തിലങ്ങു കടന്നേനേ;**

---

അനുപല്ലവി—പോകുന്നവരാരെയുമേ=ഭർത്താവിന്റെ വിവരമറിവാൻ പോകുന്നവരായ ആരെയുംതന്നെ. പുനരി...............ലേ ഞാൻ=വേറെ ഇവിടെ ഞാൻ കണ്ടില്ല.

പദം 14. ചരണം 1. എവിടെയെല്ലാം............... ...............ചൊല്ലുക പർണ്ണാദ=ഹേ പർണ്ണാദ നീ എവിടെയെല്ലാം പോയി എന്നു പറഞ്ഞാലും. എവിടെയോ മേ.... അനാമയം=എന്റെ പരിണേതാവു് (ഭർത്താവു്) എവിടെയാണെന്നറിഞ്ഞാൽ അനാമയം (കുശലം) ഭവിക്കും. (അനാമയം എന്ന സ്ഥാനത്തു് "ആനയതം" എന്നൊരു പാഠവുംകാണുന്നുണ്ടു്. അതിന്നു അദ്ദേഹത്തെ കൊണ്ടുവന്നാലും എന്നർത്ഥം.)

പദം 13. ചരണം 1. പർണ്ണാദൻ പറയുന്നു:— ആകവെ ദിക്കെങ്ങും . . . . . . . കടന്നേനേ=ഞാൻ ദിക്കുമുഴുവൻ സഞ്ചരിക്കുകയും ഒരു ദിവസം അയോദ്ധ്യാപുരിയിൽ ചെല്ലുകയുംചെയ്തു. നീ കേൾ=നീ കേട്ടാലും. നിന്മൊഴി . . . , .

നീകേൾ, നിന്മൊഴി പറഞ്ഞിരുന്നതേ; പിന്നെ,
ഋതുപർണ്ണാന്തികത്തിൽനിന്നെഴുന്നേററിങ്ങുകന്നേനേ
.... വ്യസനം

പദം ൧൩. ചരണം ൨—പർണ്ണാദൻ.

സാരനാമൃതുപർണ്ണൻ തന്നുടെ ഇഷ്ട-
സാരഥി വന്നിതെന്റെ പിന്നാടെ;
ധീരൻ ബാഹുകസംജ്ഞൻ നിന്നുടെ ഖേദം
തീരുവാൻ ചൊല്ലാനുത്തരം ഇതിന്നുടെ. .... വ്യസ

പദം ൧൪. ചരണം ൨.—ദമയന്തി.

തുകിൽ മുറിച്ചൊളിച്ചുപോവാൻ
തോന്നിയവാറെങ്ങനെവാൻ?
തുണയെനിക്കില്ലെന്നോരായ്വാൻ?
ധൂർത്തനതുകേട്ടെന്തു ചൊല്വാൻ? .... നീ വന്ന

---

ഇങ്ങുകന്നേനേ=നിന്റെ വാക്കു പറകയും പിന്നെ ഋതുപർണ്ണന്റെ അടുക്കൽനിന്നു എഴുന്നേററുപോരുകയും ചെയ്തു,

ചരണം 2. സാരനാമൃതുപർണ്ണൻ — .... .... .... — പിന്നാടേ=ശ്രേഷ്ഠനായ ഋതുപർണ്ണന്റെ പ്രിയസാരഥി എന്റെ പിന്നാലെ വന്നു. ധീരൻ ബാഹുക — —. — .... — — .... ഉത്തരം ഇതിന്നുടെ=ധീരനും ബാഹുകൻ എന്നു പേരുള്ളവനുമായ ആ സാരഥി നിന്റെ ഖേദം തീരുവാൻ നിന്റെ വാക്കിന്റെ ഉത്തരം പറഞ്ഞു.

പദം 14, ചരണം 2. ദമയന്തിയുടെ വാക്ക്:— തുകിൽ മുറി —. — — — — എങ്ങനെവാൻ = എന്റെ വസ്ത്രം മുറിച്ചു ഒളിച്ചുപോകുവാൻ തോന്നിയതെങ്ങനെ? തുണയെനി — — — — — രായ്വാൻ=എനിക്കാരും തുണയില്ലെന്നു ഓർക്കാതിരിപ്പാൻ കാരണമെന്തു്. ധൂർത്തനതു — .... —

പദം ൧൩. ചരണം ൩—പണ്ണാടൻ.

ചാരുതാഭമെഴും നിയമനിഷ്ഠയും, നല്ല
ചാരിത്രമെന്നുള്ളൊരു ചട്ടയും
പാതിവ്രത്യപരമകാഷ്ഠയും, കുല-
പാലികമാൎക്കിതത്രേ നല്ലൊരു കോട്ടയും .... വ്യസ

പദം ൧൪. ചരണം ൩—ദമയന്തി.

പടമറുത്ത പടുവിടനെ,
പാൎത്ഥിവനതിശഠനെ
പാൎത്തുകണ്ടാൽ ഞാനാളുടനെ
ഭവദഭീഷ്ടസംഘടനേ .... .... നീ വന്ന

---

— — ചിവാൻ=ആ വാക്കു കേട്ടിട്ടു് ആ ധൂൎത്തൻ എന്തു പറഞ്ഞു.

പദം 13. ചരണം 3. പണ്ണാടന്റെ ഉത്തരം:—ചാരുതാഭം=ഭംഗി. നിയമനിഷ്ഠ=വ്രതത്തിലുള്ള നിഷ്ഠ. ചാരിത്രം=പാതിവ്രത്യം. പാതിവ്രത്യപരമകാഷ്ഠ=പാതിവ്രത്യത്തിന്റെ അങ്ങേ അററം. കുലപാലികമാൎക്കു്=കുലസ്ത്രീകൾക്കു. നിയമനിഷ്ഠയും, ചാരിത്രമാകുന്ന ചട്ടയും, ഉൽകൃഷ്ടമായ പാതിവ്രത്യവും ആണു് കുലസ്ത്രീകൾക്കു രക്ഷാസ്ഥാനം.

പദം 14. ചരണം 3—ദമയന്തിയുടെ വാക്കു്—പടമറുത്ത പടുവിടനെ=വസ്ത്രം മുറിച്ച സമൎത്ഥനായ ധൂൎത്തനെ. പാൎത്ഥിവൻ അതിശഠനെ=അതിശഠനായ ആ രാജാവിനെ, പാൎത്തുകണ്ടാൽ = കണ്ടെത്തിയാൽ. ഉടനെ ഭവദഭീഷ്ടസംഘടനേ ഞാൻ ആൾ=ഉടനെ നിനക്കു അഭീഷ്ടമായ വസ്തു തരുന്നതിൽ ഞാൻ ആളാകുന്നു.

പദം ൧൩. ചരണം ൪—പർണ്ണാദൻ.

അസ്മദാദികൾ പലർ ഭൂതലേ മണ്ടി
യുഷ്മദാദേശം കേട്ടു പോതിലേ;
വിസ്മയനീയശീലക്കാതലേ;
അസ്മാകം തുറക്കനീ ഗുണം വരും വാതലെ ...വ്യസ

ശ്ലോകം ൧൦. ശങ്കരാഭരണം - ചെമ്പട.

പർണ്ണാദനു ഗോധനവും
സുവർണ്ണാഭരണങ്ങളും ദത്വാ।
ചെന്നാശു ജനനിതന്നോടു
ചൊന്നാൾ തന്നാമയം ഭൈമീ॥

പദം ൧൫. പല്ലവി.

ജനനി! മേ കാന്തൻ സാകേതം തന്നിൽ ചെന്നു വാ-
ണിടുന്നുപോൽ

---

പദം 13. ചരണം 4—പർണ്ണാദന്റെ വാക്ക്:—അസ്മദാദികൾ പലർ=ഞാൻ തുടങ്ങിയുള്ള അനേകം പേർ. യുഷ്മദാദേശം കേട്ടുപോതിലേ=നിന്റെ കല്പന കേട്ടപ്പോൾതന്നെ. ഭൂതലേമണ്ടി=ഭൂമിയിലെല്ലാം പാഞ്ഞു. വിസ്മയനീയശീലക്കാതലേ=അത്ഭുതമായ ശീലഗുണത്തിന്നു കാതലായവളേ. അസ്മാകം ഗുണംവരും വാതലേ നീ തുറക്ക=ഞങ്ങൾക്കു ഗുണം വരുവാനുള്ള വാതിൽ നീ തുറന്നാലും,

ശ്ലോകം 10—പർണ്ണാദന്ന് പശുക്കളേയും ആഭരണങ്ങളും സമ്മാനിച്ച് ഭൈമി അമ്മയുടെ അടുക്കൽ ചെന്ന് തന്റെ വ്യസനത്തെ പറഞ്ഞു. [വൃത്തം ഉപഗീതി. "ആര്യോത്തരാർദ്ധതുല്യം പൂർവ്വാർദ്ധവുമെങ്കിലുപഗീതി" എന്നു ലക്ഷണം]

പദം 15. പല്ലവി—ജനനി=അമ്മേ! മേകാന്തൻ = എന്റെ ഭർത്താവ്. സാകേതം=അയോദ്ധ്യാപുരി. എന്റെ ഭർത്താവ് അയോദ്ധ്യയിൽ വസിക്കുന്നുണ്ടത്രെ.

അനുപല്ലവി.

അനുനീയെന്നാം ഇവിടെ വരുത്തുവാൻ
ആരെ നാമങ്ങയച്ചീടാവൂ? .... .... ജനനി
വമ്പനോടു വമ്പില്ലാൎക്കും

പദം ൧൫. ചരണം ൧.

അരിനൃവരപുരവും നഗരവും തിരകിലും,
അരുതരുതവനോടെന്നവരവരൊരുപോലെ,
ഇരുകരം കൂപ്പി നെടുവീൎപ്പുമുടനിയന്നു,
വിനയമോടു വണങ്ങിനില്പവരെന്നിതു കേൾപ്പൂ ഭുവി
വമ്പനോടു വമ്പില്ലാൎക്കും ( .... ജനനി

---

അനുപല്ലവി—എന്നാം അനുനീയ=അദ്ദേഹത്തെ സാമവാക്കുകൊണ്ടു സമാധാനിപ്പിച്ചു്. ഇവിടെ വരുത്തുവാൻ........ച്ചീടാവൂ=ഇവിടെ വരുത്തുവാൻ നാം ആരെയാണു് അയക്കുക? വമ്പനോടു വമ്പില്ലാൎക്കും=സമൎത്ഥനായ അദ്ദേഹത്തോടു് സാമൎത്ഥ്യം കാണിക്കുവാൻ ആൎക്കും സാധിക്കയില്ല.

ചരണം 1—"വമ്പനോടു വമ്പില്ലാൎക്കും" എന്നതിനെ സമൎത്ഥിക്കുന്നു:— അരിനൃവരപുരം=ശത്രുരാജാക്കന്മാരുടെ പുരം. അരുതരുതവനോടു്=അദ്ദേഹത്തോടു് എതിൎത്തു നില്ക്കുവാൻ സാദ്ധ്യമല്ല. ഇരുകരം=രണ്ടു കൈകൾ. നെടുവീൎപ്പു്=ദീൎഘശ്വാസം. വണങ്ങിനില്പവർ = വണങ്ങിനില്ക്കും. നളനോടു് എതിൎത്തുനില്പാൻ സാദ്ധ്യമല്ലെന്നു കരുതി ശത്രുരാജാക്കന്മാരെല്ലാം അദ്ദേഹത്തെ വണങ്ങി നില്ക്കുന്നു എന്നു ഭൂമിയിൽ പ്രസിദ്ധമാകുന്നു.

ചരണം ൨.

ബാലനല്ല ശിക്ഷ ചെയ്‌വാൻ, സംപ്രതി മറെറന്താവ-
(തോർത്താൽ
സാമമെന്നിയേ; സംഗതിയില്ലാത്ത ദിക്കിൽ
സാമന്തൻ താൻ എന്നപോലെ
അങ്ങെങ്ങാനും പോയ് വാണാൽ അവമാനത്തിന്ന-
ളവുണ്ടോ .... ജനനി

പദം ൧൬. പല്ലവി

പീഡിക്കേണ്ടാ തനയേ, സുനയേ.

അനുപല്ലവി

ഉദന്തമിഹ വന്നിതു പറഞ്ഞതാരോ നേരോ ചൊൽ,
ജനകനോടിനിയെന്നാൽ ഇതു ചെന്നു ചൊൽവൻ-
ബാലേ .... പീഡി

---

ചരണം 2—ബാലനല്ല=കുട്ടിയല്ല. സംപ്രതി=ഇപ്പോഠം. മറെറന്താവതു് = വേറെ എന്താണ് സാദ്ധ്യമായിട്ടുള്ളതു്. സാമമെന്നിയെ=സാമോപായമല്ലാതെ. സംഗതി = സംബന്ധം. സാമന്തൻ=കീഴ്‌രാജാവ്. അങ്ങെങ്ങാനും=വല്ല സ്ഥലത്തും. ശിക്ഷിപ്പാൻ അദ്ദേഹം ബാലനല്ല; സാമപ്രയോഗമല്ലാതെ വേറെ വഴിയില്ല; ഒരു സംബന്ധവുമില്ലാത്ത വല്ല ദിക്കിലും പോയി പാർത്താലുള്ള അപമാനത്തിന്നു അവസാനമുണ്ടോ?

പദം 16. പല്ലവി—ദമയന്തിയോടു് അമ്മ പറയുന്നതു്:—പീഡിക്കേണ്ടാ = വ്യസനിക്കേണ്ടാ. തനയേ=മകളേ!. സുനയേ=നല്ല നയശാലിനിയായവളേ.

അനുപല്ലവി—ഉദന്തം = വൃത്താന്തം. പറഞ്ഞതാരോ = ആരാണു പറഞ്ഞതു്. നേരോചൊൽ = നേരാണോ പറയൂ.

പദം ൧൪—ചരണം ൧.

പീഡിപ്പിച്ചീടരുതെന്നെ നീ മുന്നേ ജനകൻ പല ഭൂസുര—
പൃഥിവിയിൽ നീളെ നിന്നുടെ ദയിതൻ നളനെ (രാരേ
നിഖിലദിശി തിരവാനായ് നന്നായ് നിയോഗിച്ചു
(യച്ചാൻ;
അവരിലാരാനും വന്നാരോ ഇവിടെ?
മഹിളമാർമൌലേ! മംഗലശീലേ മതിമുഖി! മാഴ്കീ—
ടൊല്ലാ. .... പീഡി

പദം ൧൫. ചരണം ൩—ദമയന്തി.

പർണ്ണാദഗിരാ തദിദം വിദിതം;
പരമാർത്ഥമിതിന്നവനാൽ ഉദിതം
ചൊന്നാൻ അവനെന്നോടൊരു വാക്യംമയി പറവാ—
(നായ്വിജനേ;

---

ജനകനോട്=അച്ഛനോട്. ചൊൽവൻ=പറയാം. ഈ വാർത്ത മാനം സത്യമാണെങ്കിൽ അച്ഛനോട ചെന്നു പറയാം.

ചരണം 1.—പീഡിപ്പി . . . . . . . . . . . ന്നെ നീ= നീ എന്നെ വ്യസനിപ്പിക്കരുതു്. മുന്നേ = മുമ്പുതന്നെ. ഭൂസുരരെ = ബ്രാഹ്മണരെ. പൃഥിവിയിൽ=ഭൂമിയിൽ. നിഖിലദിശി = എല്ലാ ദിക്കിലും. അവരി........ഇവിടെ = അവരിലാരെങ്കിലും ഇവിടെ വന്നുവോ? മഹിളമാർ മണേ = സ്ത്രീരത്നമേ! മംഗലശീലേ = സത്സ്വഭാവമുള്ളവളേ!. മതിമുഖി = ചന്ദ്രമുഖി. മാഴ്കീടൊല്ല = ഖേദിക്കേണ്ട.

പദം 15—ചരണം 3— ദമയന്തിയുടെ വാക്ക്:— പർണ്ണാദഗിരാ = പർണ്ണാദന്റെ വാക്കിനാൽ. തദിദം = ഇതു്. വിദിതം = അറിയപ്പെട്ടു. പരമാർത്ഥം = സത്യം. ഉദിതം = പറയപ്പെട്ടതു്. ചൊന്നാൻ അവന............വിജനേ = അദ്ദേഹം എന്നോട പറവാനായി വിജനത്തിൽ വെച്ച് പർണ്ണാ

എന്നാലിനി ഞാനൊന്നു പറയാം; ഇനിയൊരു-
(മഹീസുരനെ
ഇവിടെ നാം വരുത്തി ഉടനെ ഋതുപർണ്ണാന്തികേ-
വിടണം .... ജനനി

ശ്ലോകം ൧൧. എരിക്കലക്കാമോദരി—ചെമ്പട.

ഇതി നിജ ജനയിത്രീമേരം വാർത്ത ചൊല്ലി-
ത്തദനുമതിയെ വാങ്ങിത്താതനും ബോധിയാതെ
സപദി കില സുദേവം സാരനാമദ്വിജേന്ദ്രം
സകൗതുകമിതി ചൊന്നാൾ സാ സമാനായ്യ ഭൈമീ ॥

പദം ൧൭. പല്ലവി

കരണീയം ഞാനൊന്നു ചൊല്ലുവൻ കേൾക്ക സുദേവ

---

ദനോട് ഒരു വാക്യം പറഞ്ഞു. എന്നാലിനി........പറയാം= എന്നാൽ അതുപോലെ ഒരു വാക്യം ഇനി ഞാനും പറയാം. ഇനിയൊരു മഹീസുരനെ........ഋതുപർണ്ണാന്തികേ വിടണം = ഇനി ഒരു ബ്രാഹ്മണനെ വരുത്തി ഋതുപർണ്ണന്റെ അടുക്കൽ അയക്കണം.

ശ്ലോകം 11—നിജനയിത്രീം=തന്റെ അമ്മയോട്. തദനുമതിയെ = അവരുടെ അനുവാദത്തെ. ബോധിയാതെ = അറിയാതെ. സപദി = വേഗം. സാരനാം = സമർത്ഥനായ. ആ ദ്വിജേന്ദ്രം സുദേവം= ആ ബ്രാഹ്മണശ്രേഷ്ഠനായ സുദേവനെ. സമാനായ്യ = വരുത്തീട്ട്. സാഭൈമീ= ആ ദമയന്തി. സകൗതുകം ഇതിചൊന്നാൾ = കൌതുകത്തോടുകൂടി ഇങ്ങിനെ പറഞ്ഞു. സാരംസ്പഷ്ടം. [വൃത്തം മാലിനി. "നനമയയയുഗമെട്ടിൽ തട്ടണം മാലിനിക്ക്" എന്നു ലക്ഷണം]

പദം 17—പല്ലവി. കരണീയം = ചെയ്യേണ്ടതു്. ഹേ സുദേവാ അങ്ങുന്നു ചെയ്യേണ്ട ഒരു കാര്യം ഞാൻ പറയുന്നുണ്ടു്.

ചരണം ൧.

ധരണിയിൽ മണ്ടിപ്പണ്ടു താതശാസനം കൈ-
(ക്കൊണ്ടു,
തദനു ചേദിപുരി പുക്ക നീയെന്നെക്കണ്ടു .... കരണീ

ചരണം ൨.

അവിടെന്നെന്നെക്കൊണ്ടുപോന്നു, താതപാദസന്നി-
(ധിചേർത്തു
ആരതോർത്തു? ദൈവഗതിയല്ലേ മേദിനീദേവ? ....കര

ചരണം ൩.

ഇനിയുമിപ്പോളെൻനിമിത്തമെൻമാതാവിൻനി-
(യോഗത്താൽ
ഇനിയും നിന്നാലൊന്നുണ്ടുവേണ്ടു കേൾക്കസുദേവ...ക

---

ചരണം 1—ധരണിയിൽ = ഭൂമിയിൽ. താതശാസനം = അച്ഛന്റെ കല്പന. തദനു=പിന്നെ. ചേദിപുരി = ചേദിരാജധാനി. പണ്ടു അച്ഛന്റെ കല്പനയാൽ ഭൂമിയിൽ മുഴുവൻ നടന്നു ചേദിപുരിയിൽ വെച്ച് അങ്ങ് എന്നെക്കണ്ടു.

ചരണം 2—താതപാദസന്നിധി = അച്ഛന്റെ സമീപം. ദൈവഗതി = ഈശ്വരേച്ഛ. മേദിനീദേവ = ബ്രാഹ്മണാ! ചേദി പുരിയിൽനിന്ന് എന്നെക്കൊണ്ടുപോന്ന് അച്ഛന്റെ അടുക്കലാക്കിയതു ദൈവഗതിയാലല്ലേ.

ചരണം 3— എൻനിമിത്തം = എനിക്കുവേണ്ടി. എൻമാതാ........ത്താൽ=എന്റെ അമ്മയുടെ കല്പനയാൽ. ഇനിയും........ആവേണ്ടു = ഇനിയും അങ്ങയെക്കൊണ്ട് ഒരു കാര്യം ചെയ്യേണ്ടതുണ്ട്.

ചരണം ൪.

ഇവിടെനിന്നു നടകൊണ്ടു, ഋതുപൎണ്ണഭൂപാലനെകണ്ടു,
സപരിതോഷംപൂജ കൈക്കൊണ്ടു, സാരസ്യംപൂണ്ടു—
.... കരണീയം

ചരണം ൫.

സമയഭേദം നോക്കിക്കൊണ്ടു, സഭയിലൊന്നു ചൊ—
(ല്ലിക്കൊണ്ടു
സാധുശീല വരിക നീ വീണ്ടും വൈകാതെകണ്ടും....ക

ചരണം ൬.

നമുക്കതുകൊണ്ടുപകാരം, നൈഷധദൎശനം സാരം
നിനക്കല്ലേ നീരസം പാരം നിത്യസഞ്ചാരം .... കര

ചരണം ൭.

സത്വരം നീ നിൎവ്വിചാരം സാധയ മേ കാൎയ്യഭാരം;
സത്തുക്കൾക്കന്യാധിസംഹാരം സൎവ്വാധികാരം....കര

ചരണം 4—5—സപരിതോഷം (ക്രി. വി) = സന്തോഷത്തോടുകൂടി. പൂജ=സൽക്കാരം. സാരസ്യം = രസികത്വം. സമയഭേദം = സമയമാറ്റം. സാധുശീല = സത്സ്വഭാവമുള്ളവനേ. ഋതുപൎണ്ണന്റെ സഭയിൽ ഒരു സംഗതി പറഞ്ഞുവരണം.

ചരണം 6—നമുക്കതു........കാരം = നമുക്കതുകൊണ്ടു ഉപകാരമാകും. നൈഷധദൎശനം സാരം = നൈഷധനെ കാണുന്നതു് സാരമാകുന്നു. നിനക്കല്ലേ.......നിത്യസഞ്ചാരം = നിനക്കു് നിത്യസഞ്ചാരം നീരസമല്ല.

ചരണം 7—നിൎവ്വിചാരം = വിചാരം കൂടാതെ. സാധയ = സാധിപ്പിച്ചാലും മേകാൎയ്യഭാരം=എന്റെ വലിയ കാൎയ്യം. സത്തുക്കൾക്കു് = സജ്ജനങ്ങൾക്കു്. അന്യാധിസംഹാരം = അന്യന്മാരുടെ ആധിയെ കളയൽ. സൎവ്വാധികാരം = പ്രധാന കൃത്യമാകുന്നു.

പദം ൧൮. പല്ലവി— മദ്ധ്യമാവതി—ചെമ്പട.

യാമി യാമി ഭൈമീ കാമിതം ശീഘ്രം സാധയി–
ഷ്യാമി സാമി സാധിതം മയാ.

അനുപല്ലവി

നാമിഹ സേവിച്ചു നില്പൂ, ഭീമരാജൻ ചൊല്ലു കേൾപ്പൂ
നീ മതിമുഖി പീഡിപ്പൂ, നാമിളകാതെയിരിപ്പൂ.... യാ

ചരണം ൧.

രാപ്പകൽ നടന്നാൽ ഇല്ലാമേ കാൽപ്പരിശ്രമം;
ഓർപ്പേനേ നിന്നാഴൽ എല്ലാമേ;
ബാഷ്പമെല്ലാം നില്ക്ക, നിന്നെ ചേർപ്പേനേ കാന്ത–
(നോടിപ്പോൾ;
താൽപരിയം മറെറാന്നില്ല; മേല്പടവയെട്ടക്കേണം–
.... യാമി

---

പദം 18—പല്ലവി. സുദേവൻ ദമയന്തിയോടു പറയുന്നു:— ഹേ ഭൈമിയാമി = അല്ലയോ ദമയന്തീ ഞാൻ പോകുന്നു. മയാ = എന്നാൽ. സാമിസാധിതം = പകുതി സാധിക്കപ്പെട്ട, കാമിതം = ഇഷ്ടത്തെ. ശീഘ്രം സാധയിഷ്യാമി = വേഗം സാധിപ്പിക്കാം.

അനുപല്ലവി—നാമിഹ........ചൊല്ലു കേൾപ്പൂ = ഞാൻ ഇവിടെ സേവിച്ചുകൊണ്ടു നില്ക്കുകയും ഭീമരാജാവിന്റെ വാക്കു കേൾക്കുകയും ചെയ്യുന്നു. നീമതിമുഖി........തെയിരിപ്പൂ. ഹേ ചന്ദ്രമുഖീ! നീ വ്യസനിക്കുകയും ഞാൻ ഇളകാതെയിരിക്കുകയും ചെയ്യുന്നു. ഞാൻ രാജസേവകനായ സ്ഥിതിക്കു നിന്റെ പീഡ കണ്ടു മിണ്ടാതിരിക്കുന്നതു് ശരിയല്ല.

ചരണം 1—കാൽപ്പരിശ്രമം=കാലുകൾക്കു തളർച്ച. ഓർപ്പേനെ=ഞാൻ ഓക്കും നിശ്ചയം. ബാഷ്പം = കണ്ണുനീർ. ചേർപ്പേനേ = ചേർത്തേക്കാം. താൽപ്പരിയം=താല്പര്യം. മേൽ

ചരണം ൨.

എത്രവഴി മണ്ടിനടന്നു പണ്ടു നിന്നെക്ക-
ണ്ടെത്തുവോളം? ഞങ്ങൾ തളർന്നു;
അത്തലില്ലതുകൊണ്ടാക്കും-ഇത്രമാത്രത്തിനെന്തുള്ളൂ?
ഉത്തരകോസലരാജ്യം ദ്വിത്രദിനപ്രാപ്യമല്ലോ?....യാ

ചരണം ൩.

ദീനതയെനിക്കില്ല, ബാലേ! സാകേതത്തിന്നു
ഞാനറിയും വഴി വഴിപോലെ.
ദാനവരെ വെല്ലും ചൈത്രഭാനവകുലീനം നൃപം
ഞാനറിയുമെന്നല്ലവൻ നൂനമെന്നെയും അറിയും...യാ

---

പ്പുടവ = രണ്ടാംമുണ്ടു്. ഞാൻ നിന്നെ നിന്റെ കാന്തനോടു് ചേർക്കുന്നുണ്ടു്. യാത്രക്കു രണ്ടാം മുണ്ടെടുക്കേണ്ടുന്ന താമസമേ യുള്ളൂ.

ചരണം 2—ഉത്തരകോസലരാജ്യം = അയോദ്ധ്യാപുരി. ദ്വിത്രദിനപ്രാപ്യം = രണ്ടോ മൂന്നോ ദിവസംകൊണ്ടു് എത്തിച്ചേരാവുന്നതു്. പണ്ടുനിന്നെ കണ്ടെത്തുവാൻ എത്രയോ വഴി നടന്നു. അതുകൊണ്ടും സങ്കടമുണ്ടായിട്ടില്ല. അയോദ്ധ്യയിൽ ചെന്നെത്തുന്നതു് അതിലും എളുപ്പമാണു്.

ചരണം 3—ദീനത = ദൈന്യം. സാകേതത്തിന്നു് = അയോദ്ധ്യയിലേക്കു്. ദാനവരെ വെല്ലും ചൈത്രഭാനവകുലീനം = അസുരന്മാരെ ജയിക്കുന്ന സൂര്യവംശത്തിൽ പിറന്ന രാജാവിനെ (ഋതുപർണ്ണനെ). ഋതുപർണ്ണനെ ഞാനറിയും എന്നല്ല അദ്ദേഹം എന്നേയും അറിയും.

ചരണം ൪.

"ആളയച്ചിട്ടുണ്ടെന്നോന്നില്ലാ, ഇല്ലെന്നോന്നില്ലാ,
നീളെനിന്നുവന്നു- കളിയല്ലാ,-
ആളകമ്പടിയോടും മേളവാദ്യഘോഷത്തോടും
വാളുമാടമ്പുള്ളോരെത്തി, വേളിനാളെ" എന്നും-
ചൊല്ലാം .... യാമി

ശ്ലോകം ൧൨. ധനാശി—ചെമ്പട.

ധൃതമുദേവമുദീര്യ്യ സുധീര്യ്യയൌ
സ തു തദൈവ സുദേവ മഹീസുരഃ।

---

ചരണം 4—ആളയച്ചിട്ട് = ആളുകളെ അയച്ചിട്ട്. ഉണ്ടെന്നോന്നില്ലാ = ഉണ്ടെന്നു പറയുവാനില്ല. ഇല്ലെന്നോന്നില്ല= ഇല്ലെന്നു പറയുവാനും ഇല്ല. നീളെ നിന്നു വന്നു=എല്ലാ ദിക്കുകളിൽനിന്നും വന്നു. കളിയല്ലാ = നേരംപോക്കല്ലാ. ആളകമ്പടിയോടും=അകമ്പടിക്കാരോടും. മേളവാദ്യഘോഷത്തോടും = വാദ്യഘോഷത്തോടും(കൂടി) വാളുമാടമ്പുള്ളോർ = രാജചിഹ്നമുള്ള രാജാക്കന്മാർ. വേളിനാളെ = വിവാഹം നാളെയാണ്. "നളനെ തിരയുവാൻ നാനാസ്ഥലങ്ങളിലും ആളെ അയച്ചിട്ട് അദ്ദേഹം ഇന്നേടത്തുണ്ടെന്നോ എവിടേയും ഇല്ലെന്നോ പറവാൻതക്ക വിവരമൊന്നും കിട്ടീട്ടില്ല. അതിനാൽ ദമയന്തിക്കു രണ്ടാംവിവാഹം നിശ്ചയിച്ചിരിക്കുന്നു, അതിന്നു് പല രാജ്യങ്ങളിൽനിന്നുമുള്ള രാജാക്കന്മാർ എത്തിച്ചേർന്നു. നാളെയാണ് വിവാഹം." എന്നും ഞാൻ പറയാം.

ശ്ലോകം 12.—സുധീഃ സഃ—സുദേവ മഹീസുരഃതു = ബുദ്ധിമാനായ ആ സുദേവ ബ്രാഹ്മണനാകട്ടെ. ധൃതമുത് = സന്തോഷമുള്ളവനായിട്ട്. ഏവം ഉദീര്യ്യ = ഇപ്രകാരം പറഞ്ഞിട്ട്. തദാ ഏവ യയൌ=അപ്പോൾതന്നെ പോയി. സദേ

സദസി ചോപസസാര സസാരഥിം
കഥിതവാംശ്ച ഋതുപൎണ്ണമഹീപതിം ||

പദം ൧൯. പല്ലവി

മാന്യമതേഖിലഭുവനതതകീൎത്തേ ബുധജനമാന്യ-
(മതേ!

അനുപല്ലവി

ദൈന്യമെന്നവാൎത്തപോലും പരമൊരുപൊഴുതറി-
(യാതഭവാൻ
വൈന്യസമ! ഋതുപൎണ്ണഭൂമിപ! വചനമേതദുപകൎണ്ണ-
യതാം മമ .... മാന്യ

---

സി = സദസ്സിൽ. ഉപസസാര= അടുത്തുചെല്ലുകയും. സസാരഥിം ഋതുപൎണ്ണമഹീപതിം=സാരഥിയോടുകൂടിയ ഋതുപൎണ്ണരാജാവിനോടു്. കഥിതവാൻച = പറയുകയും ചെയ്തു. [വൃത്തം ദ്രുതവിളംബിതം. "ദ്രുത വിളംബിതമാം നഭവും ഭരം" എന്നു ലക്ഷണം.]

പദം 19—പല്ലവി. മാന്യമതേ = മന്യമായ ബുദ്ധിയോടുകൂടിയവനേ. അഖില ഭുവനതതകീൎത്തേ = എല്ലാ ലോകങ്ങളിലും തതമായ (പരന്ന) കീൎത്തിയുള്ളവനേ. ബുധജനമാന്യമതേ = വിദ്വജ്ജനങ്ങളാൽ മാന്യമായ ബുദ്ധിയോടുകൂടിയവനെ (എല്ലാം സംബോധന)

അനുപല്ലവി—ദൈന്യം=ദീനത. അറിയാത=അറിയാത്ത. വൈന്യസമ=വൈന്യനോടു് (പൃഥുചക്രവൎത്തിയോടു) തുല്യനായവനേ. മമ എതൽ വചനം ഭവാൻ ഉപകൎണ്ണയതാം=എന്റെ ഈ വാക്കിനെ അങ്ങു കേൾക്കണം.

ചരണം ൧.

ശങ്കനീയനെന്നാകിലും കുതുകം കഥഞ്ചന ചൊല്ലു-
(വൻ;
നിങ്കലവസരമനങ്കുശമെന്നൊരിംഗിതമിങ്ങനെ
സങ്കുലാ സകലാ ഭൂമണ്ഡലീ സാമ്പ്രതം ധരിയാ-
(ഞ്ഞിതോ?
ശംഖമദ്ദളമംഗലധ്വനി ദിങ്മുഖേഷു നിശമ്യതേ
.... മാന്യ

ചരണം ൨.

എന്തിതിന്നൊരു കാരണം ശൃണു—പന്തണിമുലമാർ-
(മണി
സുന്ദരീ ദമയന്തി കാനനഭ്രാന്തനൈഷധരോഷിണീ

---

ചരണം 1.— ശങ്കനീയൻ = ശങ്കിക്കപ്പെടേണ്ടവൻ. കുതുകം = രസകരമായ വൃത്താന്തം. കഥഞ്ചന = വല്ലവിധത്തിലും. നിങ്കലവസര........തമിങ്ങനെ = നിന്റെ അടുക്കൽ പറയുവാനുള്ള അവസരം അനങ്കുശമാണ് (തടസ്ഥമില്ലാത്തതാണ്) എന്ന ഇംഗിതം (വിചാരം) എനിക്കുണ്ട്. സങ്കുലാ..... സാമ്പ്രതം (സാമ്പ്രതം സകലാ ഭൂമണ്ഡലീ സങ്കുലാ) = ഇപ്പോൾ ഭൂമി മുഴുവനും ഇളകിയിരിക്കുന്നു. ധരിയാഞ്ഞിതോ = അങ്ങു ധരിച്ചില്ലേ. ശംഖ..........ധ്വനി = ശംഖങ്ങളുടേയും മദ്ദളങ്ങളുടേയും മംഗളനാദം. ദിങ്മുഖേഷു നിശമ്യതേ = ദിക്കുകളുടെ മദ്ധ്യങ്ങളിൽ കേൾക്കപ്പെടുന്നു.

ചരണം 2—എന്തിതി........ശൃണു = ഇതിന്നു കാരണമെന്തെന്നു കേട്ടാലും. പന്തണിമുലമാർമണി = പന്തുപോലെ ഭംഗിയുള്ള സ്തനങ്ങളുള്ള സ്ത്രീകളിൽവെച്ചു രത്നമായവൾ. കാനനഭ്രാന്തനൈഷധരോഷിണീ = കാട്ടിൽ ഭ്രാന്തനായ (ഭ്രമിച്ചുപോയ) നളന്റെ പേരിൽ കോപമുള്ളവളായിട്ട്. നി

താൻതനിക്കു നിതാന്തരമ്യനിശാന്തകേളിഷു ബാ-
(ന്ധവം
കാന്തനാക്കി നൃപാന്തരംവരിപ്പാൻതുനിഞ്ഞു സഭാ-
ന്തരെ .... മാന്യ

ചരണം ൩.

എന്നുകേട്ടൊരു വാചകം ചതുരർണ്ണവാന്തരരാജകം
എന്നൊടെന്നൊടു സുന്ദരാംഗിയിണങ്ങുമെന്നൊരു-
(കൌതുകാൽ
വന്നുവന്നുനിറഞ്ഞു കുണ്ഡിനം ഇന്നതെന്നുറച്ചിന്നലേ,
ഇന്നുകേട്ടിതു നാളെയെന്നിതൊരാളുമൂലമിതെ-
ന്നതും .... മാന്യ

---

ന്താരമ്യ നിശാന്തകേളിഷു = അതിമനോഹരങ്ങളായ അന്തഃപുരക്രീഡകളിൽ. ബാന്ധവം നൃപാന്തരം = ബന്ധുവായ മറ്റൊരു രാജാവിനെ. താൻ തനിക്കു കാന്തനാക്കി = താൻതന്നെ തനിക്കു ഭർത്താവാക്കി. സഭാന്തരേ വരിപ്പാൻ തുനിഞ്ഞു = സഭാമദ്ധ്യത്തിൽവെച്ചു വരിക്കുവാൻ തുനിഞ്ഞിരിക്കുന്നു.

ചരണം 3—എന്നു കേട്ടൊരു വാചകം = മേൽപ്രകാരം ദമയന്തി വീണ്ടും സ്വയംവരത്തിനൊരുങ്ങിയിരിക്കുന്നു എന്ന വാക്യം കേട്ടിട്ട്. ചതുരർണ്ണവാന്തരരാജകം = നാലു സമുദ്രങ്ങളുടെ മദ്ധ്യത്തിലുള്ള രാജസമൂഹം. എന്നൊടെന്നൊ.......... കൌതുകാൽ = സുന്ദരിയായ ദമയന്തി എന്നോടെന്നോട് ഇണങ്ങുമെന്നുള്ള കൌതുകത്താൽ. വന്നുവന്നു....കുണ്ഡിനം = കുണ്ഡിനപുരിയിൽ വന്നു നിറഞ്ഞു. ഇന്നതെ..........ച്ചിന്നലേ = ഇന്നാണ് വിവാഹമെന്നു ഇന്നലെ കേട്ടു. ഇന്നു കേട്ടിതുമിതെന്നതും = ഇന്നൊരാൾ മുഖേന അതു നാളെയാണെന്നും കേട്ടു.

പദം ൨൦. കല്യാണി—ചെമ്പട.

പല്ലവി.

വരിക ബാഹുക, എന്നരികിൽ വരിക ബാഹുക
നിരുപമാനസാരഥ്യസാരസ്യപാകേഷു നീ കേൾക്ക
(ലോകൈകമാന്യ .... വരിക

ചരണം ൧.

അധരിതസകലനരലോകം ആത്മനൈപുണം
സഫലമാക്കിക്കൊൾവാനിന്നു തരമൊരവസരം,
അതിനു നീതാനൊരാളെന്നു നിർണ്ണയം
മനസി മാമകേ, തദിഹ മാസ്തു വൈപരീത്യ-
മെന്തെന്നും കഥയാമി മന്ദത കളയേണം .... വരിക

---

പദം 20. പല്ലവി—സുദേവന്റെ വാക്കുകേട്ടു് ദമയന്തീസ്വയംവരത്തിന്നു കുണ്ഡിനപുരിയിലേക്കു പോവാനാഗ്രഹിച്ചിട്ടു് ഋതുപർണ്ണൻ ബാഹുകനോടു പറയുന്നതു്—വരികബാഹുക എന്നു ഇരട്ടിച്ചു പറഞ്ഞതു് സംഭ്രമദ്യോതകമാകുന്നു.

അനുപല്ലവി—സാരഥ്യ സാരസ്യ പാകേഷു നിരുപമാന = സാരഥ്യത്തിലും സാരസ്യത്തിലും പാകവിദ്യയിലും നിസ്തുല്യനായവനേ. ലോകൈകമാന്യ = ലോകങ്ങളിൽ പ്രധാന മാന്യനായവനേ! നീ കേൾക്ക. ഞാൻ പറയുന്നതു് നീ കേട്ടാലും.

ചരണം 1—അധരിത സകല നരലോകം = മനുഷ്യലോകത്തെ മുഴുവനും താഴ്ത്തിയിരിക്കുന്നു. ആത്മനൈപുണം = തന്റെ സാമർത്ഥ്യത്തെ. സഫലമാക്കി..........മൊരവസരം = സഫലമാക്കുവാൻ തക്ക ഒരവസരം ഇന്നുണ്ടായിരിക്കുന്നു. അതിനു നീതാ........മാമകേ = അതിനു നീ മാത്രമേ സമർത്ഥനായിട്ടുള്ളുവെന്നു എന്റെ മനസ്സിൽ നിശ്ചയമുണ്ടു്. തൽ ഇഹ വൈപരീത്യം മാ അസ്തു = അതിനാൽ ഇക്കാര്യത്തിൽ വി

ചരണം ൨.

അകൃതകപ്രണയമനുരാഗമാർദ്രഭാവവും
സുകൃതസാദ്ധ്യമെന്നിൽ മുന്നേ ഭൈമിക്കിതു ദൃഢം
അവനിസുരന്റെ വാക്കിനുമോർക്കണമിതിഹ കാരണം
അതിനു ശാസ്ത്രം കാമശാസ്ത്രം, സൂത്രം താനറിയാതോ
സുന്ദരി വിദുഷീ സാ? .... .... ഫരിക

ചരണം ൩.

നളനതിസുകൃതീ, അതുമൂലമന്നു സാദ്ധ്യമായി
ലളിതഗാത്രീമേളനം; ഇന്നു ലഭിക്കുമെന്നു മേ

---

പരീതഭാവമരുതു്. എന്തെന്നും കഥയാമി = കാര്യമെന്തെന്നു പറയാം. മന്ദതകളയേണം = മന്ദഭാവത്തെ (മടിയെ) വെടിയണം.

ചരണം 2— അകൃതകപ്രണയം = അകൃത്രിമമായ സ്നേഹം. അനുരാഗം = പ്രേമം. ആർദ്രഭാവം = ദയ. സുകൃതസാദ്ധ്യം = സുകൃതംകൊണ്ടു സാധിക്കേണ്ടതു്. ഭൈമിക്കു് = ദമയന്തിക്കു്. ദൃഢം = നിശ്ചയം. ദമയന്തിക്കു മുമ്പുതന്നെ എന്റെ പേരിൽ പ്രണയാദികളുണ്ടെന്നു നിശ്ചയമാണു്. അവനിസുരന്റെ.......തിഹ കാരണം = സുദേവബ്രാഹ്മണന്റെ വാക്കിന്നും ഇതുതന്നെയാണു് കാരണം. അതിനു ശാസ്ത്രം കാമശാസ്ത്രം = അതിനു പ്രമാണം കാമശാസ്ത്രംതന്നെ. സൂത്രം താ.......വിദുഷീസാ = വിദുഷിയായ അവൾ സൂത്രം അറികയില്ലേന്നോ?

ചരണം 3—അതിസുകൃതി = വലിയ പുണ്യവാൻ. ലളിതഗാത്രീമേളനം = സുന്ദരിയായ ദമയന്തിയോടുള്ള ചേർച്ച. നളൻ സുകൃതിയാകയാലാണു് ആദ്യം അദ്ദേഹത്തിന്നു ദമയന്തിയെ ലഭിച്ചതു്. ഇന്നു ലഭിക്കു..........നീ തെളിക്കണം = ഇന്നെനിക്കവളെ ലഭിക്കുമെന്നു വിചാരിച്ചു തെളി-

തെളിവിനോടു തേർ നീ തെളിക്കേണം; ഗളിതസം-
നളിനബന്ധുതാനുദിക്കിൽ നാളെപ്പോൾ (ശയം,
നളിനാക്ഷിതന്നോടു ഘടനീയാ നന്മണിരമണീയാ-
.... വരിക

ശ്ലോകം ൧൩. ദ്വിജാവന്തി—ചെമ്പട.

സുദേവോക്താ വാണീ സ്വദയിതതമോദന്തപിശുനാ
സുധാമിശ്രാ പൂർവ്വം ശ്രവസി വിഷധാരേവ പതിതാ।
അഥോൽക്കേവാസഹ്യാ ന്യപതദൃതുപർണ്ണസ്യ ച-
(ഗിരാ
തതശ്ചിന്താമാപത്തരളഹൃദയോ ബാഹുക ഇമാം ॥

---

വോടുകൂടി നീ തേർതെളിക്കണം. ഗളിതസംശയം (ക്രി. വി) = സംശയം കൂടാതെ. നളിനബന്ധു = സൂര്യൻ. നളിനാക്ഷി = സുന്ദരി. ഘടനീയാ = ചേർക്കപ്പെടണം. നന്മണിരമണീയാ = നല്ല രത്നംപോലെ രമ്യയായവൾ (ദമയന്തീ വിശേഷണം) നാളെ സൂര്യോദയത്തിന്നു മുമ്പിൽ എന്നെ ദമയന്തീ സമീപത്തിൽ എത്തിക്കണം.

ശ്ലോകം 13—സുദേവോക്താ സ്വദയിത തമോദന്ത പിശുനാ വാണീ = സുദേവനാൽ പറയപ്പെട്ടതും തന്റെ പ്രിയതമയുടെ വർത്തമാനത്തെ സൂചിപ്പിക്കുന്നതുമായ വാക്ക്. പൂർവ്വം സുധാമിശ്രാ (പുനഃ) വിഷധാരാ ഇവ = ആദ്യം അമൃതിനോടുകലർന്നതും പിന്നീടു വിഷധാരപോലെയിരിക്കുന്നതുമായിട്ട്. ശ്രവസിപതിതാ = ചെവിയിൽ വീണു. അഥ = പിന്നെ. ഋതുപർണ്ണസ്യഗിരാ = ഋതുപർണ്ണന്റെ വാക്കിനാൽ. ഉൽക്കാ ഇവ = തീക്കൊള്ളിപോലെ. അസഹ്യാ ന്യപതൽ = സഹിപ്പാൻ വയ്യാത്തതായിട്ടും വീണു. തതഃ = അനന്തരം. ബാഹുകഃ തരളഹൃദയഃ = ബാഹുകൻ ചഞ്ചലമാനസനായിട്ടു. ഇമാം ചിന്താം ആപൽ = ഈ (താഴെ കാണിക്കുംപ്രകാര

പദം ൨൧. പല്ലവി.

മറിമാൻകണ്ണിമൌലിയുടെ മറിവാർക്കിതറിയാം?

അനുപല്ലവി.

ഒരുമയായ് രമിച്ചിരുന്നൊരു മയാപരാധം
അവശം ചെയ്യപ്പെട്ടതോർത്താൽ വിധുരം നിതരാം—
ചെയ്വാനോ .... മറി

ചരണം ൧.

ആർത്തി പാരം വരുന്നേരമോർത്തു ചൊല്ലുമോരോന്നേ
ചേർത്തു കണ്ണാകണ്ണികയാം ധൂർത്തരതറിഞ്ഞു

---

മുള്ള) ചിന്തയെ പ്രാപിച്ചു. [വൃത്തം ശിഖരിണി. "യതിക്കാറിൽത്തട്ടും യമനസഭലംഗം ശിഖരിണീ" എന്നു ലക്ഷണം.]

പദം 21. പല്ലവി—ബാഹുകന്റെ ചിന്തയെ പറയുന്നു:—മറിമാൻകണ്ണിമൌലിയുടെ = സുന്ദരീമൌലിയുടെ (ദമയന്തിയുടെ). മറിവാർക്കിതറിയാം = ഈ മറിവ് (മായ) ആർക്കറിവാൻ കഴിയും.

അനുപല്ലവി—ഒരുമയായ്............മയാ = ഒരുമയോടു കൂടി രമിച്ചിരുന്ന എന്നാൽ. അവശം (ക്രി. വി) = പരവശമായിട്ട്. അപരാധം ചെയ്യപ്പെട്ടതോർത്താൽ = തെററു ചെയ്യപ്പെട്ടതു വിചാരിച്ചാൽ. വിധുരം = ആകുലത. നിതരാം ചെയ്വാനോ = ഏററവും ചെയ്യുന്നതിന്നായിരിക്കുമോ?. ഞാൻ ചെയ്ത തെററിന്ന് എന്നെ വ്യസനിപ്പിക്കുവാനുള്ള ഒരു സൂത്രമായിരിക്കുമോ ഇതു്.

ചരണം 1—ആർത്തിപാരം........മോരോന്നേ = വളരെ ദുഃഖം വരുമ്പോൾ അവൾ ഓരോന്നു വിചാരിച്ചു പറഞ്ഞിരിക്കും. ചേർത്തു............ധൂർത്തരതറിഞ്ഞു = അതു കണ്ണാകണ്ണികയാൽ (ഒരാളുടെ ചെവിയിൽ പക്ക് മറെറാരാളുടെ ചെവി

ഓർത്തുറച്ചുവരുമെങ്ങു പാർത്ഥിവന്മാരെത്തുകിലും
തീർത്തു ചൊല്ലാം നിന്ദ്യകർമ്മം താർത്തേന്മൊഴി ചെ-
യ്കയില്ലാ. .... മറി

ചരണം ൨.

അനവധി മമ പുനരപരാധം, അതിനിതു സമുചി-
(തമതിവാദം
അഴൽ മനമതിലെഴുമൊരു പോതങ്ങൾ പറകിലാമേ
അതൊഴികെ അനുചിതമൊരുനാളും
അപഥിഷു മതിഗതി അവൾക്കില്ലാ അതിപരിചിത-
(മെനിക്കവൾ ശീലം;
അലമലമതിചപലവിലപിതവിലസിതമിതു നൃപ—
.... മറി

---

യിലേക്ക് എന്ന ക്രമത്തിൽ) ധൂർത്തന്മാർ അറിയാതിരിക്കണം. ഓർത്തുറച്ചുവരു............രെത്തുകിലും = വിവരമറിഞ്ഞു് അതു വാസ്തവമാണെന്നോർത്തു് രാജാക്കന്മാരെല്ലാം വരുന്നതായാൽ കൂടിയും. തീർത്തു ചൊല്ലാം........ചെയ്കയില്ലാ = താർത്തേന്മൊഴി (പുത്തേൻ വാണിയായ ദമയന്തി) നിന്ദ്യകർമ്മം ചെയ്കയില്ലെന്നു തീർത്തുപറയാം.

ചരണം 2—മമ പുനഃ അപരാധം അനവധി = എനിക്കാകട്ടെ തെറ്റ് അവധിയില്ലാത്തതാണ്. അതിനിതു സമുചിതമതിവാദം = അതിന്ന് ഈ അതിവാദം (കടത്തി പറയൽ) ഉചിതം തന്നെ. അഴൽമനമതി.......പറകിലാമേ = മനസ്സിൽ അധികം ദുഃഖം പെരുകുമ്പോൾ ഈ അതിവാദം അവൾ പറഞ്ഞതാണെന്നും വരും. അതൊഴികെ = അങ്ങനെ പറയുന്നതൊഴിച്ചു്. അനുചിതം (ക്രി. വി.) ഉചിതമല്ലാതെ. അപഥിഷു മതിഗതി = ദുർമ്മാർഗ്ഗങ്ങളിൽ മനോഗതി. ഒരു നാളും അവൾക്കില്ല. = ഒരിക്കലും അവൾക്കുണ്ടാ

ചരണം ൩.

പ്രകടിതമഭിമതമൃതുപൎണ്ണ! വധൂമണിഗുണഗണഹൃ-
(തകൎണ്ണ!
മമ മതിഗതി പുനരിതിവൎണ്ണമരുതെന്നുമില്ലാ ഇവ-
(നോടു-
മഹമിഹ തവസൂതൻ അണിമണിരഥവരമധിരോ-
ഹ, ഭജ പുരമഭിമതമതിവേഗം മുന്നം;
അഹിമകിരണനഥ ചരമഗിരിശിരസി നിപതതു-
.... മറി

---

കയില്ലാ. അതിപരി.......ശീലം = എനിക്കവളുടെ ശീലം വളരെ പരിചയമുള്ളതാണ്. അലമല........മിതുനൂനം = മതി, മതി ഋതു നിശ്ചയമായും അതിചപലവിലസിതം (അത്യന്തചപലന്മാരുടെ വിലാപം) ആയിരിക്കും. ഇത്രത്തോളം ബാഹുകന്റെ വിചാരമാകുന്നു.

ചരണം 3—ബാഹുകൻ ഋതുപൎണ്ണനോടു പറയുന്നു:—ഹേ ഋതുപൎണ്ണ അഭിമതം പ്രകടിതം = അല്ലയോ ഋതുപൎണ്ണാ, അങ്ങയാൽ അഭീഷ്ടം പ്രകടമാക്കപ്പെട്ടു.. വധൂമണിഗുണഗണഹൃതകൎണ്ണ = സ്ത്രീരത്നത്തിന്റെ ഗുണഗണങ്ങളാൽ വശീകരിക്കപ്പെട്ട കൎണ്ണങ്ങളോടുകൂടിയവനേ (സംബോധന) മമ മതിഗതി........മരുതെന്നുമില്ലാ = എന്റെ മനസ്സിന്റെ പോക്ക് ഇതിപ്രകാരം ആയിക്കൂടെന്നില്ലാ എന്നാണ്. ഇവനോടും = ഈ വാൎഷ്ണേയനോടുകൂടെ. അഹമിഹ തവസൂതൻ = ഞാൻ ഇതാ നിനക്കു സൂതനായിരിക്കുന്നു. അണിമണിരഥവരമധിരോഹ = ഈ അലംകൃതമായ മണിത്തേരിൽ കയറുക. ഭജപുരമഭിമതം മതിവേഗം മുന്നം = അഭിമതമായ പുരത്തെ ആദ്യം പ്രാപിച്ചാലും. അഥ അഹിമകിരണൻ ചരമഗിരിശിരസിനിപതതു = അനന്തരം ആദിത്യൻ ചരമാദ്രിയു

ശ്ലോകം ൧൪.

എന്നിവണ്ണമൃതുപർണ്ണഭൂപനുപകർണ്ണ്യ
ബാഹുകഗിരം തദാ
നന്നു നന്നു തവ നൈപുണം സഫലമിന്നു-
നിക്കിതുപകാരമായ്
എന്നു ചൊല്ലിയുടനന്യരാരുമറിയാതെ
തേർ കയറി മൂവരും
മന്ദമെന്യെ നടകൊണ്ടിതങ്ങു രഥവേഗ-
മെന്തു പറയാവതോ?

ശ്ലോകം ൧൫. കല്യാണി — മുറിയടന്ത.

കാണുമ്പോൾ ക്ഷണമപി പിന്നിലാമശേഷം,
വീണുംപോമപരിചിതൻ വ്യപേതധൈര്യം,

---

ടെ ശിരസ്സിൽ പതിക്കട്ടെ, സൂര്യാസ്തമയത്തിന്നു മുമ്പ് കുണ്ഡിനത്തിൽ എത്തിക്കണമെന്നു സാരം.

ശ്ലോകം 14. ഉപകർണ്ണ്യ = കേട്ടിട്ട്. ബാഹുകഗിരം = ബാഹുകന്റെ വാക്കിനെ. തവനൈപുണം സഫലം = നിന്റെ സാമർത്ഥ്യം സഫലമായി. മൂവരും ഋതുപർണ്ണനും ബാഹുകനും വാർഷ്ണേയനും. മന്ദമെന്യെ = താമസം കൂടാതെ. സാരം സ്പഷ്ടം [വൃത്തം കുസുമമഞ്ജരി. "രംനരം നരനരം നിരന്നു വരുമെങ്കിലോ കുസുമമഞ്ജരി" എന്നു ലക്ഷണം]

ശ്ലോകം 15— കാണുമ്പോൾ........പിന്നിലാമശേഷം = മുമ്പിൽ കണ്ട വസ്തു മുഴുവനും രഥത്തിന്റെ അതിവേഗത്താൽ ക്ഷണനേരംകൊണ്ടു പിന്നിലാകും. വീണുംപോ........വ്യപേതധൈര്യം = നല്ല പരിചയമില്ലാത്തവൻ ധൈര്യം പോ

തീക്ഷ്ണമാം രഥഗതിവേഗശക്തിയെന്നും
വാർഷ്ണേയൻ വലിയൊരു ചിന്തപൂണ്ടു ചൊന്നാൻ.

പദം ൨൨. പല്ലവി.

ആരയ്യാ! ഈ ബാഹുകൻ ദേവേന്ദ്രസൂതനോ പാർക്കി-
(ലാരയ്യാ!

അനുപല്ലവി.

വീരാധിവീരൻ കോസലപതിസാരഥിയായി
ഭൂതലേ വാണിടുന്നോനിവ .... .... നാരയ്യാ

ചരണം ൧.

അശ്വ പാർക്കിൽ നൈപുണ്യമേവം, മററശ്വമേ പാ-
(രിൽ കണ്ടീല ഞാനോ
നേക്കുനേരേ? നിഖിലവും വിദ്യാ, വാക്കിതെല്ലാരു-
(കൌശലവും;

---

യി വീണുവെന്നും വരാം. തീക്ഷ്ണേയം........ശക്തി = ഈ രഥത്തിന്റെ ഗതി വേഗത്തിന്റെ ശക്തി കഠിനംതന്നെ. എന്നും = എന്നിങ്ങനെ. ചിന്തപൂണ്ടു വാർഷ്ണേയൻ ചൊന്നാൻ= വിചാരം കലന്നു വാർഷ്ണേയൻ താഴെ കാണുംപ്രകാരം പറഞ്ഞു [വൃത്തം പ്രഹർഷിണി. "ത്രിച്ഛിന്നാം മനജരഗം പ്രഹർഷിണിക്ക്" എന്നു ലക്ഷണം]

പദം 22—പല്ലവി—രഥവേഗം കണ്ടു് വാർഷ്ണേയൻ തന്നത്താൻ പറയുന്നതു്:— അയ്യാ എന്നതു് അത്ഭുതദ്യോതകമായ നിപാതമാകുന്നു. ദേവേന്ദ്രസൂതൻ = മാതലി.

അനുപല്ലവി.— കോസലപതിസാരഥി = അയോദ്ധ്യാരാജാവായ ഋതുപർണ്ണന്റെ സൂതൻ. ഭൂതലേ = ഭൂമിയിൽ. ഋതുപർണ്ണസാരഥിയായി ഭൂമിയിൽ വാഴുന്ന മാതലി തന്നെയാണോ വീരനായ ഈ ബാഹുകൻ!

ചരണം 1— നൈപുണ്യം = സാമർത്ഥ്യം നിഖിലവും വിദ്യ = എല്ലാം വിദ്യതന്നെ. കൌശലം = നൈപുണ്യം. അ

ഇല്ല തമ്മിലകലവും, താരതമ്യശകലവും
ഈഷലുണ്ടിവൻ നൈഷധൻ, സൂതവേഷധാരിവാ-
നിവ .... നാരയ്യാ

ചരണം ൨.

മാറ്റും പാർക്കിലടങ്ങാളം നന്നു്; പാർപ്പവോന്നെ-
(ല്ലാമൊട്ടക്കമടുക്കത്തു;
തേക്കവേഗമനുപമം; ഇതു നോക്കുവാൻപോലുമാ-
(ളല്ലേ,
ഇക്കർമ്മത്തിൽ നാമല്ലേ; പരിശ്രമിപ്പോരില്ലേ?
ഈഷലുണ്ടിവൻ നൈഷധൻ, സൂതവേഷധാരിവാ-
നിവ .... നാരയ്യാ

---

കലം = അകൽച്ച. താരതമ്യശകലം = സാദൃശ്യത്തിൻെറ ലേശം പോലും. ഈഷൽ = സംശയം. നൈഷധൻ = നളൻ. സൂതവേഷധാരിവാൻ = സൂതവേഷധാരിയായിരിക്കാം. (വാൻ എന്ന നിപാതം വാക്യാലങ്കാരമാകുന്നു) ഇദ്ദേഹത്തെപ്പോലെ മററാർക്കും നൈപുണ്യമില്ല. എനിക്കും ഇദ്ദേഹത്തിനും തമ്മിൽ വളരെ അടുപ്പമുണ്ടെങ്കിലും തെല്ലുപോലും സാമ്യമില്ലാ. സൂതവേഷം പൂണ്ടിരിക്കുന്ന ഇദ്ദേഹം നളൻതന്നെയായിരിക്കുമോ എന്നു് എനിക്കു സംശയമുണ്ടു്.

ചരണം 2— മാറ്റും = വഴി. പാർപ്പവൊ........അടുക്കത്തു ഒട്ടക്കം പാർപ്പവൊന്നെല്ലാം അടുക്കത്തു = അകലെ കാണാവുന്നതൊക്കെയും വേഗം അടുത്താകുന്നു. തേക്കവേഗമനുപമം = തേരിന്നുള്ള വേഗം അതുല്യമാണു്. ഇതു നോക്കുവാൻപോലുമാളല്ല = ഇതു നോക്കി അറിയുവാൻപോലും ശക്തനല്ല. ഇക്കർമ്മത്തിൽ = ഇത്തൊഴിലിൽ. നാമല്ലേ = നാം മതിയാകുന്നതല്ലതന്നെ. പരിശ്രമിപ്പോർ = പ്രയത്നിക്കുന്ന

ചരണം ൩.

മൂഢനാകിൽ ഞാനത്രേ പാരിൽ പ്രൗഢപരിചയം
(കൂടെ വസിച്ചിട്ടും,
പാടവം കണ്ടു രസിച്ചിട്ടും, തമ്മിലൂഢസൗഹൃദം—
(രമിച്ചിട്ടും,
തേടീടിനേനില്ലൊട്ടും ശങ്കാലവം, ഇതു കഷ്ടം
ഈഷലെന്തിവൻ നൈഷധൻ, സൂതവേഷധാരി—
വാനിവ .... നാരസ്യം

---

വർ. തേരിന്റെ വേഗം നോക്കുമ്പോൾ സൂതനായ ഈ ബാഹുകൻ നളൻതന്നെയായിരിക്കുമോ എന്നു് സംശയം തോന്നുന്നു. (മാർഗ്ഗം പാർക്കിലങ്ങോളമന്നന്നു പോക്കാവൊന്നല്ല എന്നും ഒരു പാഠം കാണുന്നുണ്ടു്. "പരിശ്രമിപ്പോരില്ലേ" എന്നതിന്നു പകരം പരിശ്രമിപ്പോരെല്ലാം എന്നും പാഠമുണ്ടു്.)

ചരണം 3— മൂഢൻ = ബുദ്ധിഹീനൻ. പ്രൗഢപരിചയം (ക്രി. വി.) വർദ്ധിച്ച പരിചയത്തോടുകൂടി. പാടവം = സാമർത്ഥ്യം. ഊഢസൗഹൃദം (ക്രി. വി.) = വളരെ സ്നേഹത്തോടുകൂടി. ശങ്കാലവം = സംശയലേശം. ഈ ബാഹുകനുമായി പരിചയപ്പെട്ടു പാർത്തിട്ടും, ഇവന്റെ സാമർത്ഥ്യം കണ്ടു രസിച്ചിട്ടും, സ്നേഹത്തോടുകൂടി ക്രീഡിച്ചിട്ടും എനിക്കൊട്ടും ശങ്കയുണ്ടായില്ലല്ലോ, അതിനാൽ ഞാൻതന്നെയാണു് മൂഢൻ. ഇദ്ദേഹം നളനാണെന്നു് ഇപ്പോളെനിക്കു സംശയമുണ്ടു്.

ശ്ലോകം ൧൬. വേകട—അടന്ത.

"കണ്ടീലേ രഥവേഗമേവമിവനിക്കൗശല്യമോർത്തീ-
(ല ഞാൻ
മിണ്ടീലെന്നൊടു ജീവലൻ മികവെഴും വാർഷ്ണേയ-
(നും ചൊററുതേ;
വേണ്ടീലെന്നുവരും നമുക്കവരതോർത്തില്ലീ തദേ-ത്യാ
(ദിയോ-
ർത്തുണ്ടായുത്തരവസ്ത്രപാതമൃതുപർണ്ണോ ബോധയൽ-
(ബാഹുകം.

പദം ൨൩. പല്ലവി.

മന്ദം മന്ദമാക്ക ബാഹുക! രഥഹയവേഗം
മന്ദം മന്ദമാക്ക.

---

ശ്ലോകം 16. കൌശലം=സാമർത്ഥ്യം. വേണ്ടീലെന്നുവരും=ആവശ്യമില്ലെന്നു വരും. അതോർത്തില്ലീ=അതു വിചാരിച്ചിട്ടല്ലേ. പൂർവ്വാർദ്ധവും ഉത്തരാർദ്ധത്തിൽ "അതോർത്തില്ലീ" എന്നതുവരേയും രഥവേഗം കണ്ടു് അത്ഭുതപ്പെട്ട ഋതുപർണ്ണന്റെ വിചാരം. ഇത്യാദിയോർത്തു്=ഇങ്ങനെയെല്ലാം വിചാരിച്ചു്. ഉണ്ടായുത്തരവസ്ത്രപാതം=ഉണ്ടായ ഉത്തരവസ്ത്രത്തിന്റെ (മേൽ മുണ്ടിന്റെ) പതനം. ഋതുപർണ്ണഃ ബാഹുകം അബോധയൽ = ഋതുപർണ്ണൻ ബാഹുകനെ ധരിപ്പിച്ചു [വൃത്തം ശാർദ്ദൂലവിക്രീഡിതം "പന്ത്രണ്ടാൽമസജംസതം തഗുരുവും ശാർദ്ദൂലവിക്രീഡിതം" എന്നു ലക്ഷണം.]

പദം 23. പല്ലവി. മന്ദംമന്ദമാക്ക=പതുക്കെപ്പതുക്കെയാക്കുക. രഥഹയവേഗം=തേർക്കുതിരകളുടെ വേഗം.

അനുപല്ലവി.

നിന്നു ചൊല്ലേണ്ടതുണ്ടൊരു വാക്കെനി-
ക്കിന്നുമെല്ലെയുത്തരീയം വീണു .... .... മന്ദം

ചരണം ൧.

ഒത്തിട്ടുണ്ടൊന്നു ചൊല്ലുവാനുള്ളിൽ ചൊല്ലുവെൻ
അല്ലുമൊരോരൂഴം കൊടുക്ക ഹയങ്ങൾക്കു പല്ലവാൻ
തേർത്തട്ടിമേൽ നാം നിൽക്കവേ വാർഷ്ണേയൻ മെല്ലവേ
പിന്നിൽതിരിഞ്ഞിറങ്ങി എടുക്കണമെൻപടതല്ലജം-
(അനന്തരം
ഈവിധവേഗമൊടിത്തേരോടിക്ക യെന്നതുകൊണ്ടെ-
(നിക്കില്ലതി വൈകുവാൻ,
ഏവമാകേണം ബാഹുക കേൾക്ക നീ ഭാവമെന്തിതി-
(ന്നേതും തരാഞ്ഞു നീ .... മന്ദം

---

അനുപല്ലവി. നിന്നുചൊല്ലേ...................ക്കെനിക്ക്=നിന്നിട്ട് എനിക്ക് ഒരു വാക്ക പറയേണ്ടതുണ്ട്. ഉത്തരീയം=മേൽമുണ്ട്.

ചരണം 1. ഒത്തിട്ടുണ്ടൊന്നു.....................നുള്ളിൽ= ഒരു കാര്യം പറയുവാൻ ഞാൻ ഉള്ളിൽ വിചാരിച്ചിട്ടുണ്ട്. ഒരോരൂഴം=ഓരോതവണ. പല്ലവാൻ=തളിരുകളെ. പടതല്ലജം=ശ്രേഷ്ഠമായ വസ്ത്രം. എനിക്കു പറവാനുള്ളതു പറയുകയും കുതിരകൾക്കു തളിരുകൊടുക്കുകയും ചെയ്യാം, അതിന്നിടയിൽ വാർഷ്ണേയൻ പോയി ഉത്തരീയം എടുത്തുകൊണ്ടുവരണം. ഈവിധവേഗമൊട്=ഇപ്രകാരമുള്ള വേഗത്തോടുകൂടി. എനിക്കില്ലതിവൈകുവാൻ=എനിക്ക് അധികം വൈകുവാനില്ല. ഏവം=ഇപ്രകാരം. ഭാവം=സമ്മതം.

പദം ൨൪. ചരണം ൧—ബാഹുകൻ.

അന്തിയാം മുമ്പേ കുണ്ഡിനം തന്നിൽ ചേരേണമെങ്കി-
ലെന്തിനുണ്ടാകുന്നു കാലവിളംബനകാരണം?
അന്തികത്തിങ്കലല്ല പടം, ബാഹുകയോജനവഴി ചെ-
(ന്നേ ലഭിപ്പൂ അതു നല്ല
ചിന്തിതനാശനം; അതെന്നിയേ പാർത്തുപോകിലോ
രാത്രിയായിപ്പോകുമേ, പാഴിലാമിപ്രയാസമിതൊ-
(ക്കെയും
ഓർത്തുപോന്നതീ നേർത്ത വസനമോ
താർത്തേൻവാണിതൻ പാണിഗ്രഹണമോ .... മന്ദം

പല്ലവി - ബാഹുകൻ.

എന്തു ചിന്ത ഹന്ത ഭൂപതേ! ഹൃദയേ നിനക്കു്
എന്തു ചിന്ത ഹന്ത ഭൂപതേ!

---

പദം. 24. ചരണം 1. ബാഹുകൻ പറയുന്നു:—കുണ്ഡിനം തന്നിൽ=കുണ്ഡിനപുരിയിൽ. ചേരേണമെങ്കിൽ=എത്തണമെങ്കിൽ. കാലവിളംബനകാരണം=കാലതാമസത്തിനുള്ള കാരണം. അന്തികത്തിങ്കൽ=സമീപത്തിൽ. പടം=വസ്ത്രം. ചിന്തിതനാശനം=വിചാരിച്ച കാര്യത്തെ നശിപ്പിക്കുന്നതു്. പാർത്തുപോകിലോ=താമസിച്ചുപോയാൽ. പാഴിലാം=വെറുതെയാകും. ഓർത്തുപോന്നതു്=വിചാരിച്ചുപോന്നതു്. ഈ നേർത്ത വസനമോ= ഈ നേരിയ മുണ്ടോ. താർത്തേൻവാണി .................. പാണിഗ്രഹണമോ=സുന്ദരിയായ ദമയന്തിയുടെ വിവാഹമോ.

പല്ലവി—ബാഹുകൻ പറയുന്നു:— എന്തു ചിന്ത........ ..........ഹൃദയേ നിനക്കു്=അല്ലയോ രാജാവേ അങ്ങയുടെ മനസ്സിൽ എന്താണു് വിചാരം.

പദം ൨൩. ചരണം ൨—ഋതുപൎണ്ണൻ.

**പാൎത്തുകണ്ടു ഞാൻ നിന്നുടെ വിദ്യാവൈഭവം അസ്തു**
**തോൎത്തുന്നവസ്ത്രമിപ്പ്രായതിനാലെന്തു ലാഘവം?**
**ധൂൎത്തന്നു തോന്നേണ്ടാ, ചൊല്ലുമാറില്ല ഞാൻ കൈ-**
**തവം പര-**
**മാൎത്ഥം നിനക്കറിവാനുള്ള വിദ്യയും ചൊല്ലുവൻ**
**വിദൂരത്തിൽ താന്നിയെന്നമരത്തിൽ ദലഫലം ഞാൻ-**
**നിനച്ചപ്പോൾ**
**തോന്നിയതിനെണ്ണം മൂന്നുലക്ഷവും മുപ്പതിനായിരം;**
**ചേൎന്നതില്ലെങ്കിൽ ചെന്നതങ്ങെണ്ണുക. .... കദം**

---

പദം 23. — ചരണം 2. ഋതുപൎണ്ണൻ പറയുന്നു:—പാൎത്തുകണ്ടു...............വിദ്യാവൈഭവം=നിന്റെ വിദ്യാസാമൎത്ഥ്യം ഞാൻ കണ്ടറിഞ്ഞു. അസ്തു=ഇരിക്കട്ടെ. തോൎത്തുന്ന വസ്ത്രം=തോൎത്തുമുണ്ടു്. ലാഘവം=കുറവു്. ധൂൎത്തു്=അധികപ്രസംഗം. കൈതവം=കപടം. പരമാൎത്ഥം=വാസ്തവം. നിനക്കറിയുവാനുള്ള വിദ്യ = അക്ഷഹൃദയവിദ്യ എന്നു സാരം. നിനക്കറിയേണ്ടതായ ഒരു വിദ്യ എനിക്കു വശമുണ്ടു്. അതു ഞാൻ പറഞ്ഞുതരാം. ആ വിദ്യ എന്തെന്നു പറയുന്നു—വിദൂരത്തിൽ...............മുപ്പതിനായിരം=അകലത്തു കാണുന്ന ആ താന്നിമരത്തിൽ ഉള്ള ഇലകളുടേയും ഫലങ്ങളുടേയും എണ്ണം വിചാരിച്ചപ്പോൾ എനിക്കു മനസ്സിലായി; മൂന്നു ലക്ഷത്തി മുപ്പതിനായിരമാണു്. ചേൎന്നതില്ലെങ്കിൽ=യോജിച്ചില്ലെങ്കിൽ. ചെന്നതങ്ങെണ്ണുക=അതു ചെന്നു് എണ്ണി നോക്കുക.

പദം ൨൪. ചരണം ൨.—ബാഹുകൻ.

ഓൎത്തു നീ ചൊന്നതെത്രയുമതിവിസ്മയം നന്നി-
തോൎക്കിലെനിക്കു പഠിക്കേണമിന്നീവിദ്യയും;
പാത്രമതിന്നു ഞാനോൎത്താലും നമ്മിലെ വേഴ്ചയും;
(ചെററു
പാൎത്താലതുകൊണ്ടുവന്നീടുകയില്ലവീഴ്ചയും; ഋതുപൎണ്ണ!
നന്നു, വന്നിതു നല്ലൊരു സംഗതി, ഇന്നുതന്നെയെ-
(നിക്കു പഠിക്കേണം.
തന്നുടെവിദ്യയന്യനു വേണ്ടുകിൽ നന്നുനൽകിലെ-
(ന്നല്ലോ കേൾപ്പതു് .... എന്നുചിന്ത

ചൂൎണ്ണിക.

ഇത്യേവമൈകമത്യാപഹൃതനിത്യപരീവാരഹൃദ്യപ-
(രിച്ഛദാദിരാജചിഹ്നോ
സ്സാദര ഭൂദേവപ്രഗല്ഭതോകല്പിത വിമൎദ്ദജാലാം-
(ഹോപായോം പദാസുധാ

---

പദം. 24. ചരണം 2. ബാഹുകൻ പറയുന്നു:—അതിവിസ്മയം=അത്യാശ്ചൎയ്യം. നന്നിതോൎക്കിൽ=ഇതു വിചാരിച്ചാൽ നല്ലതാണു്. പാത്രമതിന്നുഞാൻ=അതിന്നു ഞാൻ അൎഹനാണു്. നാം തമ്മിലെ വേഴ്ച=നമ്മൾ തമ്മിലുള്ള ബന്ധുത്വം. ചെററുപാൎത്താൽ=കുറച്ചു വിചാരിച്ചാൽ. വീഴ്ച=ന്യൂനത. അല്ലയോ ഋതുപൎണ്ണ, അങ്ങയുടെ ഈ വിദ്യ എനിക്കു പഠിക്കണം. അതിന്നു ഞാൻ പാത്രമാണു്. തന്നുടെ വിദ്യ......................കേൾപ്പതു=തന്റെ വിദ്യ മറെറാരുവന്നു വേണമെങ്കിൽ അതുപദേശിക്കുന്നതു നല്ലതാണെന്നു കേൾക്കുന്നുണ്ടു്.

ചൂൎണ്ണിക.—ഇതി ഏവം=എന്നിപ്രകാരം. ഐകമത്യാ......................ചിഹ്നേന=ഐകമത്യത്താൽ അപഹൃതങ്ങളാ

പാനലാഭലോഭലുപ്ത ധൈൎയ്യസുവൎണ്ണേന ഋതുപൎണ്ണേ-
(ന മദ്ധ്യമാൎഗ്ഗം
വിദ്യാഗ്രഹണാഭിലാഷുകബാഹുകനിൎബ്ബന്ധസുപ്ര-
(സന്നേന വിതീൎണ്ണായാം
വിക്ഷപിതകലിമലായാമതിഹൃദ്യായാമക്ഷഹൃദയ-
(വിദ്യായാം

---

യ (പരിഹരിക്കപ്പെട്ട) നിത്യപരിവാരങ്ങൾ, ഹൃദ്യപരിച്ഛദങ്ങൾ (ഹൃദ്യങ്ങളായ കുട മുതലായവ) തുടങ്ങിയ രാജചിഹ്നങ്ങളോടുകൂടിയവനായി. സുദേവ..................സുവൎണ്ണേന=സുദേവഭൂദേവന്റെ പ്രഗല്ഭത (സാമൎത്ഥ്യം)കൊണ്ടു കല്പിതയായ വിദൎഭോദ്വാഹോപായോപദ (ദമയന്തീസ്വയംവരത്തിന്നുള്ള ഉപായമാകുന്ന തിരുമുൽക്കാഴ്ച)യാകുന്ന സുധയുടെ പാനലാഭലോഭംകൊണ്ടു (പാനംചെയ്വാൻ സാധിച്ചതിനാലുള്ള സന്തോഷംകൊണ്ടു്) ലുപ്തമായ ധൈൎയ്യമാകുന്ന സുവൎണ്ണത്തോടുകൂടിയവനായി. വിദ്യാഗ്രഹണ.........പ്രസന്നേന=വിദ്യാഗ്രഹണത്തിൽ അഭിലാഷത്തോടുകൂടിയ ബാഹുകന്റെ നിൎബ്ബന്ധംകൊണ്ടു ഏററവും പ്രസന്നനായിരിക്കുന്ന. ഋതുപൎണ്ണേന=ഋതുപൎണ്ണനാൽ. മദ്ധ്യമാൎഗ്ഗം=മാൎഗ്ഗത്തിന്റെ മദ്ധ്യത്തിൽ. വിക്ഷപിതകലിമലായാം=കലിയുഗത്തിന്റെ മലത്തെ നശിപ്പിക്കുന്നതും, അതിഹൃദ്യായാം=അതിമനോഹരവുമായിരിക്കുന്ന, അക്ഷഹൃദയവിദ്യായാം=അക്ഷഹൃദയമന്ത്രം. വിതീൎണ്ണായാം=കൊടുക്കപ്പെട്ടപ്പോൾ [ഈ ചൂൎണ്ണിക അടുത്ത ശ്ലോകത്തോടുചേൎത്തു് അന്വയിച്ചു വാക്യം പൂരിപ്പിക്കേണ്ടതാകുന്നു.]

ശ്ലോകം ൧൭. കല്യാണി - ചെമ്പട.

**വൈദർഭീശാപരൂപോദ്ധതദഹനശിഖാ-**
**ദഗ്ദ്ധശേഷം സശോഷം**
**ബിഭ്രൽ കാർക്കോടകാഖ്യോരഗവിഷതടിനീ-**
**ഗാഢമംഗം വിമൂഢഃ**
**ലബ്ധപ്രാരബ്ധസിദ്ധിർന്നളമനലധിയാം**
**ത്യക്തവാൻസിദ്ധവിദ്യാ-**
**സുപ്രാകാശ്യാസഹിഷ്ണുഃ കലിരഥ ജഗൃഹേ**
**സാസിനാ നൈഷധേന!**

---

ശ്ലോകം 17—വൈദർഭീ.......ദഗ്ദ്ധശേഷം = വൈദർഭിയുടെ ശാപമാകുന്ന ഉദ്ധതദഹനന്റെ (കഠോരാഗ്നിയുടെ) ശിഖയാൽ ദഹിപ്പിക്കപ്പെട്ടു ശേഷിച്ചിട്ടുള്ളതും, സശോഷം = ശോഷത്തോടുകൂടിയതും, കാർക്കോടകാ.......ഗാഢം = കാർക്കോടകനെന്നു പേരുള്ള സർപ്പത്തിന്റെ വിഷമാകുന്ന തടിനിയിൽ (നദിയിൽ) മുങ്ങിയതുമായിരിക്കുന്ന. അംഗം = ശരീരത്തെ. ബിഭ്രത് = ഭരിച്ചുംകൊണ്ടിരിക്കുന്നവനും. വിമൂഢഃ = മോഹത്തെ (ആലസ്യത്തെ) പ്രാപിച്ചവനും. ലബ്ധപ്രാരബ്ധസിദ്ധിഃ = ലബ്ധമായ (തട്ടക്കപ്പെട്ട) പ്രാരബ്ധത്തിന്റെ (ആരംഭിച്ച കാര്യത്തിന്റെ) സിദ്ധിയോടുകൂടിയവനും. സിദ്ധവിദ്യാ.......സഹിഷ്ണുഃ = സിദ്ധയായ വിദ്യയുടെ സുപ്രാകാശ്യത്തെ (അതിപ്രകാശത്തെ) സഹിപ്പാൻ വയ്യാത്തവനുമായിരിക്കുന്ന. കലിഃ = കലി. നളം = നളനെ. അനലധിയാ = അനലൻ (അഗ്നിയെന്നും, നളനല്ലാത്തവനെന്നും) എന്ന വിചാരത്താൽ. ത്യക്തവാൻ = ത്യജിച്ചു. അഥ = അതിന്നു ശേഷം. സാസിനാ = വാളോടുകൂടിയവനായ. നൈഷധേന = നളനാൽ. ജഗൃഹേ (ച) = പിടിക്കപ്പെടുകയും ചെയ്തു. കലി നളനെ വിട്ടുകളകയും, അതോടുകൂടി നളനാൽ പിടി

പദം ൨൫—പല്ലവി.

**എന്നെച്ചതിച്ച നീ എവിടേക്കു പോയിടുന്നു?**
**എനിക്കുള്ളു കേൾക്കയിൽ മോഹം.**

അനുപല്ലവി.

**സന്നച്ഛവിവദനം ഭിന്നസ്ഥിതിചരിത!**
**ഇന്നു മന്ദ! മമ നിന്നെക്കണ്ടുകിട്ടി. .... എന്നെ**

ചരണം ൧.

**കുത്സിതരൂപമാപാദചൂഡം, സജ്ജനങ്ങളിൽ**
**മത്സരിഭാവം ബിഭ്രാണം, മൂഢം,**
**(ഭത്സനമല്ലിതു) മന്യേ ത്വാം കിം; സകലജനാനാ-**
**മുത്സവകാരണം ത്വന്നിധനം. രൂഢം, നന്നേ നിന്റെ-**
**(ഭാഗ്യം**

---

ക്കപ്പെടുകയും ചെയ്തു. "നളമനലധിയാ" എന്ന സ്ഥലത്തു് വിരോധാഭാസാലങ്കാരം വ്യഞ്ജിക്കുന്നു (വൃത്തം സ്രഗ്ദ്ധര.)

പദം 25. പല്ലവി—നളൻ കലിയോടു പറയുന്നു:—അതു കേൾക്കയിൽ = അതു കേൾക്കുന്നതിൽ. മോഹം = ആഗ്രഹം.

അനുപല്ലവി—സന്നച്ഛവി........കണ്ടുകിട്ടി = (ഹേ ഭിന്നസ്ഥിതിചരിത മന്ദ സന്നച്ഛ വിവദന നിന്നെ ഇന്നു മമ കണ്ടുകിട്ടി എന്നു പദയോജന) = അല്ലയോ സ്ഥിതിയേയും (മര്യാദയേയും) ചരിത്രത്തേയും ഭേദിച്ചവനും മന്ദനുമായവനേ! സന്നച്ഛവിയായ (നശിച്ച ശോഭയോടുകൂടിയ) മുഖത്തോടുകൂടിയവനായ നിന്നെ ഇന്നെനിക്കു കണ്ടുകിട്ടി.

ചരണം 1—ആപാദചൂഡം കുത്സിതരൂപം = അടി മുതൽ മുടിവരെ കുത്സിതമായ (ബീഭത്സമായ) രൂപത്തോടുകൂടിയവനും. സജ്ജനങ്ങളിൽ മത്സരിഭാവം ബിഭ്രാണം = സജ്ജനങ്ങളിൽ മാത്സര്യത്തെ വഹിക്കുന്നവനും, മൂഢം ത്വാം = മൂഢ

**ദണ്ഡനീയതര മന്നിൽ നീ സപദി ഖണ്ഡനീയഗള...**
**(നിന്നു നീ ചപല**
**ഷണ്ഡ നീച ഖല മന്ദ! നീയുഴറി മണ്ടുവാൻ കൊ**
**തിച്ചതെങ്ങു നീ**
**അന്ധനായ് പുറപ്പെട്ടോരു നിന്നെയുമന്തകൻ വി-**
**(ളിക്കുന്നു വിരുന്നിനു്;**
**വെന്തുനീറിയെഴുമന്തരംഗമതിൽ ചിന്തയെന്തിനി-**
**(യൊഴിഞ്ഞു പോവതിനു്?....എന്നു**

പദം ൨൬. പല്ലവി—കലി.

**നിന്നെച്ചതിച്ചതും നിയതം ഞാനെങ്കിലും**
**നിന്ദിച്ചീടൊല്ലാ നീയെന്നെ.**

---

നമായ നിന്നെ. കീടംമന്യേ = ഒരു പുഴുവെന്നു ഞാൻ വിചാരിക്കുന്നു. ഭത്സനമല്ലിതു = ഇതു നിന്ദാവാക്യമല്ല. താന്നിധനം = നിന്നെക്കൊല്ലൽ. സകലജനാനാം ഉത്സവകാരണം = എല്ലാ ജനങ്ങൾക്കും ഉത്സവത്തിന്നു (അത്യന്ത സന്തോഷത്തിന്നു്) കാരണമാകുന്നു. നന്നു്, എന്റെ ഭാഗ്യം രൂഢം = നല്ലതുതന്നെ, എന്റെ ഭാഗ്യം രൂഢമായി (വേരുറച്ചതായി). ദണ്ഡനീയതര = ഏററവും ദണ്ഡിക്കപ്പെടേണ്ടവനേ! മന്നിൽ = ഭൂമിയിൽ. ഖണ്ഡനീയഗളൻ = കഴുത്തറുക്കപ്പെടേണ്ടവൻ. ചപല—ഷണ്ഡ—നീച—ഖല—മന്ദ (എല്ലാം സംബോധന). അന്ധനായ് = കണ്ണു കാണാത്തവനായ്. അന്തകൻ = കാലൻ. അന്തരംഗമതിൽ = മനസ്സിൽ. ചിന്ത = വിചാരം. നിനക്കു മരണമടുത്തു; ഇനി ഒഴിഞ്ഞുമാറുവാൻ വിചാരിക്കേണ്ട.

പദം 26. പല്ലവി—കലി ബാഹുകനോടു പറയുന്നതു്:— നിയതം = നിശ്ചയം. നിന്ദിച്ചീടൊല്ലാ = നിന്ദിക്കരുതു്. നിന്നെ ചതിച്ചതു ഞാനാണെങ്കിലും എന്നെ നീ നിന്ദിക്കരു

ചരണം ൧.

ഇന്ദ്രമുഖാമരനിന്ദനമാചരിതം നിന്നാൽ ത്രൈ-
സുന്ദരീം ഭൈമീം പരിണയതാ നിയതം. (ലോക്യ-
എന്നതു സഹിയാഞ്ഞെന്നാലാചരിതം നിന്നോടി-
(വണ്ണം
ഉന്നതദുർന്നയസന്മഹിമാ ഫലിതം ചൂതിൽ തോ-
(ററതും,
കാനനങ്ങളിലുഴന്നതും, മനസി കാമിനീമപി മറ-
(ന്നതും,
കായവൈകൃതമിയന്നതും, കിമപി കാളിമാ യശ-
(സി വന്നതും,
അന്യസേവനകർമ്മം തുടർന്നതും, മന്യസേ മമ വഞ്ച-
(നമെന്നതും
നിഹ്നുതാത്മകൃതദോഷ നരാധിപ!
നിന്നോടെന്തു ബത ഞാൻ പറയേണ്ടതു്? ....നിന്നെ

---

തു്. നിന്ദിക്കാതിരിപ്പാൻ കാരണമെന്തെന്നു് താഴെ പറയുന്നു.

ചരണം 1—ഇന്ദ്രമുഖാ..........നിയതം = ത്രൈലോക്യസുന്ദരിയായ ഭൈമിയെ വിവാഹം ചെയ്ത നിന്നാൽ ഇന്ദ്രൻ മുതലായ ദേവന്മാരുടെ നിന്ദനം ചെയ്യപ്പെട്ടു നിശ്ചയം. എന്നതു സഹിയാഞ്ഞു് = അതിനെ സഹിക്കാതെ. എന്നാൽ നിന്നോടു് ഇവണ്ണം ആചരിതം = എന്നാൽ ഇപ്രകാരം ചെയ്യപ്പെട്ടു. ഉന്നതദുർന്നയസന്മഹിമാ = ഉന്നതമായ ദുർന്നയത്തിന്റെ (അവിനയത്തിന്റെ) മഹിമ. ഫലിതം = ഫലിച്ചു. ചൂതിൽ തോററതും.......തുടർന്നതും = ചൂതിൽ തോററതും കാട്ടുകളിൽ ഉഴന്നതും ഭാര്യയെക്കൂടി മനസ്സിൽ മറന്നതും

പദം ൨൭. മദ്ധ്യമാവതി—മുറിയടന്ത—ബാഹുകൻ.

**വഞ്ചക നീ വരിക നേരെ വാഞ്ഛയെന്തിപ്പോൾ?**

അനുപല്ലവി.

**ലുഞ്ചനംചെയ്യുന്നസിനാ നൂനം ഗളനാളം .... വഞ്ച**

ചരണം ൧.

**കനക്കെക്കോതി നിനക്കെന്തു ചൊല്ലു; മറുത്തതാ-**
**(രോടും? മറന്നിതോ ഇപ്പോൾ**
**മനസ്സുമറഞ്ഞെങ്ങുതിരിച്ചു നീ? അപമാർഗ്ഗമതിലേ-**
**(സഞ്ചരിച്ചു നീ**
**വിധിച്ചവിധിയും വീഴ്ചവരുമോ? വിശേഷിച്ചുമിതു-**
**(കേൾക്കുകലേ!**
**വിലംഘനങ്ങളുമാം നിനക്കെങ്കിൽ യുദ്ധകേളി-**
**(ക്കുവരികകേട്ടോ......വഞ്ചക**

---

ശരീരത്തിന്നു വൈരൂപ്യം വന്നതും യശസ്സിൽ കറുപ്പൊരു കാളിമാവ് (കളങ്കം) വന്നതും അന്യസേവനകർമ്മം ചെയ്തതും. മന്യസേ........മെന്നാളും = എൻെറ വഞ്ചനമാണെന്നു നീ വിചാരിക്കുന്നു. നിഹ്നുതാത്മകൃതദോഷ = താൻ ചെയ്ത ദോഷത്തെ മൂടിവെച്ചവനേ!. നരാധിപ = രാജാവേ!.

പദം 27. പല്ലവി—ബാഹുകൻ കലിയോടു പറയുന്നു:— വഞ്ചക = ചതിയ. വാഞ്ഛ = ആഗ്രഹം.

ലുഞ്ചനം...............ഗളനാളം = (അസിനാ ഗളനാളം ലുഞ്ചനം ചെയ്യുൻ നൂനം) = വാൾകൊണ്ടു നിൻെറ കഴുത്തു് തീർച്ചയായും ഞാൻ ഛേദിക്കും.

ചരണം 1— കനക്കെ = വളരെ. കൊതി = ആഗ്രഹം. മറുത്തു് = വിരോധം ചെയ്തതു്. മറന്നിതോ=മറന്നുവോ? നീ ആരോടാണ് വിരോധം പ്രവർത്തിച്ചതെന്നു മറന്നുപോയോ?. മനസ്സുമറഞ്ഞ് = മനസ്സുമാറീട്ടു്, എങ്ങുതിരിച്ചു നീ=

പദം ൨൮. പുന്നാഗവരാളി—ചെമ്പട. പല്ലവി—കലി.

ക്ഷമിക്കവേണമേ അപരാധം, ശക്തിക്ഷയവാനോ-
(ടോ വേണ്ടു വിരോധം?

അനുപല്ലവി.

ശമിക്ക നിൻ കോപം ഭൂപ! കലി ഞാൻ മലിനൻ,
ബലക്ഷയവാനെങ്കിലും ബലി ഞാൻ .... ക്ഷമിക്ക

ചരണം ൧.

ബലമെന്തു് മറെറാന്നല്ലേ ബത മേയുലകിൽ
നളിനാസനലിപിയുടെ വൈകൃതമേ;

---

എങ്ങോട്ടാണ് നീ തിരിച്ചതു്. അപമാർഗ്ഗം = ദുർമ്മാർഗ്ഗം. വിധിച്ച വിധി = വിധിച്ച കല്പന. വിദഗ്ദ്ധൻ = നിപുണൻ. യുദ്ധകേളിക്ക് = യുദ്ധക്രീഡക്ക്. നിനക്കു നിപുണനെന്നു ഭാവമുണ്ടെങ്കിൽ യുദ്ധത്തിന്നു വരിക.

പദം 28. പല്ലവി—കലി മറുപടി പറയുന്നു:— ക്ഷമിക്ക.......അപരാധം = എന്റെ അപരാധം പൊറുക്കണമേ. ശക്തിക്ഷയവാനോടോ = ശക്തിയില്ലാത്തവനോടോ. വേണ്ടു വിരോധം = വിരോധം വേണ്ടതു്.

അനുപല്ലവി—ശമിക്ക.......ഭൂപ = അല്ലയോ രാജാവേ നിന്റെ കോപം ശമിക്കട്ടെ. കലി ഞാൻ മലിനൻ = കലിയായ ഞാൻ മാലിന്യമുള്ളവനാകുന്നു. ബലക്ഷയവാനെങ്കിലും = ശരീരബലം കുറഞ്ഞവനെങ്കിലും. ബലി ഞാൻ = ഞാൻ ബലമുള്ളവനാണ്.

ചരണം 1—ബലമെന്ത് = എനിക്കുള്ള ബലം എന്താകുന്നു?. മറെറാന്നല്ലേ = അതു വേറെ ഒന്നല്ല. നളിനാ........കൃതമേ = ബ്രഹ്മാവ് എഴുതിയ വരയുടെ വികൃതത്വം തന്നെ. നിനക്കു ബുദ്ധിമുട്ടുവാൻ ബ്രഹ്മവിധിയുള്ളതുകൊണ്ടാണ്

ഫലമേതു, ദുശ്ശീലതമേ ലോകേ
ഭവദശക്യനിധനന്മാർ കതമേ? ...... .... ക്ഷമിക്ക

പദം ൨൭. ചരണം ൨—ബാഹുകൻ.

വധിച്ചുകളവാനൊഴിച്ചുതോന്നാ, പിണച്ചു ചതി-
(യെല്ലാം
നിനച്ചോളം; അസൽകരിച്ചു ചതിച്ചുടൻ ചിരിച്ചു-
നീ, നമസ്കരിച്ചു പിന്നെ എന്നെ
സ്തുതിച്ചു; നീ പഠിച്ചതെവിടെ, പാപ! കപടമനൌച-
(ചിത്യഫലമകാരണം
അനർത്ഥമൊരൊന്നേ വരുത്തിനാനതു പൊറുത്തു-
(നിന്നെയങ്ങയയ്ക്കുമോ....വഞ്ച

---

എനിക്കുള്ള ബലം. ഫലമേതു = അതുകൊണ്ടെന്തുഫലം. ദുശ്ശീലതമേ ലോകേ = ഏററവും ദുശ്ശീലമുള്ളതായ ലോകത്തിൽ. ഭവദശക്യനിധനന്മാർ = അങ്ങയെക്കൊണ്ടു കൊല്ലുവാൻ കഴിയാത്തവർ. കതമേ = ആരാകുന്നു?

പദം 27. ചരണം 2—ബാഹുകൻ പറയുന്നു:— വധിച്ചുകള............തോന്നാ = കൊല്ലുവാനല്ലാതെ തോന്നുകയില്ല. പിണച്ചു = പററിച്ചു. നിനച്ചോളം = വിചാരിക്കുംതോറും. അസല്കരിച്ചു............ചിരിച്ചു നീ = നീ എന്നെ നിന്ദിച്ചിട്ടു ചിരിച്ചു. നമസ്കരിച്ചു........സ്തുതിച്ചു = പിന്നെ വണങ്ങി സ്തുതിച്ചു. കപട........മകാരണം = അനൌചിത്യത്തിന്റെ ഫലമായ നിന്റെ കപടം കാരണംകൂടാത്തതാകുന്നു. അനർത്ഥം = ആപത്തു്. നീ വളരെ അനർത്ഥങ്ങൾ വരുത്തിയതു പൊറുത്തു നിന്നെ ഞാൻ വിട്ടയക്കുമോ?

പദം ൨൮. ചരണം ൨—കലി.

പരപീഡനമെന്നിക്കു വ്രതമെന്നറിക,
പരിചെഴുമധൎമ്മമെന്മതമേ,
പരമിപ്പോൾ ദുശ്ശീലമെല്ലാം ഗതമേ; ഇനിമേൽ
ഭവദാജ്ഞ കേട്ടിരിക്ക നിശ്ചിതമേ .... ക്ഷമിക്ക

പദം ൨൭. ചരണം ൩—ബാഹുകൻ.

കണക്കിൽ ചതിച്ചതു നിനക്കിലെന്നുടെ മനസ്സിൽ- (വരും കോപം
തണുക്കുമോ; ഇപ്പോൾ വണക്കം കണ്ടിട്ടൊന്നുറച്ചു- (ഞാൻ ഒരു
വാക്കു കേൾക്ക, വൈരം കുറച്ചു ഞാൻ, ജനത്തി- (നിന്നിനിൻ-
ബാധയരുതേ, യഥാകാലമഥവാ യഥാരുചി നിവൃ- (ത്തനാകിലും
സുവൃത്തകാരികളൊരുത്തരെയുമുപദ്രവിക്കൊലാ,.. വ

---

പദം 28. ചരണം 2 — കലി പറയുന്നു:— പരപീഡനം = പരദ്രോഹം. വ്രതം = ധൎമ്മം. അധൎമ്മമെൻ മതമേ = അധൎമ്മമാണ് എന്റെ മതം. പരമിപ്പോൾ ..........മെല്ലാം ഗതമേ = എന്നാലിപ്പോൾ എന്റെ ദുസ്സ്വഭാവമെല്ലാം പോയ്ക്കഴിഞ്ഞു. ഭവദാജ്ഞ = ഭവാന്റെ കല്പന. നിശ്ചിതമേ = ഉറച്ചതുതന്നെയാണ്.

പദം 27. ചരണം 3 — ബാഹുകൻ പറയുന്നു:— കോപം തണുക്കുമോ = കോപം ശമിക്കുമോ?. വണക്കം = വിനയം. വൈരം = വിരോധം. ജനത്തിനു = ആളുകൾക്ക്. നിൻബാധയരുതേ = നിന്റെ ബാധ ഉണ്ടാകരുതു്. യഥാകാലം = കാലംപോലെ. യഥാരുചി = ഇഷ്ടംപോലെ. നിവൃത്തനാകിലും = മടങ്ങിപ്പോയാലും. സുവൃത്ത..........മുപദ്രവിക്കൊലാ = സദ്വൃത്തന്മാരായ ആരേയും ഉപദ്രവിക്കരുതു്.

പദം ൨൮. ചരണം ൩—കലി.

ബഹുമാനിയാ ഞാനാരെയും തൃണവൽ; തദപി
ബഹുമതം തവ ചരിതം ഗുണവൽ;
ഭവദാദേശമെനിക്കൊരു സൃണിവൽ; ഇന്നിമേൽ
തവ കീൎത്തി തെളിഞ്ഞിരിക്കും മണിവൽ .... ക്ഷമി

ശ്ലോകം ൧൮.

കലിനളനെയും കൈവിട്ടേവം കഴല്കുവണങ്ങിനാൻ;
കലിയെ നളനും കൈവിട്ടാജ്ഞാവശീകൃതനാക്കിനാൻ
അവിദിതമിദം വാർഷ്ണേയോപേതനാമൃതുപൎണ്ണനാ-
ലവർ തെരുതെരെത്തേരോടിച്ചന്നണഞ്ഞിതു-
(കുണ്ഡിനം.

മൂന്നാം ദിവസത്തെ കഥ സമാപ്തം.

...ITORY T. O. C. D. No. ........ LIBRARY.

---

പദം 28. ചരണം 3. കലിപറയുന്നു:—ബഹുമാനിയാ=ബഹുമാനിക്കുകയില്ല. തൃണവൽ=പുല്ലുപോലെ. തദപി=എങ്കിലും. ബഹുമതം...............ഗുണവൽ=ഗുണവത്തായ നിന്റെ ചരിത്രം എനിക്കു ബഹുമതമാണ്. ഭവദാദേശം=അങ്ങയുടെ കല്പന. സൃണിവൽ=എനിക്കൊരു തോട്ടിപോലെയാണ്. തവകീൎത്തി...................മണിവൽ=നിന്റെ കീൎത്തി മണിപോലെ തെളിഞ്ഞിരിക്കും.

ശ്ലോകം 18. ആജ്ഞാവശീകൃതൻ=കല്പനപ്പടി നില്ക്കുന്നവൻ. അവിദിതമിദം...............ഋതുപൎണ്ണനാൽ=ഇതു് വാർഷ്ണേയനോടുകൂടിയ ഋതുപൎണ്ണനാൽ അറിയപ്പെട്ടില്ല. അവർ=വാർഷ്ണേയനും ഋതുപൎണ്ണനും നളനും. കലിയും നളനും തമ്മിലുണ്ടായ സംഭാഷണവും വേർപാടും ഋതുപൎണ്ണനും വാർഷ്ണേയനും അറിഞ്ഞില്ല. അവർ മൂവ്വരുംകൂടി കുണ്ഡിനപുരിയിൽ എത്തിച്ചേൎന്നു. [വൃത്തം ഹരിണി]

---

DC Library
*00004220*
T61 R14

# മഹാരാഷ്ട്ര

വിവൎത്തകൻ — ടി. എസ്സ്. ഭാസ്കർ.

"മഹാരാഷ്ട്രപ്രതാപം" എന്നു പേരായ പ്രസ്തുത പുസ്തകം മഹാരാഷ്ട്രസാൎവ്വഭൌമനായിരുന്ന ശിവജിമഹാരാജാവിന്റെ ചരിത്രത്തെ പ്രതിപാദിക്കുന്ന ഒരു ചരിത്രാഖ്യായികയാകുന്നു. ഈ പുസ്തകം ഏവരേയും അതിശയിപ്പിക്കത്തക്ക വിധം മികച്ച ഒരു സ്ഥാനത്തെ നിസ്സംശയം അൎഹിക്കുന്നുണ്ടു". ഇതു കേവലം ഒരു ചരിത്രമല്ല. ചരിത്രത്തിന്റെ ശുഷ്കാസ്ഥികളെ കല്പിതകഥാഭാഗംകൊണ്ടു ആവരണംചെയ്തു സരസവും മാംസളവുമാക്കി വായനക്കാരെ രസിപ്പിച്ചുംകൊണ്ടു ചരിത്രപുരുഷന്റെ അത്ഭുതപരാക്രമങ്ങളിൽ ഉന്മുഖരാക്കിത്തീൎക്കുന്നു. ഇതിലെ കഥാപാത്രങ്ങളിൽ ഓരോരുത്തരുടേയും സ്വഭാവം ഒരിക്കൽ വായിച്ചാൽ ഒരിക്കലും മനസ്സിൽനിന്നു മാഞ്ഞുപോകാത്തവിധം അത്ര ഉജ്ജ്വലമാകുന്നു. പുസ്തകത്തിലെ ഭാഷ ഏവൎക്കും സുഗമവും ഋജുഗതിയോടു കൂടിയതും ആണ്.

മേനികടലാസ്സിൽ 376 ഭാഗമുള്ള

ഈ പുസ്തകത്തിന്നു വില **3-0-0.**

വി. സുന്ദരയ്യർ & സൺസ്, തൃശ്ശിവപേരൂർ

വിശ്വനാഥ് പ്രസ്സ് & ബുക്കഡിപ്പൊ,

എറണാകുളം.

# ളചരിതം

മൂന്നാം ദിവസത്തെ കഥ

വ്യാഖ്യാതാവ്:

സുദേവൻ മൂസ്സതു

T61
R14

T61
R14